# മോശെയെക്കുറിച്ചുള്ള അദ്ധ്യാപനം

ശരിയാണ്. സഹോദരൻ നെവിൽ, ദൈവം താങ്കളെ അനുഗ്രഹിക്കട്ടെ. സുഹൃത്തുക്കളെ, സുപ്രഭാതം. ഇത് രാവിലെയോ അതോ വൈകുന്നേരമാണോ എന്നറിയാൻ എനിക്ക് ഇടയ്ക്കിടെ നോക്കണമായിരുന്നു. അതെ, ഇന്ന് രാവിലെ ഞാൻ ഇവിടെ ആയിരിക്കുന്നതിൽ സന്തോഷവാനാണ്. ഇത് ഊഷ്മളമാണ്, നിങ്ങൾക്കും തീർച്ചയായും ഊഷ്മളമായ സ്വീകരണം ലഭിച്ചിരിക്കും. നമുക്ക് ഇനിയും വസന്തകാലം ഇല്ല; നമുക്ക് ഇവിടെ വേനൽക്കാലവും ശൈത്യകാലവുമുണ്ട്, നമുക്കില്ലേ? എങ്ങനെയും, സകല വിധമായ ആഹാരവും തീർന്നില്ലെന്ന് തോന്നുന്നു.

2 അതെ, ഞാൻ—ഞാൻ വീട് വൃത്തിയാക്കുകയായിരുന്നു, അതാണ് എന്നെ വൈകിപ്പിച്ചത്. ഇന്ന് രാവിലെ എനിക്ക് ശരിക്ക് കുനിയാൻ കഴിയാതെ ഇരുന്നു. വളരെയേറെ സമയം ഉണ്ടായിരുന്നപ്പോൾ ഞാൻ എഴുന്നേറ്റിരുന്നു, പക്ഷേ ഒരു സ്ത്രീക്ക് ഇത്രയധികം ജോലിയുണ്ടെന്ന് ഞാൻ മനസ്സിലാക്കിയിരുന്നില്ല, സണ്ടേസ്കൂളിലേക്ക് പോകാനായി അവർക്ക് മൂന്ന് കുട്ടികളെ തയ്യാറാക്കാനുണ്ട്. ഓ, എന്റെ! വളരെയേറെ ചെയ്യാനുണ്ട്, ഞാൻ വിചാരിച്ചിരുന്നതിലും വളരെ കൂടുതൽ ചെയ്യാനുണ്ട്. ഞാൻ ചിന്തിച്ചു, "അതെ, ഇപ്പോൾ..." ഇന്നലെ വൈകുന്നേരം ജോലിയിൽ ആയിരുന്നിട്ട്, പിന്നെ—പിന്നെ ഞാൻ—ഞാൻ സുവിശേഷ വയലിൽ നിന്ന് അവധി എടുത്ത്...?...എന്റെ, കഠിനമായി പിടിച്ചു കൊണ്ടിരിക്കാൻ പ്രയാസമല്ലേ? ഹും! കുഞ്ഞിനെ നോക്കാനായി ആർക്കും ആഴ്ചയിൽ മുപ്പത്തി-അഞ്ച് ഡോളർ ഞാൻ വാഗ്ദാനം ചെയ്തിട്ടും, ആരും അത് ചെയ്തില്ല.

3 വളരെ നാളുകൾക്ക് മുമ്പല്ലാതെ ഇവിടെയുള്ള ഒരു വ്യക്തി പേപ്പറിന്റെ ഒരു ഭാഗത്തിൽ എഴുതിയിരുന്നു. മുന്നോട്ട് പോകുമ്പോൾ, ഇതിനു ഇതുമായി ബന്ധമില്ല. അവൻ ഇവിടെ മുകളിൽ, ഏതോ ഒരു രാഷ്ട്രീയക്കാരനുമായി കെന്റക്കിയിൽ ഉണ്ടായിരുന്നു, ഒരു വീര യോദ്ധാവായി, അവൻ രണ്ട് തവണ സൈന്യത്തിൽ ഉണ്ടായിരുന്നിട്ട്, മൂന്ന് തവണ മുറിവേറ്റിരുന്നു, അവൻ അയൽപക്കത്ത് ഒരു പൌരനായി ജീവിച്ച്, അവൻ അനേക കാര്യങ്ങൾ ചെയ്തിട്ട്, രണ്ട് കുട്ടികളുടെ ജീവൻ രക്ഷിച്ചു, ഒന്നിനെ അരുവിയിൽ നിന്നും മറ്റൊന്നിൽ നിന്നും, അവനു

ചെയ്യേണ്ടത് എല്ലാം മറന്നു പോകുമായിരുന്നു. അവസാനം അവൻ വിചാരിച്ചു, അതെ, അവർക്ക് അയൽപക്കത്തെ ശരിയായി വെയ്ക്കണം, അതിനായി അവനു ഒരു കാര്യാലയം തുറക്കണം. അവൻ അങ്ങനെ ചെയ്തപ്പോൾ, ഒരു ലക്ഷം പേരിൽ നിന്നു, അവനു അഞ്ചു വോട്ടുകൾ കിട്ടി. അയൽപക്കത്ത് നിന്ന് പുറത്തുകടക്കാൻ സഹായിക്കുന്നതിന് നീളം കുളഞ്ഞ ബാരലുള്ള ഒരു തോക്ക് ലഭിക്കുമോ എന്ന് അവൻ ഗ്രാമത്തലവനോട് ചോദിച്ചു, പറഞ്ഞു, "നഗരത്തിന് ചുറ്റും താമസിക്കുന്നത് പോലും അപകടകരമാണ്." പട്ടണത്തിൽ നിന്ന് പുറത്തുകടക്കാൻ അവനെ സഹായിക്കാൻ വേണ്ടത്ര സുഹൃത്തുക്കൾ ഇല്ലായിരുന്നു. എന്നിരിക്കിലും, അത് അമേരിക്കൻ പ്രത്യുപകാരമാണ്, അത് അല്ലേ? അത് ശരിയാണ്. അമേരിക്കയിൽ, നിങ്ങൾ എത്ര അധികം ചെയ്യുന്നോ, അത്രയും അധികം ചെയ്യാൻ നിങ്ങളും പ്രതീക്ഷിക്കുന്നു. അത് ശരിയാണ്, നിങ്ങളിൽ നിന്ന് കൂടുതൽ പ്രതീക്ഷിക്കുന്നു.

4 അതെ, ആലയം എത്ര വൃത്തിയും ഭംഗിയും ഉള്ളതാണെന്നതിന് ഇന്ന് രാവിലെ എന്റെ അഭിനന്ദനങ്ങൾ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ മുകലിലേക്ക് കയറി വരുമ്പോൾ, മെച്ചപ്പെട്ട ചുറ്റിസഞ്ചാരം നൽകാൻ അവർക്ക് ഒരു വാതിൽ ഉണ്ടായിരുന്നു. ഇവിടെ ഇതിനു കാരണമാക്കാൻ സഹായിച്ച ട്രസ്റ്റി ബോർഡിൽ ഉള്ളവരോട്, അങ്ങനെ അതു വളരെ നന്നായിരിക്കുന്നു. അത് തീർച്ചയായും വളരെ നല്ലതായിരുന്നു, അതൊരു നല്ല വൃത്തിയുള്ള ജോലിയാണ്. എനിക്ക് തെറ്റ് പറ്റിയിട്ടില്ല എങ്കിൽ, സഹോദരൻ ഹാളാണ്, അത് ചെയ്തെന്ന് ഞാൻ കരുതുന്നു. അത് വളരെ നല്ല ജോലിയാണ്.

5 ഇപ്പോൾ, ഇത് അല്പം വൈകിപ്പോയി, പക്ഷേ ആളുകൾ എത്ര പവിത്രരാണെന്ന് നിങ്ങൾക്കറിയാം. നോക്കു, സ്ലോട്ടർ സഹോദരാ, ഡീറ്റ്സ്മാൻ സഹോദരാ, ഇതിന് കൃത്യമായ സമയമില്ല, നമുക്കുണ്ടോ? [ആ സഹോദരന്മാരും മറ്റുള്ളവരും പറയുന്നു, "ഇല്ല."—Ed.] അത് നമ്മൾ എല്ലാം എടുക്കുന്നത് പോലെ തന്നെ.

6 തെക്ക് അത്ഭുതകരമായ യോഗങ്ങൾ ഉണ്ടായിരുന്നു! എന്നാൽ കുറച്ചു ദിവസങ്ങൾക്ക് മുമ്പേ എനിക്കു സംസാരിക്കാൻ കഴിഞ്ഞുള്ളൂ. ഞാൻ തുടർച്ചയായി നാല് മാസങ്ങൾ പ്രസംഗിച്ചിട്ട്, ചെവിയിൽ പറയാൻ പോലും—പോലും വേണ്ടത്ര ശബ്ദം എനിക്ക് ഇല്ലായിരുന്നു. നിങ്ങൾക്കറിയാം, എനിക്ക് വേണ്ടതിനു, എനിക്ക് എന്റെ ഭാര്യയോട് കൈ ആംഗ്യങ്ങൾ കാണിക്കേണ്ടിയിരുന്നു, അത് ഒരു വിധത്തിൽ... പിന്നെ അതിനുശേഷം, ഞങ്ങൾ അനുഭവിച്ചു കൊണ്ടിരുന്ന ഈ കപട

കാലാവസ്ഥയിൽ നിന്ന് ഇവിടെ തിരിച്ചെത്തിയിരിക്കുന്നു, (എന്താ, ഒരു ദിവസം തണുപ്പ് അടുത്ത ദിവസം ചൂട്), എനിക്ക് ശരിക്കും ഒരു, പണ്ടത്തെ-രീതിയിലെ പകർച്ചപ്പനി ബാധിച്ചു. കുറച്ച് ദിവസം മുമ്പ്, വീണ്ടും തുടങ്ങാനായി, ഞാൻ എഴുന്നേറ്റു. എന്നിരുന്നാലും, അങ്ങനെ നമ്മോടുള്ള അവന്റെ എല്ലാ നന്മയ്ക്കും കരുണയ്ക്കുമായി, നല്ല കർത്താവിനോട് ഞങ്ങൾ നന്ദിയുള്ളവരാണ്, കൂടാതെ—പിന്നെ അവൻ എത്ര നല്ലവനായിരുന്നു. അവിടെ അത്ഭുതകരമായ യോഗങ്ങൾ ഉണ്ടായിരുന്നിട്ട്, കർത്താവ് ഞങ്ങളെ വളരെയധികം, അത്യധികമായ അനുഗ്രഹിച്ചിരുന്നു.

7 ഇന്നലെ രാത്രി, അർദ്ധരാത്രിയോട് അടുത്ത്, വൃദ്ധ് സഹോദരൻ എന്നെ അവന്റെ വീട്ടിലേക്ക് വിളിച്ചു, അർഗൻബ്രൈറ്റ് സഹോദരനും ഫോണിൽ ആയിരുന്നിട്ട്, ഞാൻ സ്വിറ്റ്സർലൻഡിൽ തുടങ്ങണമെന്ന് ആഗ്രഹിച്ചിരുന്നു. അങ്ങനെ, ഒരു വൃദ്ധനെ സംബന്ധിച്ചിടത്തോളം ഇത് വളരെ കൂടുതലാണ്.

8 അങ്ങനെ, ഇപ്പോൾ, ഞങ്ങളുടെ അടുത്ത യോഗം അടുത്ത മാസം പതിനൊന്നിന്, ഇൻഡ്യാനപൊലീസിലെ കാഡിൽ ടെബർണക്കിളിൽ ആരംഭിക്കുന്നു. അവിടെ—ഇൻഡ്യാനപൊലീസിലെ കാഡിൽ ടെബർണക്കിളിൽ, പതിനൊന്നാം തീയതി മുതൽ പതിനഞ്ചാം തീയതി വരെയാണ്. പിന്നെ, അവിടെ നിന്ന്, അങ്ങോട്ട്—മിനിയാ-...മിനിയാപൊലീസ്; ഇൻഡ്യാനപൊലീസിൽ നിന്ന് മിനിയാപൊലീസ് വരെ, ക്രിസ്ത്യൻ വാണിജ്യക്കാർക്ക്.

9 ഇപ്പോൾ സഹോദരൻ നെവിൽ എന്നെ വിളിച്ചെന്നു ഞാൻ കരുതുന്നു, ഞാൻ എന്റേത് കാണിക്കാൻ ആഗ്രഹിച്ച്...എനിക്കായി ആ ശവസംസ്കാര ചടങ്ങിനു വന്ന് പാടിയ അദ്ദേഹത്തിനും നെവിലിന്റെ മൂവർ സംഘത്തിനും എന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു, എനിക്ക് മിനിഞ്ഞാന്ന് ഉണ്ടായിരുന്നതിനു. ശ്രീമാൻ ലിഡിക്ക് മഹത്വത്തിലെ വീട്ടിലേക്ക് പോയപ്പോൾ; ലിഡിക്ക് കുടുംബത്തിനായി, ഏതെങ്കിലും ഗായകർ ഇല്ലായിരുന്നോ, എന്നു ഞാൻ സഹോദരൻ നെവിലിനോട് ചോദിച്ചു. ഞാൻ തീർച്ചയായും...അവന്റെ മകനോ, ഞാൻ അവനെ ഇവിടെ കാണുന്നില്ല; അത് ദത്തെടുത്തു വളർത്തിയ മകനാണെന്ന് പിന്നെ ഞാൻ കണ്ടെത്തി. രക്ഷിക്കപ്പെടാതെ, അവന്റെ ഡാഡി മരിക്കുകയാണെന്ന് അറിഞ്ഞിട്ട്, എന്നെ കൂട്ടിവരാൻ വീട്ടിലേക്ക് ഓടി, അതിനു മുമ്പ് അവൻ...അവൻ മരിക്കുന്നതിന് മുമ്പ് അവന്റെ ഡാഡി രക്ഷിക്കപ്പെട്ടു. അതുകൊണ്ട് ആ ബാലൻ ചെയ്ത ഏറ്റവും വലിയ കാര്യം, പോകുന്നതിന് മുമ്പ് അവന്റെ ഡാഡിക്കായി പ്രാർത്ഥിക്കാൻ

ആരെയെങ്കിലും എടുക്കുക എന്നതാണ്. നെവിലിന്റെ മൂവർ സംഘം ഇറങ്ങി വന്ന് അവർക്കായി മനോഹരമായി പാടി.

10 അങ്ങനെ ഇന്ന് രാവിലെയും ഇന്നു വൈകുന്നേരവും സംസാരിക്കാമോ എന്ന് സഹോദരൻ നെവിൽ എന്നോട് ചോദിച്ചു. അങ്ങനെ നിങ്ങൾ ശ്രദ്ധിക്കു, തിരുവെഴുത്ത് പറയുന്നു, "അധികം ചോദിക്കു അതിനാൻ നിങ്ങൾക്ക്..." അതിനാൽ സഹോദരൻ നെവിൽ തീർച്ചയായും ആ കാര്യങ്ങളിൽ തിരുവെഴുത്തുപരമാണ്, വളരെയധികം! അതിനാൽ ഞാൻ എന്റെ പരമാവധി ചെയ്യും.

11 ഇപ്പോൾ, ഇത് മാതൃ ദിനം ആയതിനാൽ, ഞങ്ങൾ—കൊച്ചു കുട്ടികൾക്കു വേണ്ടി സംസാരിക്കാൻ ആഗ്രഹിക്കുന്നു, എന്നു ഞാൻ ഇന്ന് രാവിലെ പറഞ്ഞിരുന്നു. ഇന്ന് രാവിലെ—ചെറിയ കുട്ടികൾക്കു ഒരു നല്ല സമയം ആയിരിക്കുമെന്ന് ഞാൻ കരുതി. ഇപ്പോൾ ഞാൻ കരുതുന്നു മാതൃ ദിനം...

12 ഇപ്പോൾ, യഥാർത്ഥ അമ്മ, ഒരു യഥാർത്ഥ അമ്മയെക്കാൾ, മധുരമായ മറ്റൊന്ന് ഭൂമിയിൽ ഇല്ല, എന്നാണ് നാം അറിയുന്നത്. ഒരു യഥാർത്ഥ, യഥാർത്ഥ അമ്മയുടെ, അവളുടെ പ്രതാപിമേറിയ പ്രാണനെ ദൈവം അനുഗ്രഹിക്കട്ടെ, എന്നാൽ ഇന്ന് "അമ്മ," എന്നു വിളിക്കപ്പെടുന്ന അതിനു—അതിനു ധാരാളം പകരം വെയ്ക്കുന്ന വസ്തുക്കൾ നമുക്കുണ്ട്, അത് അമ്മ അല്ലാതെ; അവർ കുട്ടികളുള്ള സ്ത്രീകൾ മാത്രമാണ്, പക്ഷേ അമ്മയല്ല. പഴയ-രീതിയിലുള്ള ഒരു അമ്മ തന്റെ കുടുംബത്തെ പരിപാലിക്കുന്നവളാണ്, രാത്രി മുഴുവൻ, പുകവലിച്ചും, മദ്യപിച്ചും കൊണ്ട്, അകത്തേക്ക് വന്ന്, ഈ വിശ്രമ മുറികളിലോ നൃത്തങ്ങളിലോ കിടക്കുന്നില്ല. അമ്മ എന്ന ആ വിശുദ്ധ പേരിനു അവൾക്ക് അർഹതയില്ല. അവൾ ഒരു സ്ത്രീ മാത്രമാണ്, അത്രയേയുള്ളൂ, അത് ഒരു കുട്ടിയെ വളർത്തുന്നു; പക്ഷേ ഒരു അമ്മയല്ല, കാരണം *അമ്മയ്ക്ക്* മറ്റൊരു അർത്ഥമുണ്ട്. ഇപ്പോൾ ഞാൻ—ഞാൻ കരുതുന്നത് നിങ്ങൾ...

13 ഇപ്പോൾ, മാതൃദിനത്തിൽ, ഞാൻ എന്റെ യഥാർത്ഥ നന്മ പ്രകടിപ്പിക്കാൻ ആഗ്രഹിക്കുന്നു. സ്വയം എന്റെ തന്നെ, നരച്ച തലയുള്ള ഒരു വയസ്സായ അമ്മയെ എനിക്ക് ഇവിടെ കിട്ടിയിരിക്കുന്നു. ഞാൻ കരുതുന്നത്, ഒരു ദിവസം, എല്ലാം ശരിയായി; വർഷത്തിൽ ഒരിക്കലല്ല, എന്നാൽ എല്ലാ ദിവസവും ഒരു മാതൃദിനം ആയിരിക്കണം എന്നാണ്. ഈ മാതൃദിനത്തിന്റെ കാര്യങ്ങൾ ഇപ്പോൾ നടക്കുന്നതിന്റെ കാരണം...

14 നമുക്ക് ഒരു കൈ പിടി നിറയെ കിട്ടിയെന്ന് ഞാൻ കാണുന്നു, നമുക്കെല്ലാവർക്കും പരസ്പരം അറിയാം. നമ്മൾ വീട്ടിലെ ആളുകളാണ്, അതുകൊണ്ടാണ് നമ്മൾ ഇങ്ങനെ സംസാരിക്കാൻ പോകുന്നത്.

15 ഒരു യഥാർത്ഥ അമ്മയെ, ഒരു അമ്മയെ എല്ലാ ദിവസവും ഒരുപോലെ ബഹുമാനിക്കണമെന്ന് ഞാൻ കരുതുന്നു, അത് ശരിയാണ്. എന്നാൽ, ഈ ദിവസത്തെ അവർ മാതൃദിനം എന്ന് വിളിക്കുന്നത്, പണത്തിനു വേണ്ടി ആളുകളെ ഊറ്റിയെടുക്കാനുള്ള, ഒരു വലിയ വാണിജ്യ വിഡ്ഢിത്തം അല്ലാതെ മറ്റൊന്നുമല്ല. ഇത് അമ്മയ്ക്ക് ഒരു അപമാനമാണ്, ഒരു മാതൃദിനം, കാരണം വർഷത്തിൽ ഒരിക്കൽ, "അതെ, നമ്മൾ അവളെ കാണാൻ പോകുന്നില്ല, എന്നാൽ നമ്മൾ അവൾക്ക് കുറച്ച് പൂക്കൾ അയച്ചുകൊണ്ട് അത് പരിഹരിക്കുന്നു." അത് അമ്മയല്ല! എന്റെ, സന്മനസ്! ഒരു യഥാർത്ഥ അമ്മ അത് ഒരു സ്ത്രീ നിങ്ങളെ...അതു നിങ്ങളെ വളർത്തിയിട്ട്, നിങ്ങൾ അവളെ സ്നേഹിച്ച്, നിങ്ങൾ അവളെ കാണുകയും അവളോട് എപ്പോഴും സംസാരിക്കുകയും ചെയ്യുന്നു. വർഷത്തിൽ ഒരു ദിവസം മാത്രമല്ല, എല്ലാ സമയത്തും നിങ്ങൾ അവളോട് നിങ്ങളുടെ സ്നേഹത്തെ പ്രകടിപ്പിക്കുന്നു.

16 എന്നാൽ എന്റെ ചെറിയ നാടകം ആരംഭിക്കുന്നതിന് തൊട്ടു മുമ്പ്, ഇത് പ്രകടിപ്പിക്കാനും, പുതുക്കാനും ഞാൻ ആഗ്രഹിക്കുന്നു...നിങ്ങളിൽ ചിലരുടെ, നിങ്ങളിൽ പലരുടെയും മരിച്ചുപോയി, അവരിൽ പലരും ഇത് സംഭവിച്ചതിനു ശേഷം പോയിരിക്കുന്നു. ഇത് 1933-ലായിരുന്നു.

17 ആ സ്ത്രീ ആ മനുഷ്യനെ കൊന്നത് എവിടെ വെച്ചാണെന്ന് കുറച്ച് രാത്രികൾക്ക് മുമ്പ് നിങ്ങൾ പത്രത്തിൽ കണ്ടിരുന്നോ? അവനെ അവളുടെ കാറിന്റെ ടയർ ഉരുണ്ടു പോകുന്ന ഇടവഴിയിലേക്ക് തള്ളിയിട്ട ശേഷം അവളുടെ കാറിനെ അവന്റെ മുകളിലൂടെ അങ്ങോട്ടും ഇങ്ങോട്ടും ഓടിച്ചിട്ട് അവൾ അവനെ എല്ലാ രീതിയിലും ഇടിച്ചു കലക്കിയ കൂട്ട് ആകുന്നതു വരെയാണ്. അവർ പറഞ്ഞു, ആ—അഭിഭാഷകരും മറ്റും, പറഞ്ഞു, "അത് നിങ്ങളുടെ മനസ്സാക്ഷിയെ അപലപിക്കുന്നില്ലേ?"

അവൾ പറഞ്ഞു, "സ്ത്രീകളോട് പെരുമാറുന്ന രീതിയിൽ ഞാനും ദൈവവും മടുത്തിരിക്കുന്നു." ഹഹ്! അതെ, അവൾ ഒരു വിഗ്രഹമാണ്. അത് ശരിയാണ്. "ക്ഷീണിച്ചു പോകുന്നു." ഈ രാഷ്ട്രം എത്രത്തോളം അധഃപതിക്കും? ദിവ്യ ന്യായവിധിയില്ലാതെ നമുക്ക് എത്ര ദൂരം പോകാനാകും, എന്നു എനിക്ക് അത്ഭുതപ്പെട്ടുകൂടേ? "ദൈവവും ഞാനും"? ദൈവത്തിന്റെ മേൽ ചുമത്തുന്ന എല്ലാ അസംബന്ധങ്ങൾക്കും അവൻ കുറ്റക്കാരനാണെങ്കിൽ, അവൻ

ദൈവമായിരിക്കില്ല, എല്ലാമായി അത്രതന്നെ. "ദൈവവും ഞാനും"? എന്റെ! അങ്ങനെയുള്ളവരുമായി ദൈവത്തിന് ഒന്നും ചെയ്യാനില്ല. അവൾ യാതന സ്ഥലത്ത് അകപ്പെടുമ്പോൾ എന്തായിരിക്കും, അപ്പോൾ അവൾ അതിനെക്കുറിച്ച് എങ്ങനെ ചിന്തിക്കും? ഓ!

18 അമേരിക്ക! ഇപ്പോൾ നിങ്ങൾ ഓർക്കുന്നു, നിങ്ങൾ ഇത് എഴുതി എടുത്തിട്ടില്ലെങ്കിൽ, ഇത് എഴുതി എടുത്തുകൊള്ളൂ. ഇത് ഞാൻ മുൻകൂട്ടി പറയുന്നതാണ്. കണ്ടോ? 1933-ൽ, ഞങ്ങൾ ഇവിടെ ശുശ്രൂഷകൾ നടത്തുമ്പോൾ ഇവിടെ പണ്ടത്തെ, ചർച്ച് ഓഫ് ക്രൈസ്റ്റ് സഭ ഇപ്പോഴും അവിടെ ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു, അത് ആ പണ്ടത്തേതായി...അത് ഇവിടെ ആയിരുന്നിട്ട്, സഹോദരൻ നെവിൽ, നേരെ താഴേക്ക്. ചാർളി കേൺ അവിടെ താമസിച്ചിരുന്നു. അത് എന്താണെന്നാൽ...ഇവിടെ മീഗ്സ് അവന്യൂവിൽ ഉണ്ടായിരുന്ന അനാഥരുടെ വീടായിരുന്നു. 1933-ൽ, എനിക്ക് 1933 ഫോർഡ് കിട്ടിയിട്ട്, അന്ന് രാവിലെ ഞാൻ അത് കർത്താവിന് സമർപ്പിച്ചിരുന്നു. കൂടാതെ, വീട്ടിൽ നിന്ന് പുറപ്പെടുന്നതിന് മുമ്പ്, ഞാൻ ഒരു ദർശനം കണ്ടു. ഞാൻ അത് എഴുതിയെടുത്ത, ആ പഴയ മഞ്ഞ പേപ്പർ ഇപ്പോഴും ബൈബിളിലുണ്ട്. അവസാന സമയം വരുന്നത് ഞാൻ കണ്ടു.

19 പിന്നെ, നിങ്ങൾക്ക്, അവിടെ പിന്നിലുള്ള ഒരു 33-ലെ കാർ കാണാൻ എങ്ങനെ ആയിരുന്നു എന്ന് എത്രപേർക്ക് ഓർക്കാൻ കഴിയുന്നു? ഓ, ഇത് ഇതു പോലെ ഓടിയിട്ട്, ഏറ്റവും പുറകിലായി, സ്പെയർ ടയർ തൂക്കിയിടാൻ വേണ്ടി നേരെ വെട്ടിമാറ്റിയതു പോലെ ആയിരുന്നു. ഞാൻ ഒരു ദർശനം കണ്ടു, അതിൽ, "കർത്താവിന്റെ വരവിന് മുമ്പ്, ആ കാറുകൾ ഒരു മുട്ട പോലെ കാണപ്പെടും." ആ മുൻകൂട്ടിപ്പറയൽ എത്രപേർ ഓർക്കുന്നു? അവിടെ ഉണ്ടായിരുന്ന ആരെങ്കിലും ഇവിടെ ഉണ്ടോ? സഹോദരൻ സെവാർഡ് പോയി. ഞാൻ ഊഹിക്കുന്നത്...1933-ൽ ഞങ്ങൾക്ക് ഇവിടെ ശുശ്രൂഷ നടക്കുമ്പോൾ ആയിരുന്നു എന്നാണ്. അപ്പോൾ തുടങ്ങി, ഇപ്പോൾ അവരെല്ലാം പോയെന്ന് ഞാൻ ഊഹിക്കുന്നു.

20 ഞാൻ മുൻകൂട്ടി പറഞ്ഞത്, അത്, "അമേരിക്ക, അവരുടെ ഒന്നാം നമ്പർ ദൈവം സ്ത്രീകളായിരിക്കും." അതാണ് ആയിരിക്കുന്നത്. സകലതും ഹോളിവുഡ് ഫാഷന്റെ പിന്നാലെ ആയിരിക്കുന്നു. എഫ്ബിഐ ഫയലിൽ നിന്ന് റെക്കോർഡ് ചെയ്ത ഞെട്ടിക്കുന്ന കാര്യങ്ങൾ നിങ്ങളെ—നിങ്ങളോട് പറയാൻ എന്റെ പക്കലുണ്ട്, ശരിക്കും എവിടെയാണ്...ഈ സിനിമ താരങ്ങൾക്ക് എതിരെയുള്ള അപവാദങ്ങളും, ബുദ്ധിമുട്ടിയും, അവരിൽ ഒരാളും ഇല്ല, എല്ലാം

വേശ്യകളാണ്. എഫ്ബിഐ ഇത് അടുത്തിടെ തുറന്നുകാട്ടി. അവരുടെ സ്വന്തം ഫയലിൽ നിന്ന് എനിക്കത് കിട്ടിയിട്ടുണ്ട്. അങ്ങനെ അവരെല്ലാം പുറത്ത് താമസിച്ചിട്ട്, ഈ സിനിമ താരങ്ങൾ പോലും, അവൻ തെളിയിച്ചിടത്ത് തന്നെ, അവർ അകത്ത് പോയി അവരെ പൊക്കിയെടുത്തു, ഒരു മനുഷ്യൻ, പുരുഷന്മാരോടൊപ്പം താമസിക്കുന്നതിനു, ഒരു രാത്രി ഇരുപത്തഞ്ചും അമ്പതും ഡോളറാണ്, എല്ലാം തലകീഴായി, ഹോളിവുഡിലും എല്ലായിടത്തും ആയിരുന്ന്, അവിടെ സ്വന്ത വീടുകളും പുരുഷന്മാരും ഉണ്ടായിരുന്നിട്ടും അവിടെ അവർ അവരെ ഈ ആളുകൾക്കായി അയയ്ക്കുന്നു. അതിലേക്കാണ് നമ്മൾ നോക്കുന്നത്, ടെലിവിഷൻ, പിന്നെ—ഇവിടെ ഈ സ്ക്രീനുകളിലും കാര്യങ്ങളിലും, നമ്മുടെ കുട്ടികൾ അതിനെ വിഗ്രഹം എന്ന് വിളിക്കട്ടെ. പിന്നെ അതിനെ *അമ്മ* എന്നു വിളിക്കണോ? അമ്മയാകുന്നതിൽ നിന്ന് ഇത് വളരെ അകലെയാണ്. അത് വൃത്തികേടാണ്. അത് കൃത്യമാണ്. എന്നിട്ടും അവർ ദിവസത്തിന്റെ ഗതി നിശ്ചയിച്ചിരിക്കുന്നു. നമ്മൾ അവരെ അനുവദിച്ചു...അവർ ധരിക്കുന്ന അത്തരത്തിലെ വസ്ത്രങ്ങൾ, അമേരിക്കൻ സ്ത്രീകൾ അവരെപ്പോലെ തന്നെ വസ്ത്രം ധരിക്കുന്നത് കാണുന്നു, സകലതും ആകുന്നു. തീർച്ചയായും. അമേരിക്കയുടെ ദൈവം ഒരു സ്ത്രീയാണ്. യഹോവയല്ല; അവർ അതിൽ നിന്ന് പിന്തിരിഞ്ഞു പോയിരിക്കുന്നു. ഇപ്പോൾ *അമ്മ* അല്ല, ഇപ്പോൾ അത് മാറ്റിവെക്കു, ഞങ്ങൾ സംസാരിക്കാൻ പോകുന്നത് ഒരു പവിത്രമായ കാര്യമാണ്; എന്നാൽ ഞാൻ ഉദ്ദേശിക്കുന്നത് *സ്ത്രീ* എന്നാണ്.

21 കൂടാതെ, ഓർത്തിരിക്കു, ഞാൻ മുൻകൂട്ടി പറയുന്നത് ഭൂമിയെ സമ്പൂർണ്ണമായി കത്തിക്കുന്നതിനു മുമ്പ്, എന്നോട് ഇത് കർത്താവ് പറഞ്ഞു എന്നു ഞാൻ പറയുന്നില്ല, എന്നാൽ ഞാൻ വിശ്വസിക്കുന്നത് ഇപ്പോൾ മുതൽ '77-നും ഇടയിൽ എന്തെങ്കിലും സംഭവിക്കുമെന്നാണ്. അത് ഈ മണിക്കൂറിലും സംഭവിച്ചേക്കാം. എന്നാൽ ഇപ്പോൾ തുടങ്ങി '77-ന് ഇടയിൽ, ഇപ്പോൾ തുടങ്ങി '77 വരെയുള്ള കാലയളവിൽ, ഒന്നുകിൽ ഭൂമിയുടെ ഒരു വലിയ നാശമോ അല്ലെങ്കിൽ സമ്പൂർണ്ണ ഉന്മൂലനമോ സംഭവിക്കുമെന്ന് ഞാൻ മുൻകൂട്ടി പറയുന്നു.

22 1933-ൽ, ഞാൻ അത് മുൻകൂട്ടി പറഞ്ഞിരുന്നു, സ്ത്രീകൾ മനോവീര്യം കെടുത്തിയിട്ട് രാഷ്ട്രം തുടർച്ചയായി വീണുകൊണ്ടിരിക്കും, ഒരു സ്ത്രീ ഒരു വിഗ്രഹമായി തീരുന്നതുവരെ, അവർ ആയിത്തീരുന്നതു വരെ, അത് അങ്ങനെ അമ്മയെപ്പോലെ, അല്ലെങ്കിൽ അവർ അമ്മയെപ്പോലെ തൂങ്ങിക്കിടക്കും. അത്, കുറച്ചു കഴിയുമ്പോൾ, "അമേരിക്ക ഭരിക്കുന്നത് ഒരു സ്ത്രീ ആയിരിക്കും." ഇത്

അടയാളപ്പെടുത്തി അത് ശരിയല്ലേ എന്ന് നോക്കിക്കൊള്ളൂ. അമേരിക്കയിൽ ഒരു വലിയ, ഉന്നത അധികാരമുള്ള, ഒരു പ്രസിഡന്റോ അല്ലെങ്കിൽ മറ്റ് എന്തിന്റെയെങ്കിലും സ്ഥാനത്ത് ഒരു സ്ത്രീ വരും.

23 അപ്പോൾ, മഹിളകളേ, ഞാൻ ഇത് ബഹുമാനത്തോടെ പറയുന്നു, ഒരു സ്ത്രീ അടുക്കളയിൽ നിന്ന് പുറത്തിറങ്ങുമ്പോൾ, അവൾ അവളുടെ സ്ഥാനത്തിന് പുറത്താണ്. അത് ശരിയാണ്. അവിടെയാണ് അവൾ ആയിരിക്കേണ്ടത്. അതിന് പുറമെ, അവൾക്ക് സ്ഥാനമില്ല. ഇപ്പോൾ, ഞാൻ അവരോട് പരുഷമായി പറയുന്നതല്ല, എന്നാൽ സത്യവും ബൈബിളും എന്താണെന്നും ഞാൻ പറഞ്ഞിട്ട്...മുമ്പ് ആ മനുഷ്യനായിരുന്നു വീടിന്റെ തലവൻ, എന്നാൽ അത് ബൈബിളിന്റെ ദിവസങ്ങളിൽ ആയിരുന്നു. അവൻ ഇനിയും തലവനല്ല. അവൻ മരപ്പാവയോ, അല്ലെങ്കിൽ അവൻ ഒരു...അല്ലെങ്കിൽ ശിശുപാലകരോ അതുമല്ലെങ്കിൽ മറ്റു ചിലതോ ആകുന്നു. ഇപ്പോൾ, ഇല്ല, അവർ നായ്ക്കളെ പരിപാലിക്കാൻ ആഗ്രഹിച്ചിട്ട്, ജനന നിയന്ത്രണം പരിശീലിക്കുന്നു, എല്ലാ സമയത്തും ഒരു ചെറിയ നായയെ അവരുടെ കൈകളിൽ ചുറ്റിപ്പിടിക്കുക, അങ്ങനെ നിങ്ങൾക്ക് രാത്രി മുഴുവൻ ഓടാൻ കഴിയുന്നു.

24 ഞാൻ—ഞാൻ അമ്മയെക്കുറിച്ച് അല്ല സംസാരിക്കുന്നത്. ദൈവം അവരെ അനുഗ്രഹിക്കട്ടെ. അതാണ് ഇപ്പോൾ രാജ്യത്തെ ഒന്നിച്ച് നിർത്തുന്നത്, പാതിവഴിയിൽ, ഒരു യഥാർത്ഥ, നല്ല, പവിത്രമായ, ദൈവത്താൽ-രക്ഷിക്കപ്പെട്ട അമ്മയാൽ. അത് ശരിയാണ്.

25 പക്ഷേ നമ്മുടെ സ്ത്രീകൾ എത്ര തരംതാഴ്ന്നിരിക്കുന്നു എന്ന ലജ്ജ! രണ്ടാമത്തെ കാര്യം, ഈ കഴിഞ്ഞ ലോക മഹാ യുദ്ധത്തിന് ശേഷം, എനിക്ക് പേപ്പറിൽ നിന്ന് ഒരു കഷണം കിട്ടി ഞാൻ അത് മുറിച്ചെടുത്തു, അതിൽ പറയുന്നു, “അത്, വിദേശത്തേക്ക് പോയി ആറ് മാസം കഴിഞ്ഞപ്പോൾ, അമേരിക്കൻ സ്ത്രീകളുടെ ധാർമ്മികത എവിടെപ്പോയി, അഞ്ച് സൈനികരിൽ നാലുപേരും അവരുടെ ഭാര്യമാരിൽ നിന്ന് വിവാഹമോചനം നേടി, അവർ മറ്റേതെങ്കിലും പുരുഷനെ വിവാഹം കഴിച്ചിരിക്കുമോ?” അവർ വിദേശത്ത് നിന്ന് മടങ്ങിവരുന്നത് വരെ പോലും കാത്തിരിക്കാൻ കഴിഞ്ഞില്ല, സൈനികർ അവിടെ യുദ്ധക്കളത്തിൽ മരിക്കുന്നു! അത് ചെയ്യുന്ന വ്യക്തിയെ അമ്മ എന്ന് വിളിക്കാൻ യോഗ്യതയില്ല, ആ പവിത്ര നാമം. ഇല്ല, അത് ഇതല്ല. അതിനാൽ എന്നെ എപ്പോഴും “സ്ത്രീ-വിദ്വേഷി” എന്നു വിളിച്ചിട്ടുണ്ട്, പക്ഷേ ഞാനല്ല. പ്രത്യേകിച്ച്, ഒരു അമ്മയായി, സ്ത്രീ ഒരു അത്ഭുതകരമായ കാര്യമാണെന്ന് ഞാൻ കരുതുന്നു. എന്നാൽ

അവർ അവരുടെ സ്ഥാനത്ത് ആയിരുന്ന് പുരുഷന്റെ സ്ഥാനം എടുക്കുകയോ, ദൈവത്തിന്റെ സ്ഥാനം എടുക്കുകയോ ചെയ്യരുത്.

26 ഇന്ന് രാവിലെ ഒരു വിശുദ്ധ സഭ പറയുന്നത് ഞാൻ കേട്ടു, അത്, "ഒരു അമ്മ സ്വർഗ്ഗത്തിലെ നക്ഷത്രങ്ങളെ ഭരിക്കുന്നു," പിന്നെ ഇതും എല്ലാം. അങ്ങനെയും മറ്റുമായി, കന്യക മറിയത്തിൽ കത്തോലിക്കർ അത് ചെയ്യുന്നത് എനിക്ക് സങ്കല്പിക്കാൻ കഴിയും, അതിനാൽ, ആ മരിച്ച സ്ത്രീകളെയും, വിശുദ്ധ സിസിലിയേയും അതുപോലെയുള്ള എല്ലാവരെയും ആരാധിക്കുന്നത്, മൃതാത്മ സംയോഗവാദത്തിന്റെ ഏറ്റവും ഉയർന്ന രൂപമാണ്. അതിൽ അത്രയേയുള്ളൂ. മരിച്ചവരോട് ഇടപെടുന്ന എന്തും മൃതാത്മ സംയോഗവാദമാണ്. അതിനാൽ, ദൈവത്തിനും മനുഷ്യനും മധ്യേ ഒരു മദ്ധ്യസ്ഥൻ മാത്രമേയുള്ളൂ, അതു ക്രിസ്തു യേശുവാണ്. അത് ശരിയാണ്. മറ്റൊരു വിശുദ്ധനല്ല, ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മധ്യസ്ഥനായി കർത്താവായ യേശു ക്രിസ്തുവിന് പുറമെ ഒന്നുമല്ല. എന്നാൽ ഞാൻ പള്ളികളെ കാണുമ്പോൾ, പ്രസംഗ പീഠത്തിന് പിന്നിൽ നിന്നു പോലും, ക്രിസ്തുവിൽ നിന്ന് എല്ലാ വിശുദ്ധിയും എടുത്ത അമ്മയ്ക്ക് നൽകിയിരിക്കുന്നു, എല്ലാ പവിത്രതയും എടുത്തിരിക്കുന്നു, പിന്നെ—പിന്നെ അവർ ആരംഭിക്കുന്നു അവിടെയാണ് നിങ്ങൾ.

27 അതിനാൽ, പക്ഷേ അവിടെ ഒരു യഥാർത്ഥ അമ്മ ഉണ്ടായിരിക്കുന്നു. ദൈവത്തിനു സ്തുതി! നിങ്ങൾ ഒരു കപടവേഷധാരിയെ കാണുന്നതു പോലെ; ശരിക്കുള്ള ജീവിതം നയിക്കുന്ന ഒരു യഥാർത്ഥ ക്രിസ്ത്യാനിയും അവിടെയുണ്ട്. നിങ്ങൾക്ക് ഒരു അനുകൂലം ഉള്ളിടത്ത്, നിങ്ങൾക്ക് ഒരു പ്രതികൂലവും ഉണ്ട്. അത് കൃത്യമായും ശരിയാണ്. ഇപ്പോൾ, അത്തരത്തിലുള്ള ഒരു അമ്മയെയും അത്തരത്തിലുള്ള ഒരു കുട്ടിയെയും കുറിച്ച്, ഇപ്പോൾ ബൈബിളിൽ നന്നു സംസാരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

28 ഇപ്പോൾ ഞാൻ അത്ഭുതപ്പെടുന്നു, ഇന്ന് രാവിലെ എത്ര ചെറിയ ആൺകുട്ടികളും പെൺകുട്ടികളും നമുക്ക് ഇവിടെയുണ്ട്? ഇന്നലെ നിങ്ങൾ സഹോദരൻ നെവിലിന്റെ പ്രക്ഷേപണം കേട്ടിരുന്നെങ്കിൽ... ഞാൻ നിങ്ങളോട് സംസാരിക്കുമ്പോൾ എത്ര ചെറിയ ആൺകുട്ടികളും പെൺകുട്ടികളും ഇവിടെ വന്ന് മുൻ സീറ്റിൽ വന്ന് ഇരിക്കാൻ ആഗ്രഹിക്കുന്നു? നിങ്ങൾക്ക് ഇവിടെ വരാൻ താല്പര്യമുണ്ടോ? ഇവിടെ ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് സീറ്റുകളുണ്ട്; ഇവിടെ ഒന്ന്, ആറ്, ഇവിടെ കുറച്ച് ചെറിയ സീറ്റുൾ ഇവിടെയുണ്ട്. നിങ്ങൾക്ക് മുന്നിൽ വരാൻ ആഗ്രഹമുണ്ടോ, നിങ്ങളിൽ ചില കൊച്ചു കുട്ടികൾക്ക് നിങ്ങളുടെ അമ്മയെ കൂടാതെ വരാം, നിങ്ങൾക്ക് ഇവിടെ വരാൻ

താല്പര്യമുണ്ടോ? നിങ്ങളെ അത്യധികമായ സ്വാഗതം ചെയ്യുന്നു! അമ്മമാർ വരുന്നു...[സഹോദരൻ നെവിൽ പറയുന്നു, "ഇനിയും ഉണ്ട്; അവരിൽ ഭൂരിഭാഗവും സണ്ടേസ്കൂൾ മുറിയിലാണ്."—Ed.] ഓ, അവർ സണ്ടേസ്കൂൾ മുറിയിലാണ്. കൊള്ളാം, അത് നന്നായിരിക്കുന്നു. പിന്നെ സംസാരിക്കുമ്പോൾ, ഞങ്ങൾ കുറച്ച് നിമിഷങ്ങൾ കാത്തിരുന്നിട്ട്, കുറച്ച് നിമിഷത്തിനുള്ളിൽ അവർ പുറത്തു വരുന്നതാണ്. ഞങ്ങൾ ചുറ്റുമായി കൂടിയിട്ട്, കറുപ്പും, തവിട്ടു നിറവും, നീല കണ്ണുകളുമായി, ഇവിടെ, പിന്നെ—അവരോട് ഓരോരുത്തരോടും സംസാരിക്കുന്നതാണ്. ഇപ്പോൾ, കർത്താവിനെ എത്രപേർ സ്നേഹിക്കുന്നു? പറയൂ, "ആമേൻ." [കൂട്ടായ്മ പറയുന്നു, "ആമേൻ!"] അങ്ങനെയാകട്ടെ.

29 ഇപ്പോൾ ഞാൻ അമ്മമാരോടും കുട്ടികളോടും സംസാരിക്കാൻ ആഗ്രഹിക്കുന്നു, അത് അവർക്കായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

30 ഇന്ന് രാത്രി, കർത്താവിന്റെ ഇഷ്ടമെങ്കിൽ, യേശു ചെയ്ത ആദ്യത്തെ അത്ഭുതത്തെക്കുറിച്ച് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, അത് എങ്ങനെ ചെയ്തു, എന്ത് ശക്തിയോടെ, അവൻ അവന്റെ...ചെയ്തപ്പോൾ അവൻ ചെയ്തത് എന്താണ് അവൻ ചെയ്ത ആദ്യത്തെ അത്ഭുതം എന്താണെന്ന് എത്രപേർക്ക് അറിയാം? എല്ലാവരും, ഇത് ഒരുമിച്ച് പറയൂ: "വെള്ളം വീഞ്ഞാക്കി മാറ്റി." അത് ശരിയാണ്, അവൻ ചെയ്ത ആദ്യത്തെ അത്ഭുതം. ഇപ്പോൾ, കർത്താവിന്റെ ഇഷ്ടമെങ്കിൽ ആകുന്നു. ഇന്ന് രാവിലെ, ഞാൻ പഠിക്കുമ്പോൾ, അത് എന്റെ മനസ്സിൽ വന്നു.

31 ഇന്ന് രാവിലെ അവിടെ പുറകിൽ ഞാൻ കാണുന്നത്, നമ്മുടെ നല്ല സുഹൃത്തായ, ശ്രീമാനും ശ്രീമതി യെക്കറും ആണെന്നു ഞാൻ വിശ്വസിക്കുന്നു. ഈ രീതിയിൽ ഞാൻ പോസ്റ്റിലൂടെ തിരിയുമ്പോൾ ഞാൻ അവരെ ശ്രദ്ധിക്കാൻ ഇടയായി. കഴിഞ്ഞ ദിവസം ഞാൻ ഒരു പരിശോധന നടത്തി; ദേശം വിട്ടുള്ള ചുമതലകൾക്കായി പോകുമ്പോൾ പരിശോധന നടത്താൻ എനിക്ക് പോകണം. പിന്നെ, ഞാൻ പുറത്തേക്ക് ഇറങ്ങുമ്പോൾ, അവിടെ കാര്യാലയത്തിൽ—കാര്യാലയത്തിൽ ഇരുന്നിരുന്ന, ശ്രീമാനും ശ്രീമതി യെക്കറെ ഞാൻ കണ്ടുമുട്ടി.

32 ലൂയിസ്വില്ലെയിലെ, ഡോക്ടർ ഷോൺ, വളരെ നല്ല ഒരു ക്രിസ്ത്യൻ സഹോദരനാണ്. ഞാൻ നിങ്ങളോട് പറയട്ടെ, ഞാൻ അവിടെ ശരിക്കും ഒരു യഥാർത്ഥ മനുഷ്യനെ കണ്ടുമുട്ടി, ദൈവത്തിൽ വിശ്വസിക്കുകയും അവന്റെ വിശ്വാസം അവിടെ ഇടുകയും ചെയ്യുന്ന ഒരു യഥാർത്ഥ മനുഷ്യനെ. എന്താണെന്ന് നിങ്ങൾക്കറിയാമോ? ഞാൻ നിങ്ങളോട് പറയുന്നു. ഞാൻ പ്രാസംഗികരെക്കാൾ കൂടുതൽ ദൈവിക

രോഗശാന്തിയിൽ വിശ്വസിക്കുന്ന ഡോക്ടർമാരെ ഞാൻ കാണുന്നു. അത് ശരിയാണ്. നിങ്ങൾ അവരോട് സംസാരിക്കൂ. പറയും, "തീർച്ചയായും." പിന്നെ അവൻ…ഞാൻ പോകാൻ പോയപ്പോൾ, അവൻ എന്റെ കൈയ്യ് പിടിച്ചിട്ട്, അവൻ പറഞ്ഞു. "ബ്രദർ ബ്രൺഹാം, എനിക്ക് ചെയ്യാൻ കഴിയുന്നതിനേക്കാൾ കൂടുതൽ നിങ്ങൾ മനുഷ്യരാശിക്ക് വേണ്ടി ചെയ്യുന്നു." അവൻ പറഞ്ഞു, "അത് ശരിയാണ്." പറഞ്ഞു, "എനിക്ക് തൊടാൻ പോലും കഴിയാത്ത ആളുകളെ നിങ്ങൾക്ക് സഹായിക്കാനാകും." പറഞ്ഞു, "അത് ശരിയാണ്."

33 ഞാൻ പറഞ്ഞു, "അതെ, തീർച്ചയായും, നിങ്ങൾക്ക് തുന്നിച്ചേർക്കാൻ കഴിയും, അല്ലെങ്കിൽ ഒരു അസ്ഥി സ്ഥാപിക്കാനോ, അതുമല്ലെങ്കിൽ അത്തരത്തിലുള്ള എന്തെങ്കിലും ചെയ്യാനോ കഴിയും. എന്നാൽ സൌഖ്യമാക്കുന്നത് ദൈവമാണ്."

34 അവൻ പറഞ്ഞു, "അത് ശരിയാണ്." ആമേൻ. ഓ, വിശാലമനസ്കരും, വിവേകത്തോടെ-ചിന്തിക്കുന്നവരുമായ ആളുകളെ കാണാൻ ഞാൻ ഇഷ്ടപ്പെടുന്നു. ശസ്ത്രക്രിയ, വൈദ്യശാസ്ത്രം, കൈറോപ്രാക്റ്റിക്, ഓസ്റ്റിയോപതിക്, ദിവ്യ രോഗശാന്തി എന്നിവയെക്കുറിച്ച് ഞാൻ ചിന്തിക്കുന്നു, എല്ലാം ഒരുമിച്ച്, അവയിൽ ഏതെങ്കിലും ഒന്നിനാൽ ആരെയെങ്കിലും സഹായിക്കാൻ കഴിയുമെങ്കിൽ, ഞാൻ അതിന് വേണ്ടി നിലകൊള്ളുന്നു. നിങ്ങൾ ഒരു ഡോക്ടറെ എടുക്കൂ ഒരു പ്രാസംഗികനെ കുറ്റപ്പെടുത്തുന്നു; പ്രാസംഗികൻ ഒരു ഡോക്ടറെ കുറ്റപ്പെടുത്തുന്നു; ഒരു തിരുമ്മു ചികിത്സ വിദഗ്ധൻ ശസ്ത്രക്രിയ വിദഗ്ധനെ കുറ്റപ്പെടുത്തി—കുറ്റപ്പെടുത്തുന്നു; ഒരു ശസ്ത്രക്രിയ വിദഗ്ധൻ ഒരു ചികിത്സ നടത്തുന്ന ഡോക്ടറെ കുറ്റപ്പെടുത്തുന്നു; നിങ്ങൾക്ക് ഇത് സങ്കല്പക്കാൻ കഴിയും, അവിടെ എവിടെയോ എന്തോ ചില സ്വാർത്ഥ ലക്ഷ്യമുണ്ട്. അത് ശരിയാണ്, കാരണം അവർ ഓരോരുത്തരും ആരെയെങ്കിലും സഹായിക്കുന്നു എന്ന് തെളിയിച്ചിട്ടുണ്ട്. അത് കൃത്യമായി ശരിയാണ്.

35 ഇപ്പോൾ അതിന്റെ കാര്യം എന്താണെന്നു, ഞാൻ കരുതുന്നത്, നമ്മുടെ ഉദ്ദേശ്യങ്ങൾ ശരിയാണെങ്കിൽ, നമ്മുടെ ഹൃദയം ജനങ്ങളുടെ മുന്നിൽ ശരിയാണെങ്കിൽ, നമ്മുടെ സഹജീവികളെ സഹായിക്കാനും, ജീവിതം എളുപ്പമാക്കാനും നമ്മൾ എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കണം. അപ്പോൾ നിങ്ങളുടെ ഉദ്ദേശ്യങ്ങൾ നിസ്വാർത്ഥമായി, സകലതും സൌജന്യമായി നൽകുന്ന ദൈവത്തെ സ്തുതിക്കുന്നു. ആമേൻ. അതെ, സർ. ഓ, നമുക്ക് ഒരിടത്തും ഒരു സ്വാർത്ഥതയും പാടില്ല; അത് സമ്പൂർണ്ണമായിരിക്കണം.

36 കൈറോപ്രാക്റ്റിക്സ് *ഇതിനെ* സഹായിക്കുകയും, ഓസ്റ്റിയോപതിക് *ഇതിനെ* സഹായിക്കുകയും, ശസ്ത്രക്രിയ *ഈ* ഒന്നിനെ സഹായിക്കുകയും ചെയ്യുന്നെങ്കിൽ, *അതിനെ* മറ്റെന്തെങ്കിലും ഒന്ന് സഹായിക്കുന്നു എങ്കിൽ, അതിന് എല്ലാത്തിനും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം, ആമേൻ, അത് ദൈവം തന്റെ പ്രിയപ്പെട്ട ആളുകളെ സുഖമായി സന്തോഷമായിരിക്കാൻ സഹായിക്കും. കാരണം, നമുക്ക് ഇവിടെ ജീവിക്കാൻ അധികം സമയമില്ല, കുറച്ച് ദിവസങ്ങൾ മാത്രം നമ്മൾ യാത്രയിലായി, മറ്റ് എവിടേക്കോ പോകുന്നു. അതിനാൽ ഞങ്ങൾ ചെയ്യാൻ ശ്രമിക്കുന്നത് ജീവിതം അല്പം എളുപ്പമാക്കുക എന്നതാണ് അതിനാൽ നിങ്ങൾ ഇവിടെ ആയിരിക്കുമ്പോൾ നിങ്ങൾക്ക് മികച്ച സമയം ആസ്വദിക്കാനാകും. ആമേൻ.

37 ഇപ്പോൾ ഈ ചിന്തയിൽ, ബൈബിൾ തുറക്കുന്നതിന് മുമ്പ് നമുക്ക് നമ്മുടെ തലകളെ കുമ്പിട്ടു കൊണ്ട്, നമ്മുടെ പ്രിയ രക്ഷകനോട് സംസാരിക്കാം.

38 ഞങ്ങളുടെ ദയാവാനായ, സ്വർഗ്ഗീയ പിതാവേ, ഇന്ന് രാവിലെ ഞങ്ങൾ അങ്ങയുടെ സന്നിധിയിൽ വളരെ വിനയത്തോടെ വരുന്നു, കർത്താവായ യേശു ക്രിസ്തുവിനു വേണ്ടി, ഭൂമിയിൽ ഉണ്ടായിട്ടുള്ളതും, അല്ലെങ്കിൽ ഉണ്ടാകാൻ പോകുന്നതുമായ എല്ലാത്തിനേക്കാളും ഉപരിയായി നിനക്കു നന്ദി. എന്തെന്നാൽ, ദൈവമില്ലാതെ അലഞ്ഞു തിരിഞ്ഞ, പാവം പിടിച്ച അഭക്തരായി നടന്നിരുന്ന ഞങ്ങളെ, അവൻ മനുഷ്യനെയും ദൈവത്തെയും ഒരുമിച്ചാക്കി അനുരഞ്ജിപ്പിച്ചു, ദൈവത്തിൽ നിന്ന് അകന്ന്, വഴി—ഞങ്ങളുടെ ഇഷ്ടപ്രകാരം, ഞങ്ങൾ സ്വയം, ഞങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തി അവനിൽ നിന്ന് അകന്നുപോയിരുന്നു. ദൈവത്തിൽ നിന്ന് അകന്ന്, ഞങ്ങൾ പാപികളായിരിക്കുമ്പോൾ, ഞങ്ങൾ ദൈവത്തിന് ഇഷ്ടപ്പെടാത്തവർ ആയിരുന്നപ്പോഴും, അവൻ വരാൻ വളരെ നല്ലവനായിരുന്നു, തന്റെ സ്വന്തം രക്തം ചൊരിയുന്നതിലൂടെ, അവൻ ഞങ്ങളെ പിതാവുമായി അനുരഞ്ജിപ്പിച്ചു.

39 അവനായി ഞങ്ങൾ എങ്ങനെ അങ്ങേക്ക് നന്ദി പറയണം! ദൈവത്തിന്റെ സാന്നിധ്യത്തിൽ ഒരു പ്രാർത്ഥന നടത്താൻ കഴിയുന്നവനായി, ദൈവത്തിനും മനുഷ്യനും ഇടയിലുള്ള, ഒരേയൊരു മധ്യസ്ഥനായി ഇന്ന് നിൽക്കുന്നു, ഭൂമിയിൽ നിന്ന് മഹത്വത്തിലേക്ക് അവൻ ചൊരിഞ്ഞ സ്വന്തം രക്തത്തിന്റെ വേദിയിലൂടെ. പുൽത്തൊട്ടിയിൽ പിറന്ന്, തൊഴുത്തിലൂടെ ഈ ഭൂമിയിലേക്ക് വന്നു. വധശിക്ഷയിലൂടെ, ഭൂമിയിൽ നിന്ന് പുറപ്പെട്ടു പോയി. ഭൂമിയ്ക്ക് അവനെ വേണ്ടായിരുന്നു. സ്വർഗ്ഗത്തിന് അവനെ സ്വീകരിക്കാൻ കഴിഞ്ഞില്ല,

കാരണം അവൻ ഒരു പാപി ആയിരുന്നു, നമ്മുടെ പാപങ്ങൾ അവന്റെ മേൽ ആയിരുന്നു. ഭൂമിയ്ക്ക് അവനെ ആവശ്യമില്ലായിരുന്നു. അവർ അവനെ തള്ളിക്കളഞ്ഞു, "അത്തരമൊരു വ്യക്തിയിൽ നിന്ന് ദൂരമായിരിക്കുക!" അവന് ഇല്ലാതെ...ജനിക്കാൻ ഒരു ഇടമോ, അതല്ല മരിക്കാൻ ഒരു ഇടമോ ഇല്ലായിരുന്നു. അവൻ ആകാശത്തിനും ഭൂമിക്കും ഇടയിൽ തൂങ്ങിക്കിടന്നു; സ്വർഗ്ഗത്തിന് അവനെ സ്വീകരിക്കാൻ കഴിഞ്ഞില്ല, മാത്രമല്ല ഭൂമിക്കും അവനെ വേണ്ടായിരുന്നു. എങ്ങനെയും, പാപത്തിൽ നിന്ന് ഞങ്ങളെ രക്ഷിക്കാനും, ഞങ്ങളുടെ രോഗങ്ങളെ സൌഖ്യമാക്കാനുമായി, അവൻ മരിച്ചു, ഞങ്ങൾ ഇവിടെ ഭൂമിയിലായിരിക്കുമ്പോൾ ഞങ്ങൾക്ക് സന്തോഷവും മനോഹരമായ താമസവും നൽകുന്നതിന്. എന്തൊരു രക്ഷകൻ! ഓ, അവനുവേണ്ടി ഞങ്ങൾ എത്ര നന്ദി പറയുന്നു!

40 ഓ ദൈവമേ, ഞങ്ങളുടെ ഹൃദയത്തിന്റെ എല്ലാ ആരാധനകളും അവനിലേക്ക് പകരട്ടെ, അവനിലേക്ക് മാത്രം. എല്ലാ ബഹുമാനങ്ങളും എല്ലാ ആരാധനകളും, ഞങ്ങളുടെ അധരങ്ങളിൽ നിന്നോ അതേ ഹൃദയങ്ങളിൽ നിന്നോ വരുന്ന സകലതും, എല്ലാത്തിനും യോഗ്യനായ അവനിലേക്ക് മാത്രം ഇടാൻ ഇടയാകട്ടെ, പുസ്തകം കയ്യിൽ പിടിച്ചിരിക്കുന്നവന്റെ, സിംഹാസനത്തിന്മേൽ അത് സ്ഥാപിക്കപ്പെടട്ടെ. സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള ഒരു മനുഷ്യനു പുസ്തകത്തിലേക്ക് നോക്കാനോ, അതോ അതിൽ മുദ്രയിട്ടിരിക്കുന്ന മുദ്രകൾ തുറക്കാനോ യോഗ്യനായിരുന്നില്ല. ഭൂമിയുടെ അടിസ്ഥാനം ഇടും മുമ്പേ, അറുക്കപ്പെട്ട ഈ കുഞ്ഞാട്, വന്ന്, അതു അവന്റെ കയ്യിൽ നിന്ന് വാങ്ങി, ജനങ്ങൾക്ക്, മുദ്രകൾ തുറന്ന് ആ—ആ വചനങ്ങൾ ഒന്ന് ഒന്നായി കൊടുക്കുന്നു.

41 മാത്രമല്ല, പിതാവേ, ഇന്ന് അവന്റെ പരിശുദ്ധാത്മാവ് അതിന്റെ എല്ലാ ഇരുളിൽ നിന്നും ഞങ്ങളുടെ ഹൃദയങ്ങളെ അഴിച്ചു വിടാനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു, എല്ലാ നികൃഷ്ടമായ കാര്യങ്ങളിൽ നിന്നും ഞങ്ങളുടെ നാവുകളെ വിടുവിച്ച്, ഞങ്ങളുടെ എല്ലാ പാപങ്ങളും ക്ഷമിച്ച്, എല്ലാ ഇരുളും നീക്കി, ഈ പ്രഭാതത്തിൽ ഞങ്ങളുടെ ഹൃദയങ്ങളിലേക്ക് നീങ്ങിയാലും.

42 പ്രത്യേകിച്ച് ഈ കൊച്ചുകുട്ടികൾ, ദൈവമേ, അവർ ഇന്ന് രാവിലെ ഇവിടെ അവരുടെ അമ്മമാരുമായി ഇരിക്കുമ്പോൾ അവരെ അനുഗ്രഹിച്ചാലും. ദൈവമേ, മാതൃത്വത്തിന്, യഥാർത്ഥ സ്ത്രീകൾക്കായി ഞങ്ങൾ എത്ര നന്ദിയുള്ളവരാണ്! ഈ ഇരുളിനും വിഗ്രഹാരാധനയ്ക്കും, ലോകത്തിന്റെ അഴുക്കിനും അഴിമതിക്കും മദ്ധ്യേ, ഞങ്ങൾക്ക് യഥാർത്ഥ, കലർപ്പില്ലാത്ത അമ്മമാരെ

കിട്ടിയിരിക്കുന്നു. അവർക്കുവേണ്ടി ഞങ്ങൾ അങ്ങയോട് എത്ര നന്ദി പറയണം! ചെറുപ്പക്കാരും പ്രായമായവരും, രണ്ടും ഒരുപോലെ, പിതാവേ, യഥാർത്ഥ മാതൃത്വത്തിനായി, ഞങ്ങൾ അങ്ങേക്ക് നന്ദിയർപ്പിക്കുന്നു. ദൈവമേ, നീ അവരെ അനുഗ്രഹിക്കണമെന്ന്, ഞങ്ങൾ പ്രാർത്ഥിക്കുന്നു.

43 ഇന്ന് രാവിലെ ഇവിടെ ഇരിക്കുന്നത്, കാണുമ്പോൾ, ഞങ്ങളുടെ പല സഹോദരന്മാരും സഹോദരികളും വെളുത്ത റോസാപ്പൂക്കൾ ധരിച്ചിരിക്കുന്നു അല്ലെങ്കിൽ വെളുത്ത വിവിധ നിറങ്ങളുള്ള സുഗന്ധ പുഷ്പങ്ങളുള്ള ചെടിയുടെ പൂക്കളുമായി, മറുവശത്ത്, അത് അവരുടെ പ്രിയപ്പെട്ട വിശുദ്ധ അമ്മ മറയ്ക്ക് അപ്പുറം കടന്നിരിക്കുന്നു എന്നാണ് അതിന്റെ അർത്ഥം; മരിച്ചിട്ടില്ല, എന്നാൽ എന്നേക്കും ജീവിക്കുന്നു. എന്നെങ്കിലും അവരും, കൂടെ, ആ നദിയിലേക്ക് വരും, മറുവശത്ത്, അവിടെ അവർക്ക് അവളെ വീണ്ടും കാണാൻ കഴിയും. പലരും ചുവന്ന റോസാപ്പൂക്കൾ ധരിച്ചിരിക്കുന്നു, അമ്മ ഇപ്പോഴും ഇവിടെയുണ്ട്. അതിനായി ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു.

44 ഞങ്ങൾ അങ്ങയുടെ വചനത്തെ പഠിക്കുമ്പോൾ ഞങ്ങളെ ഒരുമിച്ച് അനുഗ്രഹിക്കണമെന്ന് പ്രാർത്ഥിക്കുന്നു, കാരണം ഇത് ഞങ്ങൾ ക്രിസ്തുവിന്റെ നാമത്തിൽ ചോദിക്കുന്നു. ആമേൻ.

45 ഇപ്പോൾ കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ. നമ്മൾ ഇന്ന് രാവിലെ വചനത്തിൽ തന്നെ ആരംഭിക്കുകയാണ്. ഇപ്പോൾ, ആദ്യം, ഈ ചെറിയ നാടകത്തിന് മുമ്പ്, ഞാൻ അമ്മമാർക്കും കൊച്ചുകുട്ടികൾക്കും വേണ്ടി ചിന്തിച്ചിട്ട്...ചിലപ്പോൾ അവർ എന്നെ കേട്ടേക്കാം, കാരണം ഈ സംഗതിക്ക് വളരെ ശബ്ദമുണ്ട്. ഞാൻ ഒരു ചെറിയ നാടകം നൽകാൻ പോകുന്നു, കാരണം ഞാൻ ഇപ്പോൾ എന്റെ ശുശ്രൂഷകളെ ശ്രദ്ധിക്കുന്നു, ചിലപ്പോൾ നാടകങ്ങളും വളരെയധികം സഹായിക്കുന്നു. നിങ്ങളും അങ്ങനെ ചിന്തിക്കുന്നില്ലേ? കൊച്ചുകുട്ടികൾക്ക് അത് നന്നായി മനസ്സിലാകുന്നു. ഇപ്പോൾ എന്നെ നോക്കിക്കൊണ്ടിരിക്കുന്ന, ഒരു ജോഡി തിളങ്ങുന്ന-കണ്ണുകളുള്ള, കുറച്ച് ആൺകുട്ടികളെ ഞാൻ നോക്കുന്നു, നാളെ എന്നു ഒന്നുണ്ടെങ്കിൽ അത് നാളത്തെ മനുഷ്യർ ആയിരിക്കും.

46 ഇപ്പോൾ നമുക്ക് ഒരു നാടകമോ, അഥവാ ആലയത്തിൽ നടക്കുന്ന മറ്റെന്തെങ്കിലും ഉണ്ടാകുന്നതിന് മുമ്പ്, അതിന് ബൈബിൾ പശ്ചാത്തലം ഉണ്ടായിരിക്കണം. ആമേൻ. അതിനു നിശ്ചയമായും ബൈബിൾ പശ്ചാത്തലം ഉണ്ടായിരിക്കണം. ആദ്യം, ഞങ്ങൾ ഈ വാക്യങ്ങൾ വായിക്കുമ്പോൾ, നമുക്ക് മത്തായിയുടെ, 16-ാം അദ്ധ്യായം 25-ാം വാക്യത്തിലേക്ക് തിരിക്കാം. ആദ്യം, ഞങ്ങൾ വായിക്കാൻ,

തയ്യാറെടുക്കുമ്പോൾ, ചിലപ്പോൾ അപ്പോഴേക്കും ചെറിയ മനുഷ്യർ പുറത്തു വന്നേക്കാൻ ഇടയുണ്ട്. ഇപ്പോൾ മത്തായി 16:25, നമ്മൾ ഇത് വായിക്കുന്നു:

> *ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും: എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും.*

47 ഇപ്പോൾ, ഇത് വളരെ പ്രധാനപ്പെട്ട ഒരു തിരുവെഴുത്താണ്. നമുക്കെല്ലാവർക്കും അത് ഒരുമിച്ച് വായിക്കാം. നിങ്ങൾ എന്ത് പറയുന്നു? എല്ലാവരും, കൊച്ചുകുട്ടികളും എല്ലാവരും, ഇപ്പോൾ ഒരുമിച്ച്. [ബ്രദർ ബ്രൺഹാം കൂട്ടായ്മയും ഇനിപ്പറയുന്ന തിരുവെഴുത്ത് ഒരുമിച്ച് വായിക്കുന്നു—Ed.]

> *ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും: എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും.*

48 നിങ്ങൾക്കറിയാം, ആൺകുട്ടികളും പെൺകുട്ടികളും, കുട്ടികൾ ഇഷ്ടപ്പെടുന്നതുപോലെ തന്നെ മുതിർന്നവരും ഇത് ആസ്വദിക്കുമെന്ന് എനിക്കറിയാം. പക്ഷേ, ആ തിരുവെഴുത്ത് വളരെ പ്രധാനമാണ്! മത്തായി, മർക്കൊസ്, ലൂക്കൊസ്, പിന്നെ യോഹന്നാൻ: ചില തിരുവെഴുത്തുകൾ വളരെ പ്രധാനമായതിനാൽ ദൈവം അത് ഈ നാല് സുവിശേഷങ്ങളിലും ഇട്ടിരിക്കുന്നു. പക്ഷേ, ഇത് വളരെ പ്രധാനമായിരുന്നിട്ട് അവൻ സുവിശേഷത്തിൽ ഇത് ആറു പ്രാവശ്യം രേഖപ്പെടുത്തിയിരിക്കുന്നു! ആറ് പ്രാവശ്യം ഇത് അവന്റെ സ്വന്തം അധരങ്ങളിൽ നിന്നു വന്നു, യേശുവിന്റെ.

49 ഇപ്പോൾ മർക്കൊസിൽ, നമ്മൾ അവിടേക്ക് തിരിച്ച്, മർക്കൊസിന്റെ, 8-ാം അദ്ധ്യായത്തിലെ, 34-ാം വാക്യത്തിൽ നിന്ന് തുടങ്ങുന്നു, ഞാൻ അവിടെ ചിലത് വായിക്കുന്നു. യേശു ഇത് പറഞ്ഞതിന്റെ ഒരു ചെറിയ തുടർച്ചയോടെ, നിങ്ങൾ ഇവിടെ വീണ്ടും ശ്രദ്ധിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഓർക്കൂ, അവൻ അത് സുവിശേഷത്തിൽ ആറ് പ്രാവശ്യം ചേർത്തിരിക്കുന്നു, അതിനാൽ അത് വളരെ ഉറപ്പാണ്! രണ്ട് ഒരു സാക്ഷിയാണ്, പക്ഷേ അവൻ അത് മൂന്ന് പ്രാവശ്യം ഇട്ടിരിക്കുന്നു, നോക്കൂ, അതിനാൽ നിങ്ങൾ അത് ഓർക്കുമെന്ന് ഉറപ്പാണ്.

> *അവൻ—പിന്നെ അവൻ പുരുഷാരത്തെയും* പിന്നെ *തന്റെ ശിഷ്യന്മാരെയും* അങ്ങനെ *അരികെ വിളിച്ചു, അവൻ അവരോടു പറഞ്ഞു, ഒരുവൻ എന്നെ അനുഗമിപ്പാൻ*

*ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച,...തന്റെ ക്രൂശ് എടുത്തുകൊണ്ട്, എന്നെ അനുഗമിക്കട്ടെ.*

50 ഇപ്പോൾ, വിവർത്തകരിൽ ഒരാൾ ഇട്ടിരിക്കുന്നത്, "അവന്റെ ക്രൂശ് എടുത്ത് അനുദിനം എന്നെ അനുഗമിക്കട്ടെ." ഇനി, ഇപ്പോൾ 35-ാം വാക്യം. കേൾക്കു:

*ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; ആരെങ്കിലും എന്റെയും സുവിശേഷത്തിന്റെയും നിമിത്തം, തന്റെ ജീവനെ കളഞ്ഞാൽ അതിനെ രക്ഷിക്കും.*

*ഒരു മനുഷ്യൻ സർവ്വലോകവും നേടുകയും, തന്റെ ജീവനെ കളകയും ചെയ്താൽ, അവന്നു എന്തു പ്രയോജനം?*

*അല്ല തന്റെ ജീവന്നു വേണ്ടി മനുഷ്യൻ എന്തൊരു മറുവില കൊടുക്കും?*

51 ഇനി നമുക്ക് ഈ 35-ാം വാക്യം എടുത്ത് ഇപ്പോൾ ഒരുമിച്ച് ഉദ്ധരിക്കാം. അങ്ങനെയാകട്ടെ. ഇനി നമുക്ക് ഒരുമിച്ച് വായിക്കാം. നമ്മൾ മർക്കൊസ് 8:16 എടുക്കാൻ പോകുന്നു, ഇപ്പോൾ നമുക്ക് ഇത് ഒരുമിച്ച് പറയാം; മർക്കൊസ് 8:16, ക്ഷമിക്കണം, മർക്കൊസ് 8:16, 35. അല്ല, എനിക്ക് ഇപ്പോഴും തെറ്റായത് കിട്ടിയിരിക്കുന്നു. മർക്കൊസ് 8, ക്ഷമിക്കണം. മർക്കൊസ്, വിശുദ്ധ മർക്കൊസ്, 8-ാം അദ്ധ്യായം, 35-ാം വാക്യം. ഇപ്പോൾ നമുക്ക് അത് ശ്രമിക്കാം. വിശുദ്ധ മർക്കൊസ്, 8-ാം അദ്ധ്യായം, 35-ാം വാക്യം. ഇപ്പോൾ നമുക്ക് അത് കിട്ടി. നമുക്ക് അത് വായിക്കാം. [ബ്രദർ ബ്രൺഹാമും കൂട്ടായ്മയും ഇനിപ്പറയുന്ന തിരുവെഴുത്ത് ഒരുമിച്ച് വായിക്കുന്നു—Ed.]

*ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; ആരെങ്കിലും എന്റെയും സുവിശേഷത്തിന്റെയും* നിമിത്തം *തന്റെ ജീവനെ കളഞ്ഞാൽ,...അതിനെ രക്ഷിക്കും.*

52 അത് വിശിഷ്ടമായിരിക്കുന്നില്ലേ? ഇപ്പോൾ, നമ്മൾ നമ്മുടെ ചെറിയ കഥയുമായി മുന്നോട്ട് പോകും, കുട്ടികൾ വന്നു അവർ അവരുടെ സ്ഥാനം എടുത്തുകൊള്ളും. ദ്വാരപാലകർ അവരെ ശ്രദ്ധിച്ച്, നിശ്ശബ്ദമായി...ഞങ്ങൾ ഞങ്ങളുടെ കഥ എടുത്ത് കൊടുത്തു കൊണ്ടിരിക്കുമ്പോൾ, അവരെ ഇവിടെ എത്തിക്കാൻ കഴിയുമോ എന്ന് നിങ്ങൾ നോക്കു. ഇന്ന് രാവിലെ, ഒരു നാടക രൂപത്തിൽ, ഞങ്ങൾ ഇതിനെ ഒരു അടിസ്ഥാനമാക്കാൻ പോകുന്നു. പിന്നെ ഞാൻ, അനേക നേരം, കുറച്ച് ദിവസം മുമ്പ് ഇവിടെ ഞാൻ...

53 അവിടെ മുകളിലത്തെ കഴിഞ്ഞ യോഗത്തിൽ, സഹോദരനും സഹോദരി വുഡും എന്നോടൊപ്പം ഉണ്ടായിരുന്നു, എന്നു ഞാൻ വിശ്വസിക്കുന്നു, ക്രിസ്ത്യൻ വാണിജ്യക്കാരുടെ പ്രഭാത ഭക്ഷണത്തിൽ സംസാരിക്കുകയായിരുന്നു ഞാൻ. ഞാൻ സക്കായിപ്പറ്റി ഒരു ചെറിയ നാടകം അവതരിപ്പിച്ചു...കാട്ടത്തി മരത്തിന്റെ മുകളിൽ, പിന്നെ, യേശു അതുവഴി വന്നപ്പോൾ, അവനു ഒരു ചവറ്റുകുട്ട കിട്ടിയത് എങ്ങനെയെന്ന്, നിങ്ങൾക്കറിയാം (അത് നാടകമാക്കി), യേശുവിനെ കാണാൻ, ഒരു മരത്തിൽ കയറിക്കൂടി; മരത്തിനു മുകളിൽ ഇരിക്കുന്ന ആ കച്ചവടക്കാരൻ, യേശുവിൽ നിന്ന് മറഞ്ഞിരിക്കുകയാണെന്ന്, നിങ്ങൾക്കറിയാം. അങ്ങനെ എങ്കിൽ, അവൻ എവിടെയാണെന്ന് യേശുവിന് അറിയില്ലായിരുന്നു, എന്നു നിങ്ങൾക്കറിയാം. പിന്നെ അവൻ പറഞ്ഞു, "ഓ, മനുഷ്യന് കാര്യങ്ങൾ അറിയാമെന്നും കാര്യങ്ങൾ മുൻകൂട്ടി പറയാൻ കഴിയുമെന്നും അവർ എന്നോട് പറഞ്ഞിരുന്നു, മത്സ്യത്തിനുള്ളിൽ ഒരു നാണയം എവിടെയാണെന്ന് അറിയാം. ഞാൻ അത് വിശ്വസിക്കുന്നില്ല." യേശു നേരെ മരത്തിന്റെ ചുവട്ടിലേക്ക് നടന്നു ചെന്നു. അവൻ പറഞ്ഞു, "ഓ, അവൻ എന്നെ കാണാൻ കഴിയില്ല, ഞാൻ ഒരു മരത്തിന് മുകളിൽ ഇരിക്കുകയാണ്."

54 യേശു നിന്ന് മേലോട്ടു നോക്കി, വിളിച്ചു, "സക്കായി, ഇറങ്ങി വരൂ." അവൻ അവിടെ ഉണ്ടെന്ന് മാത്രമല്ല, അവൻ ആരാണെന്നും അവന് അറിയാമായിരുന്നു.

55 അതിനാൽ ഒരു ചെറിയ നാടകം ചിലപ്പോൾ പ്രായമായവർക്കും, പ്രായമായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും, ചെറുപ്പക്കാരെപ്പോലെ തന്നെ സഹായം ചെയ്യുമെന്ന് ഞാൻ കരുതുന്നു.

56 അങ്ങനെ ഇപ്പോൾ നിങ്ങൾ എന്നോട് ചോദിച്ചേക്കാം, ഇത് കഴിഞ്ഞതിന് ശേഷം, "ബ്രദർ ബ്രൺഹാം, ഈ കഥാപാത്രങ്ങളുടെ പേരു വിവരങ്ങൾ നിങ്ങൾക്ക് എവിടെ നിന്നാണ് കിട്ടുന്നത്?" അവരിൽ ചിലരായി, എന്റെ നല്ല സുഹൃത്തായ സഹോദരൻ ബൂത്ത്-ക്ലിബോൺ എന്നെ സഹായിച്ചിട്ടുണ്ട്. മറ്റൊന്ന്, മഹാൻ ചരിത്രകാരനായ, ജോസീഫസാണ്. പിന്നെ ഞാൻ വായിച്ച ചരിത്ര പുസ്തകങ്ങളും, ഈ സംഭവവും, അങ്ങനെയും മറ്റുമാണ്. ഇതിനായി, ഇന്ന് രാവിലെ ഞങ്ങൾ നൽകാൻ പോകുന്ന നാടകത്തിലെ വിവരങ്ങൾ എനിക്ക് ഇവിടെ ലഭിക്കുന്നത് അങ്ങനെയാണ്.

57 ഈ കഥയ്ക്കായി ഈ രാവിലെ ഞങ്ങൾ നൽകാൻ പോകുന്നു, നമ്മുടെ കൊച്ചുകുട്ടികൾ ഇപ്പോൾ പുറത്തുവരുന്നത് ഞാൻ കാണുന്നു. ഇപ്പോൾ നിങ്ങൾ കൊച്ചു ആൺകുട്ടികളും, പെൺകുട്ടികളും, നിങ്ങൾക്ക്

കഴിയുമെങ്കിൽ, വരാൻ ആഗ്രഹിക്കുന്ന ആർക്കായാലും, എത്രപേർക്ക് വേണമെങ്കിലും ഇവിടെ മുമ്പിൽ വരാവുന്നതാണ്. ഞങ്ങൾക്ക് അഞ്ചോ ആറോ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. നിങ്ങൾക്ക് ഇവിടെ വരാൻ താല്പര്യമുണ്ടെങ്കിൽ, നിങ്ങൾ ഇവിടെ വരുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. അവർ ഇവിടെ ഈ ചെറിയ നാടകം തുടങ്ങുന്ന സമയത്തു തന്നെ വരുന്നുണ്ട്.

58 ഇപ്പോൾ അങ്ങനെയാണ് എനിക്ക് ഈ വിവരങ്ങൾ കിട്ടുന്നത്, അങ്ങനെയാണ് ഞാൻ അത് കണ്ടുപിടിക്കുന്നത്. ആരെങ്കിലും ഒരാൾ ചുറ്റിനും തിരഞ്ഞിട്ട് പറഞ്ഞേക്കാം, "അതെ, ബൈബിളിലെ ആ ഭാഗം ഞാൻ ഒരിക്കലും വായിച്ചിട്ടില്ല." പക്ഷേ, നിങ്ങൾ നോക്കു, നിങ്ങൾ വായിച്ചിട്ടില്ലെങ്കിലും, ചരിത്രം അത് എടുത്തിരിക്കുന്നു. അതിനാൽ ഇതെല്ലാം ഒരേ കഥയാണ്, ഇത് ഒരു വിധത്തിൽ—ഒരു—ഒരു ചെറിയ നാടക രൂപത്തിൽ നൽകുന്നു എന്നു മാത്രം.

59 പിന്നെ, അങ്ങനെ, അതാണ് അത്! അത്രയേയുള്ളു! അത് നിന്റെ ചെറിയ സഹോദരനാണോ? ഓ, അവൻ തീർച്ചയായും കാഴ്ചയ്ക്ക് നിന്നെപ്പോലെ തന്നെ! അവൻ നല്ല കുട്ടിയാണ്. അവൻ നല്ല കുട്ടിയാണെന്നു നിനക്ക് പറയാം. അങ്ങനെയാകട്ടെ.

60 ഇനി നിനക്ക് ഇവിടെ കയറി വന്ന് ഇവിടെ ഇരിക്കണോ? രണ്ട് ചെറിയ നിഷ്കപടർക്ക് ഉണ്ട്, അല്ലെങ്കിൽ മൂന്ന് ചെറിയ നിഷ്കപടർക്കുണ്ട്. എന്റെ, അത് നന്നേ മനോഹരമായിരിക്കുന്നു! ഇപ്പോൾ എനിക്ക് വേണം...ഇന്ന് രാവിലെയുള്ള ഈ ചെറിയ കഥ കൊച്ചു പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും വേണ്ടിയുള്ളതാണ്. ശ്രീമതി കോളിൻസ്, നിങ്ങൾ അവിടെ ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു, മറ്റേ ചെറിയ സഹോദരിക്ക്; നിനക്ക് അവിടെ പോയി ഇരിക്കണോ, പ്രിയേ, ഇരുന്നോളൂ. അതെ, ആ മഹിള—അവളുടെ പോക്കറ്റ്ബുക്ക് നീക്കുമെങ്കിൽ, ഇവിടെ ഒരു സ്ഥലമുണ്ടെന്ന് ഞാൻ കരുതുന്നു. പിന്നെ—പിന്നെ ശരിക്കും *ഇവിടെ* രണ്ട് ഇരുപ്പിടങ്ങൾ ഇവിടെയുണ്ട്.

61 ഈ ചെറിയ എല്ലാ ആൺകുട്ടികളെയും പെൺകുട്ടികളെയും ഇവിടെ മുന്നിൽ ഞാൻ ആഗ്രഹിക്കുന്നു, അങ്ങനെ എനിക്ക് അവരോട് സംസാരിക്കാൻ കഴിയും. ഇതാ, ഇവിടെ ഞങ്ങൾക്ക് കുറച്ച് കസേരകൾ കിട്ടിയിട്ടുണ്ട്. നിങ്ങൾക്ക് കുറച്ച് കസേരകൾ ലഭിക്കുന്നത് ഞങ്ങൾ കാണുന്നു. അതെ സർ. അവരിൽ ചിലർ ഇവിടെ നമ്മെ സഹായിക്കും. അതിനാൽ, ഇത് ഈ ചെറിയ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മാത്രമായിരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഓ, എന്റെ! അത് നന്നായിരിക്കുന്നില്ലേ? ഇപ്പോൾ അത്...നിങ്ങൾക്ക്

കുറച്ച് കൂടി ഉണ്ടായിരിക്കണമെന്ന് ഞാൻ കരുതുന്നു, സഹോദരൻ നെവിൽ, ഒരു ജോഡികൾ കൂടി കടന്നു വരുന്നത് ഞാൻ കാണുന്നു. ഇപ്പോൾ അത് വളരെ നന്നായിരിക്കുന്നു!

62 ഇവിടെ എത്ര അമ്മമാരുണ്ട്? നിങ്ങളുടെ കൈ ഉയർത്തു. ഓ, അത് അതിശയകരമാണ്! ഇപ്പോൾ, അത് മികച്ചതും മനോഹരവും ആയിരിക്കുന്നു.

63 ഇനി പുറകിലെ കൊച്ചു പെൺകുട്ടികൾ ഇവിടെ കയറി വരാൻ ആഗ്രഹിക്കുന്നെങ്കിൽ, നിങ്ങൾക്ക് അമ്മയിൽ നിന്ന് മാറി ഇരിക്കാനുള്ള പ്രായമുണ്ടെങ്കിൽ, നേരെ മുന്നോട്ട് വരൂ. പിന്നെ മമ്മിക്ക് നിന്നെ ഇവിടെ കൊണ്ടുവരാൻ ആഗ്രഹമുണ്ട്, അതെ, അവളോട് നേരെ വരാൻ പറയൂ. അത്, മമ്മയ്ക്കും കൂടെ ഉള്ളതാണ്. അങ്ങനെയാകട്ടെ, ഇപ്പോൾ.

64 കുട്ടികളേ, ഞാൻ നിങ്ങളോട് പറയട്ടെ, ഞങ്ങൾ ഒരു വാക്യം വായിച്ചു. നിങ്ങൾക്കെല്ലാവർക്കും ഇത് എന്നോടൊപ്പം ഏറ്റുപറയാൻ താല്പര്യമുണ്ടോ? ഈ വാക്യം എന്നോടൊപ്പം ഉദ്ധരിക്കാൻ നിങ്ങൾ എല്ലാവരും ആഗ്രഹിക്കുന്നോ? ഇപ്പോൾ, ഇത് വിശുദ്ധ മത്തായി, 16-ാം അദ്ധ്യായത്തിന്റെ 25-ാം വാക്യത്തിലാണ് കാണപ്പെടുന്നത്, അതിനെപ്പറ്റിയാണ് നമ്മൾ സംസാരിക്കാൻ പോകുന്നത്. ഇപ്പോൾ ഈ ചെറിയ...എല്ലാ ചെറിയ ആൺകുട്ടികളും പെൺകുട്ടികളും, ഇന്ന് രാവിലെ, ഇപ്പോൾ എന്നോട് ചേർന്നു ഇത് ഉദ്ധരിക്കു: [ആൺകുട്ടികളും പെൺകുട്ടികളും ബ്രദർ ബ്രൺഹാമിന് ശേഷം ആവർത്തിക്കുന്നു—Ed.] പറയൂ, "വിശുദ്ധ മത്തായി, 16-ാം അദ്ധ്യായം, 25-ാം വാക്യം." ഇപ്പോൾ നിങ്ങൾ എന്നോടൊപ്പം ഉദ്ധരിക്കു: "ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും." അതിനെ രക്ഷിക്കും. നമുക്ക് അത് വീണ്ടും പറയാം: "എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും." ആശ്ചര്യം!

65 ഇപ്പോൾ, ആൺകുട്ടികളും പെൺകുട്ടികളും, എന്താണെന്നു നിങ്ങൾക്ക് അറിയാമോ? യഥാർത്ഥ മൂല്യമുള്ള വളരെ കാര്യങ്ങൾ ലോകത്തിലുണ്ട്. ആ കാര്യങ്ങളിലുള്ള ഒരെണ്ണം, ഇന്ന് അത് നിങ്ങൾക്കുണ്ട്, അത് ആ ശരീരത്തിനു ഉള്ളിലുള്ള പ്രാണനാണ്. നിങ്ങൾക്ക്, അതാണ് ലോകത്തിലെ ഏറ്റവും വിലപ്പെട്ട കാര്യം. അത് ശരിയാണോ അമ്മേ? പറയൂ, "ആമേൻ." [അമ്മമാർ പറയുന്നു, "ആമേൻ."—Ed.] നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന ഏറ്റവും മൂല്യവത്തായ കാര്യം നിങ്ങളുടെ പ്രാണനാണ്. ഇപ്പോൾ നിങ്ങൾ നിങ്ങളുടെ പ്രാണനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ, നിങ്ങൾ അതിനെ കളയും. നിങ്ങൾ

നിങ്ങളുടെ പ്രാണനെ കളഞ്ഞാൽ, നിങ്ങൾ അതിനെ കണ്ടെത്താൻ പോകുകയാണ്; നിങ്ങൾ നിങ്ങളുടെ പ്രാണനെ യേശുവിനായി കളഞ്ഞാൽ, നോക്കു. മറ്റൊരു വിധത്തിൽ, നിങ്ങൾ യേശുവിൽ വിശ്വസിക്കുന്നെങ്കിൽ, നിങ്ങൾ അവന്റെ ശിഷ്യനായി തീരും. പിന്നെ നിങ്ങൾ ഇങ്ങനെ ചെറുപ്പത്തിൽ തന്നെ യേശുവിന് നിങ്ങളുടെ ജീവൻ സമർപ്പിച്ചാൽ, പിന്നെ നിങ്ങൾ പോയിട്ട്...അവൻ അതിനെ നിത്യ ജീവനിലേക്ക് രക്ഷിക്കാൻ പോകുന്നു. എന്നാൽ നിങ്ങൾ—നിങ്ങൾ അതിനെ സൂക്ഷിച്ചാൽ, നിങ്ങൾ അത് നഷ്ടപ്പെടുത്താൻ പോകുന്നു; അതെ, നിങ്ങൾ കളയുന്നു. പുറത്തുപോയി അവർ ചെയ്യുന്നതുപോലെ ചെയ്ത്, ഇവിടെ ചുറ്റിനുമുള്ള മറ്റ് പെൺകുട്ടികളെയും ആൺകുട്ടികളെയും പോലെ നിങ്ങൾ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നു, അപ്പോൾ നിങ്ങൾ പോയി—നിങ്ങൾ—നിങ്ങൾ അത് നഷ്ടമാകാൻ പോകുന്നു. എന്നാൽ നിങ്ങളുടെ ജീവൻ യേശുവിന് സമർപ്പിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ, നിങ്ങൾ അതിനെ നിത്യതയ്ക്കായി എന്നേക്കും രക്ഷിക്കാൻ പോകുന്നു.

66 ഇപ്പോൾ, നിങ്ങൾ ഇപ്പോൾ ഇത് ഓർത്തിരിക്കു, നിങ്ങളുടെ ചെറിയ പ്രാണൻ, അത് ലോകത്തിലെ ഏറ്റവും വിലപ്പെട്ട വസ്തുവാണ്. നിങ്ങൾ അതിനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ, നിങ്ങൾ അത് കളയും; നിങ്ങൾ അത് യേശുവിന് കൊടുത്താൽ, നിങ്ങൾ അതിനെ രക്ഷിക്കും. നിങ്ങൾക്ക് അത് എന്നോടൊപ്പം പറയാമോ? എങ്കിൽ... [ആൺകുട്ടികളും പെൺകുട്ടികളും ബ്രദർ ബ്രൺഹാമിന് ശേഷം ആവർത്തിക്കുന്നു—Ed.] പറയൂ, “ഞാൻ അതിനെ സൂക്ഷിച്ചാൽ, ഞാൻ അത് കളയും; ഞാൻ അതിനെ യേശുവിന് കൊടുത്താൽ ഞാൻ അതിനെ രക്ഷിക്കും.” അതാണ് അത്! ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി. അല്ലാതെ അത്...

67 എല്ലാ അമ്മമാരും അത് നല്ലതാണെന്ന് കരുതുന്നു, പറയൂ, “ആമേൻ.” [അമ്മമാർ പറയുന്നു, “ആമേൻ!”—Ed.] ഓ, അത് കൊള്ളാം! അത് നന്നായിരിക്കുന്നു.

68 ഇപ്പോൾ, നിങ്ങൾ നോക്കു, നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന ഒരു കാര്യമുണ്ട്. ഇപ്പോൾ, നിങ്ങൾ മുന്നോട്ട് പോകു. അവരുടെ ലോക-ആഗ്രഹം ഉണ്ടായിട്ട്, അവർക്ക് അത് പോലെ പ്രവർത്തിക്കാനും മുന്നോട്ട്...ആൺകുട്ടികളും പെൺകുട്ടികളും അവിടേക്ക് പോയി ആ കാര്യങ്ങൾ ചെയ്യാനും, കഥകൾ പറയാനും തെറ്റായ കാര്യങ്ങൾ പറയാനും ആഗ്രഹിക്കുന്നെങ്കിൽ, പിന്നെ—പിന്നെ ചതിക്കുക മോഷ്ടിക്കുക, കൂടാതെ—മോശമായ കാര്യങ്ങൾ ചെയ്യുക, സ്കൂളിൽ കണ്ട് എഴുതുന്ന, കാര്യങ്ങളായി, മുന്നോട്ട് പോകട്ടെ; അവർ നഷ്ടമാക്കി.

അവർ അത് നഷ്ടമാക്കി. എന്നാൽ നിങ്ങൾ അത് യേശുവിന് നൽകിയാൽ, അവർ അത് ചെയ്യില്ല, തുടർന്ന് അത് രക്ഷിക്കും. അതാണ് നിങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നത്. അതല്ലേ?

69 ഇനി നമ്മൾ നമ്മുടെ ചെറിയ കഥയിൽ തുടങ്ങാൻ പോകുന്നു. ഇപ്പോൾ, അതാണ് ഞങ്ങളുടെ പശ്ചാത്തലം, ഇപ്പോൾ നിങ്ങൾ അത് ഓർത്തിരിക്കണം. ഇനി നമുക്ക് നമ്മുടെ ചെറിയ കഥയിൽ തുടങ്ങാം. ഇപ്പോൾ, പണ്ടത്തെ ആളുകളായ, ആ—ആ അപ്പന്മാരെ അപ്പന്മാരെ, നിങ്ങളും കൂടെ, ഇപ്പോൾ ശ്രദ്ധിക്കു; നിങ്ങൾ, പ്രത്യേകിച്ച് അമ്മമാരും അപ്പന്മാരുമായ നിങ്ങൾ. ഇപ്പോൾ ഇങ്ങനെ...നമ്മൾ തുടങ്ങുന്നു. നിങ്ങൾക്ക് ചെറിയ കഥകൾ ഇഷ്ടമാണോ? നിങ്ങൾ ഇഷ്ടപ്പെടുന്നോ? ഓ, ഞാൻ അവയെ ഇഷ്ടപ്പെടുന്നു! പ്രത്യേകിച്ചും ഇപ്പോൾ...സത്യമല്ലാത്ത ഒരുപാട് കഥകൾ നിങ്ങൾ വായിക്കുന്നു. എന്നാൽ ഈ കഥ സത്യമാണ്, അതിലെ ഓരോ വാക്കും, തികച്ചും സത്യമാണ്. ഇത് ദൈവത്തിന്റെ ബൈബിളിലുണ്ട്, അതിനാൽ അത് സത്യമായിരിക്കണം, നോക്കു, കാരണം ഇത് ദൈവത്തിന്റെ വചനമാണ്. ദൈവത്തിന്റെ വചനം സത്യമാണ്.

70 "ഇപ്പോൾ, നിങ്ങൾക്കറിയാം," പറഞ്ഞു, "ഞാൻ വളരെ ക്ഷീണിച്ചിരിക്കുന്നു. ഞാൻ—ഞാൻ—ഞാൻ മരിക്കാറായതുപോലെ ക്ഷീണിച്ചിരിക്കുന്നു."

71 "അതെ," പറഞ്ഞു, "നിങ്ങൾ മുകളിലത്തെ നിലയിൽ പോയി കിടക്കയിൽ കിടന്നു ഉറങ്ങാത്തത് എന്താ? ആ കട്ടിലിൽ കിടന്നു, അവിടെ മുകളിലെ സോഫയിൽ, കിടന്നുറങ്ങു."

72 അവൻ പറഞ്ഞു, "പക്ഷേ, ഓ, ഞാൻ വളരെ ക്ഷീണിതനാണ്." അവൻ പറഞ്ഞു, "ഓ, പ്രിയേ, ഞാൻ ഇന്ന് കണ്ടത് നീ കണ്ടിരുന്നെങ്കിൽ! ഓ, ഞാൻ...ഞാൻ, എന്താ...എനിക്ക് അത്താഴം പോലും വേണ്ട! ഓ, ഇന്ന് ഞാൻ കണ്ട കാഴ്ച, അത് ഭയങ്കരമാണ്!"

പറഞ്ഞു, "അതെ, നിങ്ങൾ ആ കണ്ടത് എന്താണ്?"

73 പറഞ്ഞു, "അതെ, കുട്ടികളുടെ മുന്നിൽ വെച്ച്, എനിക്ക് നിന്നോട് പറയാൻ പറ്റില്ല, ഓ, അത് വളരെ ഭയങ്കരമാണ്! എന്റെ, അത് മോശമായിരുന്നു!"

"അതെ, നിങ്ങൾ ആ കണ്ടത് എന്താണ്?"

74 "അതെ, ഞാൻ മുകളിലേക്ക് പോയി കുറച്ചു സമയം കിടക്കട്ടെ, പിന്നെ—പിന്നെ അത്താഴത്തിന് ശേഷം നമ്മൾ കുട്ടികളെ എല്ലാം കിടക്കയിൽ കിടത്തിയിട്ട്, ഇന്ന് എന്തു സംഭവിച്ചെന്ന് ഞാൻ നിന്നോട് പറയാം."

"അങ്ങനെയാകട്ടെ," അവൾ പറഞ്ഞു.

75 അവൻ മുകളിലേക്ക് പോയി. അവൻ കിടന്നു. "ഓ, വളരെ ക്ഷീണിച്ചിരിക്കുന്നു! ഓ, എന്റെ!" അപ്പൻ തളർന്നു കഴിയുമ്പോൾ അദ്ദേഹം എങ്ങനെയാണെന്ന് നിങ്ങൾക്കറിയാം, ശരിക്കും ക്ഷീണിതനാണ്!

76 കുറച്ച് സമയത്തിന് ശേഷം, ആ തിളങ്ങുന്ന-കണ്ണുള്ള പെൺകുട്ടി, അവൾ നിലത്തുകൂടെ ഓടാൻ തുടങ്ങിയിട്ട്, കുറച്ച് ഉച്ചത്തിൽ സംസാരിക്കുന്നു. പറഞ്ഞു, "ശ്ശ്-ശ്ശ്-ശ്ശ്, ശ്ശ്-ശ്ശ്-ശ്ശ്, അങ്ങനെ ചെയ്യരുത്. നീ അപ്പനെ എഴുന്നേല്പിക്കും. പിന്നെ, ഓ, അദ്ദേഹം വളരെ ക്ഷീണിതനായിട്ട്—അദ്ദേഹത്തിനു മരിക്കാൻ തോന്നുന്നു. അദ്ദേഹം ഇനിയും ജീവിച്ചിരിക്കാൻ ആഗ്രഹിക്കുന്നില്ല. അപ്പന് ക്ഷീണം വന്നാൽ, അതെ, നമ്മൾ അദ്ദേഹത്തെ കുറച്ചു നേരം ഉറങ്ങാൻ അനുവദിക്കണം. അദ്ദേഹത്തെ ഉണർത്തരുത്." ചെറിയ മിർയ്യാം, വളരെ നിശബ്ദമായി, അവൾ അവിടെ പോയി ഇരുന്നു.

77 കുറച്ച് സമയത്തിന് ശേഷം അവൾ അത്താഴം എല്ലാം തയ്യാറാക്കി, അങ്ങനെ അവൾ പടികൾ കയറുന്നു, അവൾ—അവൾ അവനെ വിളിക്കുന്നു, "അമ്രാം?"

78 അവൻ പറഞ്ഞു, "അതെ, യോഖേബേദ്, ഇതാ. ഞാൻ ഇറങ്ങി വരുന്നുണ്ട്." അങ്ങനെ അവർ പടികൾ ഇറങ്ങുന്നു, നിങ്ങൾക്കറിയാം, അവർ ഒരു നല്ല അത്താഴം കഴിച്ചു.

79 അങ്ങനെ അവർ അത്താഴം കഴിച്ച ശേഷം, ആ ചെറിയ—ചെറിയ ആൺകുട്ടിയും പെൺകുട്ടിയും അവരുടെ അത്താഴം മുഴുവൻ കഴിച്ചു, എന്താ, അവർ...അമ്മ ആ സാധനങ്ങൾ മാറ്റിവെച്ചിട്ട് അവരെ കട്ടിലിൽ കിടത്തി.

80 എന്നിട്ട് അവൾ മുറിയിലേക്ക് പോയി, അവളും അവളുടെ ഭർത്താവും, അവർ ഇരുന്നു. പറഞ്ഞു, "അതെ, ഇപ്പോൾ, നിങ്ങൾ ഇന്ന് ആ കണ്ടത് എന്താണ്, അമ്രാം, അത് നിങ്ങളെ അങ്ങനെ—അങ്ങനെ ഈ രാത്രി വളരെ വിഷമിപ്പിച്ചിട്ട്, നിങ്ങൾ ജീവിക്കാൻ പോലും ആഗ്രഹിക്കുന്നില്ല?"

81 "ഓ," അവൻ പറഞ്ഞു, "പ്രിയേ, എനിക്ക്—എനിക്ക് അത് മനസ്സിലാക്കാൻ കഴിയുന്നില്ല." അവൻ പറഞ്ഞു, "ഞാൻ കണ്ടു... അതെ, ഞങ്ങൾ ഇത് എല്ലാ ദിവസവും കാണുന്നു, പക്ഷേ ഇന്ന് വിശേഷിച്ചതാണ്." പറഞ്ഞു, "ഓ, ഞാൻ—ഞാൻ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ഭയാനകമായ കാഴ്ച ഞാൻ കണ്ടു." പറഞ്ഞു, "നമ്മുടെ പാവം ബാലന്മാർ, അവരിൽ ചിലർക്ക് പന്ത്രണ്ട് വയസ്സിന് മുകളിൽ

ഉണ്ടാവില്ല, അവരുടെ കഴുത്തിൽ കയറുകൾ *അങ്ങനെ* മുറുകിയിട്ട്, ആ വലിയ പഴയ വണ്ടി വലിക്കുന്നു. ആ വലിയ ചരിവിലൂടെ, ആ പാവം കുട്ടികൾ മുകളിലേക്ക് പിന്നെയും വലിക്കാൻ കഴിയാത്തതു വരെ വലിച്ചു, ആ വലിയ കല്ലുകൾ അവിടെ തിരിച്ചെത്തിയിട്ട്, അവർക്ക് പിന്നെയും മുന്നോട്ട് പോകാൻ കഴിഞ്ഞിരുന്നില്ല. കുറച്ച് സമയത്തിന് ശേഷം വാഗൺ കർക്കശ ശബ്ദം ഉണ്ടാക്കാൻ തുടങ്ങിയിട്ട് പതുക്കെ പതുക്കെ പോയി, കുറച്ച് സമയം കഴിഞ്ഞിട്ട് അതിനെ നിർത്തി. റോഡിലൂടെ ഒരു മനുഷ്യൻ വരികയായിരുന്നു, ഓ, അവൻ ഒരു ഭ്രാന്തനായിരുന്നു! അവൻ അലറി വിളിച്ചു, 'നിങ്ങൾ എന്തിനാണ് ഈ വണ്ടിയെ നിർത്തിയിരിക്കുന്നത്?' 'വാം!' ആ വലിയ വലിയ പഴയ പാമ്പുകളുടെ ചാട്ടവാറുകളുമായി, പുറകിലൂടെ അതിനെ ചമ്മട്ടികൊണ്ട് അടിച്ചിട്ട്, അവരുടെ പുറകിൽ നിന്ന് രക്തം ഒഴുകുന്നുണ്ടായിരുന്നു, *അതു* പോലെ താഴേക്ക് ഓടുമ്പോൾ. ആ പാവം കുട്ടികൾ ഈ കയറിൽ തൂങ്ങിക്കിടന്നിട്ട് കരയുന്നുണ്ടായിരുന്നു." പറഞ്ഞു, "ഓ, യോഖേബേദ്! നമുക്ക് എന്തു ചെയ്യാനാകും, അമ്മേ?" പറഞ്ഞു, "നമ്മൾ ദൈവത്തിന്റെ ജനങ്ങളാണ്. ദൈവം നമ്മളെ അനുഗ്രഹിച്ചിരുന്നു. നമ്മൾ അബ്രഹാമിന്റെയും, ഇസ്ഹാക്കിന്റെയും, യാക്കോബിന്റെയും മക്കളാണ്. പിന്നെ എന്തിനാണ് നമ്മൾ ഈ കാര്യങ്ങൾക്ക് അടിമകളാകേണ്ടി വരുന്നത്? ഓ, ആ പാവം ആൺകുട്ടികൾ എങ്ങനെ കരഞ്ഞു എന്നത് ഭയങ്കരമാണ്. ഓ, ഞാൻ പ്രാർത്ഥിച്ച് ഞാൻ പ്രാർത്ഥിച്ച്, ഞാൻ പ്രാർത്ഥിച്ചുകൊണ്ടരിക്കുന്നു, യോഖേബേദ്, ദൈവം ഞാൻ പറയുന്നത് കേൾക്കുന്നില്ല എന്ന് പോലും തോന്നുന്നു. ഞാൻ പ്രാർത്ഥിക്കുന്നു പിന്നെയും ഞാൻ പ്രാർത്ഥിക്കുന്നു, അവൻ തിരിഞ്ഞിട്ട് ബധിരനായിരിക്കുന്നതു പോലെ തോന്നുന്നു, അവൻ എന്നെ ഒട്ടും കേൾക്കുന്നില്ല. അവൻ ഇനിയും ശ്രദ്ധിക്കുന്നില്ലെന്ന് എന്നു തോന്നുന്നു."

82 "ഇപ്പോൾ," അവൾ പറഞ്ഞു, "നോക്കു, അമ്രാം, അത് ശരിയായി തോന്നുന്നില്ല. നിങ്ങൾ ഒരു യഥാർത്ഥ അപ്പനാണ്, നിങ്ങൾ...അത് നിങ്ങളെപ്പോലെ തോന്നുന്നില്ല, കാരണം നിങ്ങൾ എല്ലായ്പോഴും ഞങ്ങളെ പ്രോത്സാഹിപ്പിച്ചിട്ട്, ദൈവത്തിൽ വിശ്വസിക്കാൻ ഞങ്ങളോട് പറയുന്നു."

83 "ഓ, പക്ഷേ, പ്രിയേ, ഞാൻ വളരെയധികം പ്രാർത്ഥിച്ചിട്ടും, ഇപ്പോഴും ദൈവം എന്നെ കേൾക്കുന്നില്ല, അത് എല്ലായ്പോഴും മോശമാകുന്നതു പോലെ തോന്നുന്നു. ഞാൻ പ്രാർത്ഥിക്കുന്തോറും, അത് കൂടുതൽ മോശമാകുന്നു."

84 പക്ഷേ, ചെറിയ ആൺകുട്ടികളേ പെൺകുട്ടികളേ, ദൈവം പ്രാർത്ഥന കേൾക്കുന്നോ? [ആൺകുട്ടികളും പെൺകുട്ടികളും പറയുന്നു, "അതെ."—Ed.] അവൻ പ്രാർത്ഥന കേൾക്കുന്നു. ദൈവം പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുമോ? ["അതെ."] അതെ. അവൻ പെട്ടെന്ന് ഉത്തരം പറയുമോ? എല്ലാ സമയത്തും ചെയ്യില്ല. അവൻ അത് ചെയ്യുമോ? ഇല്ല. ചിലപ്പോൾ അവൻ നമ്മെ കാത്തിരിക്കാൻ അനുവദിക്കുന്നു. അതു ശരിയാണോ? ["അതെ."] പക്ഷേ, ദൈവം പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നു, അവൻ ചെയ്യുന്നില്ലേ? എല്ലാം തെറ്റായി പോകുന്നതുകൊണ്ട്, അത് നാം പ്രാർത്ഥന നിർത്തണം എന്നതിന്റെ ലക്ഷണമല്ല. എങ്ങനെയും, നമ്മൾ തുടർച്ചയായി പ്രാർത്ഥിക്കുന്നു, നമ്മൾ പ്രാർത്ഥിക്കുന്നില്ലേ? അത് ശരിയാണ്. ഇപ്പോൾ, നിങ്ങൾ ശരിയായി ഉത്തരം പറഞ്ഞു. ദൈവം പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നു. നമുക്ക് എല്ലാവർക്കും ഒരുമിച്ച് പറയാം. "ദൈവം പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നു." അതെ. സാഹചര്യങ്ങൾ എന്തുതന്നെ ആയാലും, എങ്ങനെയെങ്കിലും, അവൻ ഉത്തരം നൽകുന്നു. അങ്ങനെയാകട്ടെ.

"അതെ, നിങ്ങൾ വീണ്ടും പ്രാർത്ഥിക്കാൻ പോകുകയാണോ?"

85 "അതെ." ഡാഡിയ്ക്ക് പ്രാർത്ഥിക്കാൻ തട്ടിന് മുകളിൽ ഒരു രഹസ്യ മുറി ഉണ്ടായിരുന്നു അവിടെ അവൻ പ്രാർത്ഥിക്കാൻ പോയി. അങ്ങനെ ആ രാത്രി അവൻ അവിടെ കടന്നിട്ട്, അവൻ അരികിൽ മുട്ടുകുത്തി, അവൻ പറഞ്ഞു...ഇപ്പോൾ അവൻ പറഞ്ഞു, "യോഖേബേദ്, നീ കിടക്കയിലേക്ക് പോയി കിടന്നോളൂ, നീയും കുഞ്ഞുങ്ങളും. കാരണം, എന്നെ ശല്യപ്പെടുത്തരുത്, ചിലപ്പോൾ ഇന്ന് രാത്രി മുഴുവൻ ഞാൻ പ്രാർത്ഥിക്കാൻ ഇടയുണ്ട്."

86 അങ്ങനെ അവൻ മുട്ടുകുത്തി, അവൻ പ്രാർത്ഥിക്കുന്നു പിന്നെയും അവൻ പ്രാർത്ഥിക്കുന്നു. അവൻ തന്റെ കൈകൾ ഉയർത്തി പറയുന്നത് ഞാൻ കാണുന്നു, പറയുന്നു, "ഓ അബ്രഹാമിന്റെയും, യിസ്ഹാക്കിന്റെയും, യാക്കോബിന്റെയും ദൈവമേ, നിന്റെ ജനത്തോടുള്ള നിന്റെ വാഗ്ദത്തം ഓർക്കണമേ! ഇവിടെ ഞങ്ങൾ മിസ്രയീമിൽ ആകുന്നു, ഞങ്ങൾ അടിമത്തത്തിൻ കീഴിലാണ്. കൂടാതെ, ഓ, ഞങ്ങളുടെ ക്രൂരരായ കഠിന ജോലി ചെയ്യിക്കുന്നവർ—ചെയ്യാൻ ഞങ്ങളെ ഉപദ്രവിച്ച്, ഞങ്ങളുടെ ചുറ്റിനും അടിക്കുന്നു, ഞങ്ങളുടെ പാവപ്പെട്ട—ആളുകളെ, തുണിയുരിഞ്ഞ് നഗ്നരാക്കി, അവർ ഞങ്ങളെ ചാട്ടകൊണ്ട് അടിക്കുന്നു. ഞങ്ങൾ നിന്റെ ജനങ്ങളാണ്. ഓ ദൈവമേ, തീർച്ചയായും നീ പ്രാർത്ഥന കേൾക്കും! തീർച്ചയായും നീ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകും! ഞാൻ പ്രാർത്ഥിക്കുന്നു പിന്നെയും

ഞാൻ പ്രാർത്ഥിക്കുന്നു വീണ്ടും ഞാൻ പ്രാർത്ഥിക്കുകയും, നീ എനിക്ക് ഉത്തരം പോലും നൽകുന്നില്ലെന്ന് തോന്നുന്നു. പക്ഷേ, ദൈവമേ, നീ ദൈവമാണെന്ന് ഞാൻ വിശ്വസിക്കുന്നു, ഒടുവിൽ നീ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകും." ഏതാണ്ട് രാത്രി മുഴുവൻ, അവൻ അങ്ങനെ പ്രാർത്ഥിച്ചു.

87 അടുത്ത ദിവസം പുലർച്ചെ, ഏകദേശം മൂന്നോ അതോ നാലോ മണിക്ക്, അവൻ ചെറിയ പടികൾ ഇറങ്ങി വരുന്നു. അവൻ അവിടേക്ക് നോക്കുന്നു, അവിടെ അവന്റെ സുന്ദരിയായ ഭാര്യ, യോഖേബേദ്. അവൾ അവിടെ കട്ടിലിൽ ഉറങ്ങുകയായിരുന്നു. ചെറിയ അഹരോനും ചെറിയ മിർയ്യവും ഇതിനകം കട്ടിലിൽ മടങ്ങി ചുരുണ്ടു കഴിഞ്ഞിരുന്നു, അങ്ങനെ അവരാൽ കഴിയുന്നത്ര ഉറങ്ങിയിട്ട്, നന്നായി ഉറങ്ങുകയായിരുന്നു. അങ്ങനെയാകട്ടെ. അവൻ അവളോട് പറയുന്നു...അവൾ പറഞ്ഞു, "ഇത് നന്നേ താമസിച്ചിരിക്കുന്നു, നിങ്ങൾ ഇപ്പോൾ എഴുന്നേറ്റിട്ട്..."

88 "അതെ, ഞാൻ രാത്രി മുഴുവൻ പ്രാർത്ഥിച്ചു." അവൻ ജനങ്ങൾക്കുവേണ്ടി കരഞ്ഞതിനാൽ, അവന്റെ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞിരുന്നു.

89 അവൾ പറഞ്ഞു, "നോക്കൂ, അമ്രാം, നിങ്ങൾ അതിനായി അധികം ശ്രമിക്കരുത്."

90 "ഇപ്പോൾ," അവൻ പറഞ്ഞു, "പ്രിയേ, കേൾക്കൂ. അത് നല്ലതാണ്. എന്നാൽ ഇപ്പോൾ നോക്കൂ, നിനക്ക് വളർത്താൻ ഇവിടെ രണ്ട് കുഞ്ഞുങ്ങൾ ഉണ്ട്. ആ ഭാരം എന്റേതാണ്. നമ്മുടെ പാവപ്പെട്ട ജനങ്ങൾക്ക് വേണ്ടി ആരെങ്കിലും പ്രാർത്ഥിച്ചില്ലെങ്കിൽ, അവരുടെ അവസ്ഥ എന്താകും? ആരുടെയെങ്കിലും ഹൃദയത്തിൽ ആ ജനങ്ങൾ ഇല്ലെങ്കിൽ എന്ത് സംഭവിക്കും? ആരെങ്കിലും പ്രാർത്ഥിക്കേണ്ടതുണ്ട്."

"അതെ," അവൾ പറഞ്ഞു, "അമ്രാം, ആ ഭാരം മുഴുവൻ നിങ്ങളുടേതല്ല."

91 "അതെ, അത് അങ്ങനെയാണെന്നു തോന്നുന്നു. എങ്ങനെയും, എല്ലാ നേരത്തും, എങ്ങനെയും, പ്രാർത്ഥിക്കും!"

92 ആ ദിവസം ജോലിക്ക് പോകുന്നു. ഓരോ ദിവസവും അവൻ വരുന്നു പോകുന്നു, അതേ പഴയ അതേ അധ്വാനം. അവനു ഒരു കഠിനമായ ജോലി ഉണ്ടായിരുന്നു. അവന് ചെയ്യേണ്ട...അവർ വളരെ വലിയ അച്ചുകളിലേക്ക് കുമ്മായക്കൂട്ട് ഒഴിച്ചിട്ട്, അവനു ആ വലിയ ചൂളയ്ക്കരികിൽ നിൽക്കേണ്ടി വന്നിരുന്നു. അവർ അത് തുറക്കുമ്പോൾ, ഓ, എന്റെ, ആ ഭയാനകമായ ചൂട്, അത് മിക്കവാറും അവന്റെ

ചർമ്മത്തെ തകർത്തിരുന്നു! അവൻ ആ ഇഷ്ടികകളെ അവിടേയ്ക്ക് തള്ളിയിട്ട് ചുട്ടതിനു ശേഷം, അവയെ പുറത്തു കൊണ്ടുവന്ന്; വലിയ വിശാലമായ റോഡുകളും, വളരെ വലിയ ഉയരമുള്ള ഗോപുരങ്ങളും, വിഗ്രഹ ദൈവങ്ങളെയും മറ്റും നിർമ്മിച്ചിരുന്നു. ശത്രുവിന് വേണ്ടി, ഈ യഥാർത്ഥ ക്രിസ്ത്യാനിയായ മനുഷ്യൻ അങ്ങനെ ജോലി ചെയ്യുന്നു. പക്ഷേ അവൻ ഒരു അടിമയായിരുന്നു, അവൻ അടിമത്തത്തിൽ ആയിരുന്നു. അവന് അത് ചെയ്യണമായിരുന്നു.

93 എന്നും രാത്രി അവൻ വീട്ടിലേക്ക് വരുമ്പോൾ, അവൻ പ്രാർത്ഥിക്കുമായിരുന്നു. വണ്ടും പടികൾ കയറി മുകളിലേക്ക് പോകുന്നു, പ്രാർത്ഥിച്ചു പ്രാർത്ഥിച്ചു പിന്നെയും പ്രാർത്ഥിച്ചിട്ട് തിരികെ താഴേക്ക് ഇറങ്ങുന്നു. മെച്ചപ്പെട്ടിട്ടില്ല; മോശമായിക്കൊണ്ടിരുന്നു.

94 ജോലിസ്ഥലത്ത് വെച്ച് ഒരു ദിവസം അവൻ ഒരു കിംവദന്തി കേട്ടു. പറഞ്ഞു, "എന്താണ് അത്? അത് എന്താണ്? എന്നോട് പറയൂ!" ആരോ മറ്റൊരാളോട് പതുക്കെ മന്ത്രിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ, പകൽ കഴിയുന്നതു മുമ്പ്, എന്താണ് സംഭവിക്കാൻ പോകുന്നതെന്ന്, അത് നാട് മുഴുവൻ പരന്നു.

95 അത് എന്തായിരുന്നു? അന്ന് രാത്രി ഒരു കൌൺസിൽ യോഗം ചേരാനിരിക്കുന്നു. വൃദ്ധനായ ഫറവോൻ രാജാവ്, വൃദ്ധനായ ദുഷ്ട രാജാവ് തന്റെ ആളുകളെയെല്ലാം കൂട്ടിവരുത്തി മറ്റൊരു വലിയ കൌൺസിൽ നടത്താൻ പോവുകയായിരുന്നു. അങ്ങനെ അവർ അവിടെ ഈ മഹത്തായ കൌൺസിൽ യോഗം നടത്തി.

96 അങ്ങനെ അന്ന് രാത്രി അവൻ അകത്തേക്ക് പോയി, ഓ, അവൻ ആകെ തളർന്നിരുന്നു. അവൻ അകത്തേക്ക് പോകുമ്പോൾ, ഭാര്യ പറയുന്നു, "അമ്രാം, പ്രിയ," അവൾ അവനെ വാതിൽക്കൽ കണ്ടുമുട്ടി ചുംബിച്ചു, പറഞ്ഞു, "ഞാൻ നിങ്ങൾക്ക് അത്താഴം നല്ല ചൂടോടെ തയ്യാറാക്കിയിരിക്കുന്നു. പക്ഷേ," പറഞ്ഞു, "പ്രിയ, നിങ്ങൾ വളരെ വിളറിയിരിക്കുന്നതു പോലെ തോന്നുന്നു. എന്താണ് ആ കാര്യം?"

97 പറഞ്ഞു, "ഓ, യോഖേബേദ്, എന്തു സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നു നിനക്ക് അറിയാൻ സാധിച്ചെങ്കിൽ! ഓ, ഇത് എന്നത്തേക്കാളും മോശമാണ്!"

"എന്താണ്?"

98 "ശ്ശ്-ശ്ശ്, ഇത് പറയാൻ കഴിയില്ല, കുട്ടികൾ ചുറ്റും ഉണ്ട്. അത്താഴം കഴിയുന്നതുവരെ കാത്തിരിക്കൂ, ഞാൻ അതിനെക്കുറിച്ച് നിന്നോട് പറയാം."

"ശരി."

99 അങ്ങനെ, അവളുടെ അത്താഴം തയ്യാറാക്കി. പിന്നെ അത്താഴം കഴിച്ച്, കുട്ടികളെ എല്ലാം എടുത്ത് കട്ടിലിൽ കിടത്തി.

100 അങ്ങനെ, അവർ അകത്തേക്ക് പോയി, അവൻ പറഞ്ഞു, "യോഖേബേദ്, ഞാൻ നിന്നോട് ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു." പറഞ്ഞു, "ഏറ്റവും ഭയാനകമായ ഒന്നാണ് സംഭവിക്കുന്നത്."

"എന്താണ്?"

101 പറഞ്ഞു, "ഇന്ന്, ഇന്ന് രാത്രി അവർ മറ്റൊരു കൌൺസിൽ നടത്താൻ പോകുന്നു. അവർ അങ്ങനെ ചെയ്യുമ്പോൾ, അവർ മറ്റ് ചില ഭാരങ്ങൾ നമ്മുടെ മേൽ ചുമത്താൻ പോകുന്നു."

102 അങ്ങനെ, അതുകഴിഞ്ഞ്, നമുക്ക് രാജാവിന്റെ കൊട്ടാരത്തിലേക്ക് പോകാം. ഫറവോൻ രാജാവ് അവരെ എല്ലാവരെയും അവിടെ കൊണ്ടുവന്നിട്ട്, പറഞ്ഞു, "ശരിയാണ്, നിങ്ങൾ ജനറൽമാരും എല്ലാവരും! ഇവിടെ ചുറ്റിനും നിങ്ങളുടെ പ്രശ്നം എന്താണ്? ഞാൻ ഇവിടെ എന്റെ കല്പനകൾ നൽകുന്നു! ഈ ജനങ്ങൾ എല്ലായ്പ്പോഴും വർദ്ധിച്ചു വരുന്നു! എന്താണ് കാര്യം? നമുക്ക് ഇത് തടയാൻ കഴിയില്ലേ?" പറഞ്ഞു, "ഏതെങ്കിലും ഒരു ദിവസം മറ്റൊരു സൈന്യം ഇവിടേക്ക് വരും. അവിടെ ഗോശേനിൽ നിന്നുള്ള, ഈ യിസ്രായേല്യർ, നമ്മുടെ ശത്രുക്കളായ ഈ എല്ലാവരും, അവർ ആ സൈന്യത്തോട് ചേരും. അവർ നമ്മെ ജയിക്കുകയും ചെയ്യും. അങ്ങനെ നമ്മുടെ മഹത്തായ സമ്പദ് വ്യവസ്ഥയെ തകർത്ത്, നമ്മുടെ മഹത്തായ രാജ്യത്തെ നശിപ്പിക്കും. അവർ നമ്മെ കൊണ്ടുപോകും. നിങ്ങൾക്ക് എന്ത് സംഭവിച്ചു? ആരെങ്കിലും, സംസാരിക്കു! നിങ്ങൾക്ക് എന്തെങ്കിലും പറയാനില്ലേ?" ഓ, അവൻ നീചനായിരുന്നു, വളരെ നീചൻ. എല്ലാ ജനറലുകളും വിറയ്ക്കുന്നു.

അവരിൽ ഒരാൾ എഴുന്നേറ്റിട്ട്, പറഞ്ഞു, "ഫറവോൻ രാജാവ് നീണാൾ വാഴട്ടെ."

"അതെ, നീ പറയാൻ പോകുന്നത് എന്താണ്!"

103 പറഞ്ഞു, "രാജാവ് നീണാൾ വാഴട്ടെ. നിങ്ങളുടെ രാജകീയ പദവി, സർ," അവൻ പറഞ്ഞു, "നിങ്ങൾ ജനങ്ങളുടെ മേൽ കൂടുതൽ ഭാരം ചുമത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു."

104 "മരവിച്ച-തലയോട്ടി! നീ ഇതിനകം തന്നെ ജനങ്ങളുടെ മേൽ വളരെ ഭാരങ്ങൾ ചുമത്തിയിട്ടുണ്ട്, എന്നിട്ടും അവർ വർദ്ധിച്ചു വരുന്നു. എന്തിന്, നീ, നിനക്ക് എല്ലാമായി കിട്ടിയത് ആ ആശയം

ആണെങ്കിൽ, അത് നിന്നിൽ തന്നെ വെച്ചേക്ക്!" ഓ, അവൻ പരുക്കനാണ്.

105 കുറച്ച് കഴിഞ്ഞ് ഒരാൾ എഴുന്നേറ്റു, പിശാചിനെപ്പോലെ, അവന്റെ മുഖത്ത് വലിയ പുഞ്ചിരി. അവൻ പറഞ്ഞു, "ഫറവോൻ രാജാവ് നീണാൾ വാഴട്ടെ." പറഞ്ഞു, "എനിക്ക് ആശയം കിട്ടിയിരിക്കുന്നു."

പറഞ്ഞു, "അതെ, പറയൂ! അങ്ങനെ അവിടെ നിൽക്കാതെ!"

106 അവൻ പറഞ്ഞു, "നമുക്ക് എന്തു ചെയ്യാനാകുമെന്ന് ഞാൻ നിങ്ങളോട് പറയും." പറഞ്ഞു, "നിങ്ങൾക്കറിയാം, ഈ ജനങ്ങൾ വളരെ വേഗത്തിൽ പെരുകുകയാണ്."

107 "അതെ, അത് ശരിയാണ്!" പറഞ്ഞു, "അവരിൽ ചിലർക്ക്, അവരുടെ ചില ആളുകൾക്ക് പതിനാലോളം കുട്ടികളുണ്ട്, ചിലപ്പോൾ അവർക്ക് ഇരുപത് കുട്ടികളുണ്ടാകും. നമ്മുടെ ആളുകൾക്ക് ചില നേരങ്ങളിൽ ഒന്നുപോലും ഉണ്ടാകാറില്ല." പറഞ്ഞു, "അവർ വളരെ വേഗത്തിൽ വർദ്ധിച്ചു വരുന്നു, അവർ ഭൂമി മുഴുവൻ മൂടുകയാണ്."

108 നോക്കൂ, ദൈവം എന്തോ ചെയ്യുകയായിരുന്നു. നോക്കൂ, ദൈവം എപ്പോഴും പിശാചിന്റെ കണ്ണുകളിൽ കമ്പിളി വലിച്ചിടുന്നു, എന്നു നിങ്ങൾ കാണുന്നു. കണ്ടോ? അവൻ എന്തു ചെയ്യുന്നു എന്ന് അവൻ അറിയുന്നു. കണ്ടോ? ഈ സ്ത്രീകൾക്കെല്ലാം ധാരാളം കുട്ടികളുണ്ട്.

109 "എന്താ," അവൻ പറഞ്ഞു, "രാജാവ് നീണാൾ വാഴട്ടെ. അതെ, എന്താണെന്ന് ഞാൻ നിങ്ങളോട് പറയാം. ഓരോ തവണയും ഒരു സ്ത്രീ ഒരു ആൺകുട്ടിക്ക് ജന്മം നൽകുമ്പോൾ...ഈ ദേശത്തേക്ക് പോയി അത്...ഇല്ലാത്ത ചില സ്ത്രീകളെ കൊണ്ടുവന്ന് അത് അമ്മമാർ അല്ലാത്തവരെ. നിങ്ങൾ നോക്കൂ, ഒരിക്കലും കുട്ടികൾ ജനിക്കാത്ത സ്ത്രീകൾ, കുട്ടികളെ ആഗ്രഹിക്കാത്ത കുട്ടികളെ സ്നേഹിക്കാത്ത സ്ത്രീകളെ, പ്രായമുള്ള അമിതമായ-പരിശോധന വാസനയുള്ള മന്ത്രവാദിനികളെ. നോക്കൂ, മൂക്കിനു നീളം കൂടുന്തോറും, അത് കൂടുതൽ നന്നായിരിക്കും! പഴയ നീണ്ട വിരലുകളും, ചായം-പൂശിയ മുഖങ്ങളും, ഉള്ളവരെ കൊണ്ടുവന്നാലും. ഒരു അമ്മയുടെ സ്നേഹം എന്താണെന്ന് അവർക്കറിയില്ല. അങ്ങനെ ഒരു ചെറിയ ആൺകുഞ്ഞ് ജനിക്കുമ്പോൾ, എന്താ, അവർ പോയി ആ കുഞ്ഞിനെ എടുക്കട്ടെ, അവനെ പുറത്തുകൊണ്ടു വന്ന് അവന്റെ തല ചുമരിൽ ഇടിച്ച് പൊട്ടിച്ച്, അമ്മയെ വീട്ടിന്റെ പുറക് വശത്തേക്ക് എറിഞ്ഞു കളയുകയും ചെയ്യട്ടെ. അവനെ ഒരു വലിയ കിണറ്റിൽ എറിയണം. ഓ, അതിലും ഭേദം, അവനെ പുറത്തെടുത്തു കയ്യും കാലും കെട്ടി, അവനെ പുറത്തേക്ക് എറിഞ്ഞു കളഞ്ഞ്, മുതലകളെ കൊഴുപ്പിക്കണം. അതിൽ നിന്ന്

മുക്തി നേടാനുള്ള വഴിയാണ് ഇത്. അപ്പോൾ അവർ വളരെയധികം വർദ്ധിക്കുകയില്ല, കാരണം പുരുഷന്മാർ ആരും ശേഷിച്ചിരിക്കില്ല; എല്ലാ കൊച്ചു ആൺകുട്ടികളെയും കൊന്നുകളയുക."

110 "ഓ," ഫറവോൻ പറയുന്നു, "അത് കൊള്ളാം! അതൊരു നല്ല ആശയമാണ്!" പിശാച് എന്താണെന്ന് കണ്ടോ? അവൻ ദുഷ്ടനാണ്, അവൻ അല്ലേ? പറഞ്ഞു, "അപ്പോൾ അതാണ് ചെയ്യേണ്ട കാര്യം! പോയി കുട്ടിവരൂ...നിനക്ക് കിട്ടി...ഇപ്പോൾ, ആ ആശയം നിനക്ക് ഉണ്ടായതിനാൽ, ഞാൻ ഇപ്പോൾ തന്നെ നിന്നെ അതിന്റെ മേൽനോട്ടക്കാരനാക്കും. നീ പുറപ്പെട്ടു പോയി നിനക്കറിയാവുന്ന എല്ലാ പ്രായമുള്ള സ്ത്രീകളെയും എടുത്ത്, അത്—അത് ഒരിക്കലും അമ്മമാർ ആയിട്ടില്ല, അവർ കുട്ടികളെ സ്നേഹിക്കുന്നില്ല. അവർ..." അവർ...

111 നിങ്ങൾ നോക്കൂ, ഒരു കുട്ടിയെ സ്നേഹിക്കാൻ ഒരു അമ്മ ആവശ്യമാണ്. അമ്മ നിങ്ങളെ എങ്ങനെ സ്നേഹിച്ചിരുന്നു എന്ന് ഓർക്കുന്നോ? അതെ, ഇപ്പോൾ നോക്കൂ, അമ്മ ചെറിയ കുഞ്ഞുങ്ങളെ സ്നേഹിക്കുന്നു.

112 പക്ഷേ അവർക്ക് ആരെയെങ്കിലും കിട്ടണം അത്—അത് അവർക്ക് ഇല്ലാതെ...അതിന് കുട്ടികൾ ഇല്ലായിരുന്നു, കുട്ടികളെ വേണ്ടായിരുന്നു, അങ്ങനെ—അങ്ങനെ—അങ്ങനെ ആയിട്ട് ശരിക്കും വൃദ്ധരായ സ്ത്രീകളായിരുന്നു. പറഞ്ഞു, "അവരെ പോലീസ് ആക്കൂ. നിങ്ങൾ അവരെ പോലീസ് ആക്കി, അവർക്ക് ഇഷ്ടമുള്ള ഏത് വീട്ടിലും പോകാമെന്ന് അവർക്ക് ഉത്തരവ് കോടുക്കുമ്പോൾ, ഓരോ ചെറിയ കുഞ്ഞിനെയും പുറത്തു കൊണ്ടുവന്നു അതിന്റെ തല ഭിത്തിയിൽ അടിച്ചു പൊട്ടിച്ച്, അതിനെ മുതലകൾക്ക് തിന്നാൻ കൊടുക്കുക. ഓരോ ചെറിയ കുഞ്ഞും!" ഓ, എത്ര ക്രൂരത! അപ്പോൾ അവർ എന്തു ചെയ്തുതെന്ന് നിങ്ങൾക്കറിയാമോ?

"അങ്ങനെയാകട്ടെ, അത് കൊള്ളാം!"

113 അടുത്ത ദിവസം അമ്രാം അവിടെ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ, ആ ഉത്തരവ് പുറപ്പെടുവിച്ചതായി അവൻ കേട്ടു.

114 ഓ, അവൻ വീട്ടിലേക്ക് പോകുന്നു. അവൻ പറഞ്ഞു, "ഓ, യോഖേബേദ്! ഓ പ്രിയേ, ഞാനൊരു കാര്യം നിന്നോട് പറയട്ടെ. പുറപ്പെടുവിച്ച, ആ ഉത്തരവ് എന്താണെന്ന് നിനക്കറിയാമോ? എല്ലാ ചെറിയ ആൺകുഞ്ഞുങ്ങളെയും കൊല്ലാനുള്ളതാണ്." അവൻ അവളോട് പറഞ്ഞു. പറഞ്ഞു, "ഓ, എനിക്കത് സഹിക്കാൻ

കഴിയുന്നില്ല.” പ്രാർത്ഥിക്കാനായി, അവൻ വീണ്ടും മുകളിലേക്ക് പോയി. ആ രാത്രി മുമ്പൊരിക്കലും ഇല്ലാത്തവിധം അവൻ പ്രാർത്ഥിച്ചു.

115 നാം തുടർച്ചയായി പ്രാർത്ഥിച്ചുകൊണ്ടിരിക്കേണ്ടതുണ്ടോ? ഓ, തുടർച്ചയായി പ്രാർത്ഥിക്കുന്നു! അതു ശരിയാണോ? എന്ത് സംഭവിച്ചാലും, തുടർച്ചയായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. പ്രാർത്ഥന തുടർന്നുകൊണ്ടേയിരിക്കുക!

116 ഇപ്പോൾ, നിങ്ങൾ അറിയുന്ന ആദ്യത്തെ കാര്യം, അവൻ രാത്രി മുഴുവൻ പ്രാർത്ഥിച്ചു, “ഓ ദൈവമേ, കരുണ കാട്ടണേ! സഹായിക്കുക, ദൈവമേ! ഏതെങ്കിലും വിധത്തിൽ ഞങ്ങളെ സഹായിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.” ഏകദേശം പകൽ ആകുമ്പോൾ അവൻ തിരികെ വരുന്നു.

117 ഓരോ ദിവസവും, പിന്നെ, ഓ, രാജ്യത്തുടനീളം എന്തൊരു നിലവിളിയാണ്! തെരുവുകളിൽ അങ്ങോളമിങ്ങോളം, ഓരോ ദിവസവും അവർ അമ്മമാരുടെ നിലവിളി കേൾക്കുന്നു. അവരുടെ ചെറിയ, കൌശലക്കാരായ കൊച്ചു ആൺകുട്ടികളെ, അവർ കുഞ്ഞുങ്ങളെ അവരുടെ കൈകളിൽ നിന്ന് പിടിച്ചു വാങ്ങുന്നു. ആ മന്ത്രവാദിനികൾ അവിടേക്ക് പോയി, അവരുടെ ചെറിയ കാലിൽ പിടിച്ച് എടുത്ത്, അവരെ ചുവരിൽ ആഞ്ഞടിച്ച് അവരെ കൊന്നിട്ട്, അവരെ മുതലകൾക്ക് തിന്നാൻ വേണ്ടി എറിയുന്നു. ആ പാവം അമ്മ അവളുടെ മുട്ടിന്മേലായി, അവൾ കരയുമായിരുന്നു, “ഓ, എന്റെ കുഞ്ഞിനെ എടുക്കരുതേ! എന്റെ കുഞ്ഞിനെ എടുക്കരുതേ!” പിന്നെ, ഓ, അവർക്കുണ്ടായിരുന്നത് എന്തൊരു സമയമായിരുന്നു!

118 അമ്മ ചെറിയ കുഞ്ഞിനെ എങ്ങനെ സ്നേഹിക്കുന്നു എന്നും, അവരെ അവളുടെ താടിയിൽ എങ്ങനെ തട്ടുന്നു എന്നും നിങ്ങൾക്കറിയാം. അമ്മ നിങ്ങളെ എടുത്ത് പിന്നെ—നിങ്ങളെ കഴുകി, നിങ്ങളെ ചുംബിച്ച്, പിന്നെ—പിന്നെ—പിന്നെ എത്ര സൌന്ദര്യമുള്ളവർ എന്നു പറയുന്നത് എങ്ങനെ എന്നു നിങ്ങൾ ഓർക്കുന്നുണ്ടാകും. രാത്രിയിൽ അവൾ നിങ്ങളെ കിടക്കയിൽ എങ്ങനെ കിടത്തിയിരുന്നു. കൂടാതെ, ഓ, എങ്കിൽ—നിങ്ങൾ ചെയ്തിട്ട്... ഒരു ചെറിയ വാതിൽ തുറന്നിരിക്കുമ്പോൾ, ചെറിയ തണുത്ത് കാറ്റോ, അത്തരത്തിലുള്ള ഒന്നോ കടന്നുവരുന്നു, ഓ, എന്റെ, അവൾ വേഗത്തിൽ ഓടിപ്പോയി വാതിലടച്ചിട്ട്, കുഞ്ഞിനെ മൂടിവെക്കും, പിന്നെ, നിങ്ങൾക്കറിയാം, അവൾ അത് എടുക്കുന്നു. അവൾ നിന്നെ സ്നേഹിച്ചിരുന്നു. കണ്ടോ? അവൾ നിന്നെ സ്നേഹിച്ചിരുന്നു. ഓ, ദൈവം അവൾക്ക് നൽകിയ ആ ചെറിയ കാര്യത്തെ അവൾ സ്നേഹിച്ചിരുന്നു, അതു നിസ്സഹായമായി അതിന് സ്വയം സഹായിക്കാൻ കഴിയില്ല,

അതിനാൽ അവൾ ആ ചെറിയ കുഞ്ഞിനെ സ്നേഹിച്ചിരുന്നു. അവൾ അവളുടെ കുഞ്ഞുങ്ങളെ ചുംബിക്കുകയും അവരോടൊപ്പം കളിക്കുകയും ചെയ്തിരുന്നു, കാരണം അവൾ ഒരു യഥാർത്ഥ അമ്മയായിരുന്നു. കണ്ടോ?

119 എന്നാൽ ആ കുഞ്ഞുങ്ങളെ കൊന്നിരുന്ന ഈ സ്ത്രീകൾക്ക്, മാതൃസ്നേഹം എന്താണെന്ന് അവർക്ക് അറിയില്ലായിരുന്നു. അവർ അമ്മമാരായിരുന്നില്ല. ലോകത്തിലെ കാര്യങ്ങളായി, അവരുടെ മനസ്സിൽ വലിയ സമയം ഉണ്ടായിരുന്നിട്ട്, അവർ അതിനെപ്പറ്റിയെല്ലാം ചിന്തിച്ചിരുന്നു, അങ്ങനെ അവർ അകത്തേക്ക് പോയി ആ കുഞ്ഞുങ്ങളെ കൊല്ലുമായിരുന്നു. നിങ്ങൾ അറിയാൻ വളരെ ചെറുപ്പമാണ്, എന്നാൽ അത് ഇപ്പോഴും തുടരുന്നു. അത് ശരിയാണ്. ഇപ്പോൾ ഞാൻ എന്തിനെപ്പറ്റിയാണ് സംസാരിക്കുന്നതെന്ന് മുതിർന്നവരായ നിങ്ങൾക്ക് അറിയാം. അത് വളരെയധികമായി, അത് ശരിയാണ്! "ഓ," നിങ്ങൾ പറയും, "ഞാൻ എടുക്കില്ല..." എന്നാൽ ഗർഭച്ഛിദ്രത്തിന്റെ കാര്യവും ഇതുതന്നെയാണ്. ശരിയാണ്, എന്നാൽ അമ്മയുടെ സ്നേഹം എന്താണെന്ന് അവർക്ക് അറിയില്ലെന്നു നിങ്ങൾ കാണുന്നു. ഞാൻ "യഥാർത്ഥ അമ്മമാർ" എന്നു പറയുമ്പോൾ എന്താണ് ഉദ്ദേശിക്കുന്നതെന്ന് ഇപ്പോൾ നിങ്ങൾ അറിയുന്നു! അത് ശരിയാണ്. വ്യത്യസ്തമല്ല; അതേ പിശാച്! അങ്ങനെ അവിടെ, പിന്നെ, അവർ...വർഷന്തോറും, ആയിരക്കണക്കിന് തവണ ആയിരക്കണക്കിന് തവണ ചിന്തിക്കൂ, ഈജിപ്തിലെ പോലെ മോശം, അല്ലെങ്കിൽ അതിലും മോശം.

120 അവിടെ, പിന്നെ, അവർ വരുന്നു, അവർക്ക് ഒരു അമ്മയുടെ സ്നേഹമില്ലായിരുന്നു, അതിനാൽ അവർ ആ കുഞ്ഞുങ്ങളെ എടുത്ത് അവരെ കൊല്ലുമായിരുന്നു. ഓ, അത് തുടർച്ചയായി കൂടുതൽ വഷളായിക്കൊണ്ടിരുന്നു. ഒരു ദിവസം അവിടെ മറ്റൊരു കിംവദന്തി വരുന്നു, അവർ മറ്റൊരു യോഗം നടത്താൻ പോകുന്നു.

121 ഫറവോൻ തന്റെ ഉപദേശകരെ എല്ലാം വിളിച്ചുകൂട്ടി, അവരും, അവർ എല്ലാവും ഒരുമിച്ചു, അവർ അവിടേക്ക് കയറിച്ചെല്ലുന്നു: പറഞ്ഞു, "അതെ, അവ ഇപ്പോഴും വർദ്ധിച്ചുകൊണ്ടിരിക്കുന്നു! നമ്മൾ ഇപ്പോൾ അതിനെപ്പറ്റി എന്തു ചെയ്യും?"

122 ഈ പഴയ കൗശലക്കാരനായ, തന്ത്രശാലിയായ പൈശാചിക-മുഖമുള്ള, വ്യക്തി, എഴുന്നേറ്റു. അവൻ പറഞ്ഞു, "ഫറവോൻ രാജാവ് നീണാൾ വാഴട്ടെ. എനിക്ക് ആ ആശയം ഉണ്ട്. നോക്കൂ, നിങ്ങൾക്കായി ആ മനുഷ്യർ ജോലി ചെയ്യുന്നു. നിങ്ങൾ അവർക്ക് ഇഷ്ടികകൾ ഉണ്ടാക്കാൻ കൊടുക്കുന്നു, ഓരോ ദിവസവും ഇത്രയും, അവയെ

കച്ചിക്കുറ്റിയിൽ നിന്ന് ഉണ്ടാക്കുന്നു. നിങ്ങൾ ആ—ആ ചെറിയ കുട്ടികളെയും മറ്റും കൊന്നു, പക്ഷേ അവർ ഇപ്പോഴും വർദ്ധിച്ചുവരുന്നു. നിങ്ങൾ ചെയ്യേണ്ട കാര്യം, സ്ത്രീകളെയും കൂടെ, ജോലി ഏല്പിക്കുക എന്നതാണ്. നിങ്ങൾ ആ സ്ത്രീകളെ ജോലിക്ക് നിയോഗിച്ചാൽ, പിന്നെ അവർ ചെയ്യില്ല..." ഇപ്പോൾ, അത് ഒരു സ്ത്രീയുടെ സ്ഥലമല്ല. അല്ല. അതിനാൽ അവർ പറഞ്ഞു, "പക്ഷേ നിങ്ങൾ സ്ത്രീകളെ ജോലിക്ക് നിയോഗിച്ച്, അവരെ അവിടെ ഇടണം, അവരും കൂടെ, ഇഷ്ടിക ഉണ്ടാക്കട്ടെ. പിന്നെ അങ്ങനെ അവർ അകത്തു വരുമ്പോൾ അവർ വല്ലാതെ തളർന്നിരിക്കും, അവർ—അവർക്ക് അവരുടെ ഭർത്താവിന്റെ അത്താഴം വേകിക്കാൻ കഴിയില്ല, അവർക്ക് ഒരു നല്ല അമ്മയാകാൻ കഴിയില്ല, നോക്കൂ. അങ്ങനെ അവർ ജോലി ചെയ്യാനും ആ രിതീയിൽ പോകുകയും ചെയ്താൽ, അതിനാൽ അവർ—അവർക്ക് അത് ചെയ്യാൻ കഴിയില്ല. അതിനാൽ, നിങ്ങൾ അവരെയും കൂടെ, ജോലിയിൽ ഇടണം."

123 "അത് കൊള്ളാം! എന്റെ, നീ ഒരു ജ്ഞാനിയാണ്." അതിനാൽ അവൻ എല്ലാ സ്ത്രീകളെയും ജോലിയിൽ ഇടുന്നു.

124 പാവം വൃദ്ധനായ അമ്രാം ഇതാ വരുന്നു, ആ രാത്രിയിൽ കടന്നു വരുന്നു, പറഞ്ഞു, "ഓ, യോഖേബേദ്, നമ്മൾ എന്തു ചെയ്യാൻ പോകുന്നു എന്ന് എനിക്കറിയില്ല. ഇപ്പോൾ അവർ എല്ലാ സ്ത്രീകളെയും ജോലിയിൽ ഇടാൻ പോകുന്നു. ഞാൻ—ഞാൻ നിന്നോട് പറയട്ടെ, ഓ, എന്തു ചെയ്യണമെന്ന് എനിക്കറിയില്ല! നമ്മൾ—നമ്മൾ—നമ്മൾ ഇങ്ങനെ...നമ്മൾ അടിമകളാണ്, നമ്മൾ കൂടുതൽ മോശമാവുകയാണ്. ഞാൻ—ഞാൻ ഇത് മുൻകൂട്ടി പറയുന്നു: ദൈവം എന്തെങ്കിലും നമുക്കുവേണ്ടി ഇപ്പോൾ ചെയ്യുന്നില്ലെങ്കിൽ, അത് നമ്മൾ എല്ലാവരും മരിച്ചതിന് ശേഷമായിരിക്കും."

125 ഇപ്പോൾ, ദൈവം അങ്ങനെ കാത്തിരിക്കില്ല, അവൻ ചെയ്യുമോ? ഇല്ല. ദൈവം ചിലപ്പോൾ നമ്മെ നിരീക്ഷിക്കുന്നു, അവൻ ചെയ്യുന്നില്ലേ? അങ്ങനെയാകട്ടെ.

126 അങ്ങനെ അന്ന് രാത്രി, അവൻ പറഞ്ഞു, "ഞാൻ മുകളിലേക്ക് പോയി മുമ്പൊരിക്കലും പ്രാർത്ഥിക്കാത്ത വിധം പ്രാർത്ഥിക്കാൻ പോകുന്നു!"

127 ഇപ്പോൾ, ആ രീതിയിലാണ് പ്രാർത്ഥിക്കാനുള്ളത്, അല്ലേ? നിങ്ങൾ മുമ്പ് പ്രാർത്ഥിക്കാത്ത വിധത്തിൽ പ്രാർത്ഥിച്ചു, ശരിക്കും വ്യവഹാരത്തിലേക്ക് പോകൂ! നോക്കൂ, നിങ്ങൾ മുകളിലേക്ക് പോയിട്ട് പറയുകയാണ്, "കർത്താവേ, *ഇങ്ങനെ-ഇങ്ങനെ-ഇങ്ങനെ* അനുഗ്രഹിക്കണം," ദൈവം എടുക്കില്ല—അതിനായി അധികം

താല്പര്യം എടുക്കില്ല. എന്നാൽ നിങ്ങൾ ശരിക്കും വ്യവഹാരത്തിലേക്ക് ഇറങ്ങുമ്പോൾ! നിങ്ങൾ ചെറിയ ആൺകുട്ടികളും പെൺകുട്ടികളും പ്രാർത്ഥിക്കുമ്പോൾ, വ്യവഹാരത്തിലേക്ക് ഇറങ്ങൂ! നിങ്ങൾ അത് സ്കൂളിൽ ചെയ്യാറുണ്ടോ? നിങ്ങൾ—സ്കൂളിൽ നിങ്ങളെ സഹായിക്കാൻ നിങ്ങൾ ദൈവത്തോട് ചോദിക്കാറുണ്ടോ? പിന്നെ—നിങ്ങൾ സ്കൂളിലേക്ക് പോകാൻ പോകുമ്പോൾ, നിങ്ങൾക്ക് മികച്ച ഗ്രേഡുകൾ നേടാനായില്ല, നിങ്ങൾ അകത്ത് പോയിട്ട് പറയണം, "ദൈവമേ, നീ എന്നെ സഹായിക്കണമെന്ന് ഞാൻ—ഞാൻ ആഗ്രഹിക്കുന്നു."

128 നിങ്ങൾ പ്രാർത്ഥിക്കാറുണ്ടോ? പ്രാർത്ഥിക്കുന്ന എത്ര ആൺകുട്ടികളും പെൺകുട്ടികളും ഉണ്ട്? ഞങ്ങൾ നിങ്ങളുടെ കൈകൾ കാണട്ടെ. ഓ, അത് കൊള്ളാം. ഇപ്പോൾ, അത് നല്ലതാണ്. മമ്മിയും ഡാഡിയും പോലും നിങ്ങളെ കാണാതെ അവിടെ, നിങ്ങൾക്ക് പ്രാർത്ഥിക്കാൻ പോകുന്ന ഒരു രഹസ്യ സ്ഥലം നിങ്ങൾക്കുണ്ടോ? നിങ്ങൾ അങ്ങനെയാണോ പ്രാർത്ഥിക്കുന്നത്? നിങ്ങൾ—നിങ്ങൾ അങ്ങനെ പ്രാർത്ഥിക്കാറില്ലേ? ഒരു ചെറിയ സ്ഥലം എടുത്ത്, പതുക്കെ പുറത്തേക്ക് ഇറങ്ങി പ്രാർത്ഥിച്ച്, നിങ്ങളുടെ ചെറിയ പ്രാർത്ഥന പറയൂ. എല്ലാ രാത്രിയിലും ഉറങ്ങാൻ പോകുന്നതിനു മുമ്പ് നിങ്ങൾ ഇത് പറയാറുണ്ടോ? നിങ്ങൾ രാവിലെ എഴുന്നേൽക്കുമ്പോഴും, മറ്റും? ഓ, അത് നല്ലതാണ്. മറ്റുള്ള എത്ര ചെറിയ ആൺകുട്ടികളും പെൺകുട്ടികളും പ്രാർത്ഥിക്കുന്നുണ്ട്? (നിങ്ങളുടെ കൈ ഉയർത്തു) കെട്ടിടത്തിൽ എല്ലായിടത്തും ആകുന്നു. ഓ, അത് നന്നായിരിക്കുന്നില്ലേ? അതെ, ഇപ്പോൾ, അത് നല്ലതാണ്. ഈ കാര്യങ്ങൾ ചെയ്യാൻ നിങ്ങളെ പഠിപ്പിക്കുന്ന ഒരു യഥാർത്ഥ അമ്മയെയും അപ്പനെയും നിങ്ങൾക്ക് കിട്ടിയെന്ന് ഇത് കാണിക്കുന്നു. ഇപ്പോൾ, ഇപ്പോൾ നിങ്ങൾക്ക് ശരിക്കും ആവശ്യമുള്ളപ്പോൾ, നിങ്ങൾ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നതാണ് നല്ലത്. നിങ്ങൾക്ക് ഉണ്ടായിരുന്നിട്ടില്ലേ?

129 അങ്ങനെ, അബ്രാം, അവൻ പടികയറി മുകളിലേക്ക് പോകുന്നു. ഓ, എന്റെ! അവനു അത്താഴം പോലും വേണ്ടായിരുന്നു. അവൻ പറഞ്ഞു, "ഇത് വളരെ മോശമാണ്. എന്റെ!"

"ഓ," അവൾ പറഞ്ഞു, "ഡാഡ്, നിങ്ങൾ അത്താഴം കഴിക്കണം."

"യോഖേബേദ്, അത് കഴിക്കാൻ കഴിയില്ല. എനിക്ക് അത് ഭക്ഷിക്കാൻ കഴിയില്ല. ഞാൻ—ഞാൻ..."

130 "ഓ," പറഞ്ഞു, "പക്ഷേ നിങ്ങളുടെ ഭാരം കുറയുകയാണ്, നിങ്ങൾ വികാരവിവശനാണ്, നിങ്ങളുടെ മുഖം വിളറിയിരിക്കുന്നു. നിങ്ങളുടെ ഭക്ഷണവും, മറ്റും നിങ്ങൾ ഛർദ്ദിക്കുന്നു."

131 "ഓ, എന്തു ചെയ്യണമെന്ന് എനിക്കറിയില്ല! പക്ഷേ," അവൻ പറഞ്ഞു, "പ്രിയേ, ആരെങ്കിലും ഒരാൾ ആ ആളുകളെ ഹൃദയത്തിലേക്ക് എടുക്കുന്നില്ല എങ്കിൽ, ആരെങ്കിലും ജനങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ചില്ലെങ്കിൽ, നമ്മൾ എന്ത് ചെയ്യും? നമ്മൾ മോശമായിക്കൊണ്ടിരിക്കുന്നു. തീർച്ചയായും, ഒരു സമയം, ദൈവം കേൾക്കും!"

132 അതെ, അത് ശരിയാണ്. അത് ശരിയാണ്. ദൈവം കേൾക്കും. നിങ്ങൾ വ്യവഹാരത്തിലേക്ക് ഇറങ്ങി, അവിടെ തന്നെ ആയിരിക്കു!

133 ഓ, ഇത്തവണ അവൻ വ്യത്യസ്തമായി പടികളിലൂടെ മുകളിലേക്ക് പോകുന്നു. ഈ സമയം അവൻ പടികളിലൂടെ മുകളിലേക്ക് പോകുമ്പോൾ, അവൻ മുട്ടുകുത്തി, അവൻ തന്റെ കൈകൾ മുകളിലേക്ക് ഉയർത്തി, ആക്രോശിച്ചു, "ദൈവമേ, ഞാൻ ഇപ്പോൾ നിന്നോട് സംസാരിക്കുന്നു!" ആമേൻ. വ്യവഹാരത്തിലേക്ക് കടക്കുന്നു! "ദൈവമേ, അങ്ങേക്ക് ചെവികളുണ്ട്, നിനക്ക് കേൾക്കാൻ കഴിയും. അങ്ങേക്ക് കണ്ണുകളുണ്ട്, നിനക്ക് കാണാൻ കഴിയും. നിന്റെ വചനത്തെ നിനക്ക് അറിയാനായി; അങ്ങേക്ക് ഒരു ഓർമ്മയുണ്ട്. നീ നിന്റെ വാഗ്ദത്തം അറിയുന്നു. ദൈവമേ, ഇവിടെ താഴേക്ക് നോക്കാൻ, ഞാൻ നിന്നോട് അപേക്ഷിക്കുന്നു, നീ അബ്രഹാമിന്റെയും, യിസ്സാക്കിന്റെയും, യാക്കോബിന്റെയും ദൈവമാണ്, നിന്റെ ജനം ദുരിതത്തിലായി, അവർ മരിക്കുന്നു. ഞങ്ങൾക്കുവേണ്ടി എന്തെങ്കിലും ചെയ്യൂ, ദൈവമേ! നീ ഞങ്ങൾക്കായി ഉടനടി എന്തെങ്കിലും ചെയ്യണം! നീ ഞങ്ങൾക്ക് എന്തെങ്കിലും ചെയ്യണം, അല്ലെങ്കിൽ ഞങ്ങൾ നശിച്ചുപോകും. ഞങ്ങൾക്ക് നീ ഉണ്ടായിരിക്കണം. ഞങ്ങൾ ജീവിച്ചിരുന്നാൽ, ഞങ്ങൾക്ക് അതു തികച്ചും മതി." അപ്പോഴാണ് നിങ്ങൾ ശരിക്കും പ്രാർത്ഥിക്കുന്നത്. ഓ, അവൻ പ്രാർത്ഥിച്ചു!

134 നിങ്ങൾക്കറിയാമോ, ചിലപ്പോൾ ആളുകൾ പ്രാർത്ഥിക്കുമ്പോൾ അവർ, അവർ ക്ഷീണിതരായി തീരുന്നു. അമ്മയും അപ്പനും, അവർ ക്ഷീണിക്കാറില്ലേ? ഓ, വളരെ ക്ഷീണിച്ചു പോകുന്നു! ബ്രദർ ബ്രൺഹാം ഞാൻ ദീർഘനേരം പ്രാർത്ഥിക്കുമ്പോൾ ചിലപ്പോഴൊക്കെ ഏതാണ്ട് തളർന്നു ബോധം കെട്ടുപോകുന്നു; ഭക്ഷണം കഴിക്കാതെയും, മറ്റുമായി, ദിവസങ്ങളോളം, തളർന്നു പോകുന്നു; പ്രാർത്ഥിച്ച് പ്രാർത്ഥിച്ച് പിന്നെയും പ്രാർത്ഥിച്ചിട്ട്, പ്രസംഗിക്കുന്നു. ഏതാണ്ട്, ഞാൻ തളർന്നുപോകുന്ന പോകുന്ന ഒരു സ്ഥലത്ത് എത്തിച്ചേരുന്നു. ചില സമയങ്ങളിൽ ആളുകൾക്ക് അങ്ങനെ സംഭവിക്കും. അത് വിട്ടുകളയാനുള്ള സമയമല്ല. തുടരൂ! ദൈവം ഉത്തരം നൽകും! [ബ്രദർ

ബ്രൺഹാം പ്രസംഗപീഠത്തിൽ മൂന്നു പ്രാവശ്യം മുട്ടുന്നു—Ed.] അതെ, സർ. തൂങ്ങിക്കിടക്കു! അതെ, സർ.

135 അങ്ങനെ അവൻ ചെറിയ, പഴയ പടികൾ കയറുന്നു. യോഖേബേദ് വന്ന് പറയുന്നത് എനിക്ക് കാണാം, പറയുന്നു, "ഓ, അമ്രാം, വേണ്ട. തേനെ, ഞാൻ—ഞാൻ വിശ്വസിക്കുന്നു..."

136 "ഇപ്പോൾ, യോഖേബേദ്, നോക്കു, നീ നല്ലവളും, സുന്ദരിയുമായി..." അവൾ സുന്ദരിയായിരുന്നു, മനോഹരിയായ അമ്മയായിരുന്നു. അവൻ അവളുടെ കവിളിൽ ചുംബിച്ചു, നിങ്ങൾക്കറിയാം, *അങ്ങനെ* അവളെ തട്ടി. പറഞ്ഞു, "ഇനി അമ്മേ, നീ തിരികെ പോയി അഹരോനെയും—കൊച്ചു മിർയ്യാമിനെയും കിടക്കയിൽ കിടത്തു. ഞാൻ പ്രാർത്ഥിക്കാൻ പോകുകയാണ്. ഇപ്പോൾ, ഞാൻ കരയുന്നത് നീ കേട്ടാൽ, നീ മുകളിലേക്ക് കയറി വരരുത്."

137 "അതെ, പക്ഷേ, അമ്രാം, നീ എന്തു ചെയ്യാൻ പോകുന്നു, പ്രിയ? നീ ഏകദേശം മരിക്കാറായിരിക്കുന്നു."

138 "അതെ, പക്ഷേ എനിക്ക്—എനിക്ക് എന്റെ ജനങ്ങളുടെ ഭാരം ഹൃദയത്തിലുണ്ട്. എനിക്ക് അതിനെക്കുറിച്ച് എന്തെങ്കിലും ചെയ്യണം. എനിക്ക് എന്റെ മുട്ടിന്മേൽ നിൽക്കണം. അങ്ങനെ എല്ലാ ആളുകളും..." അവൻ പറഞ്ഞു, "ഇന്ന്, ഇന്ന് തന്നെ, ഇഷ്ടിക കൂട്ടി ഇട്ടിരുന്നതിന്റെ താഴെ, ഞാൻ ആയിരുന്നപ്പോൾ, തുടർച്ചയായി പറഞ്ഞുകൊണ്ടിരുന്നു, 'അതെ, തീർച്ചയായും, ദൈവം കേൾക്കും!' അപ്പോൾ ഒരു വലിയ വൃദ്ധൻ കയറിവന്ന്, അവൻ തന്റെ അരക്കെട്ടിൽ കൈകൾ വെച്ചുകൊണ്ട്, പറഞ്ഞു, 'അവൻ എപ്പോൾ കേൾക്കും? അവൻ എപ്പോൾ കേൾക്കും?' ആളുകൾക്ക് കയ്പായിരിക്കുന്നതു പോലും എങ്ങനെയെന്ന് കാണുന്നോ? അവർ ദൈവത്തിനു എതിരായി തീരുന്നു, കാരണം അവർ പ്രാർത്ഥിച്ച് പ്രാർത്ഥിച്ച് പിന്നെയും പ്രാർത്ഥിച്ചിട്ടും, ഒന്നും സംഭവിക്കുന്നില്ല. ഈ ഒരാൾ പ്രാർത്ഥിച്ച് പ്രാർത്ഥിച്ച് പിന്നെയും പ്രാർത്ഥിച്ചു, ഒന്നും സംഭവിച്ചില്ല. എല്ലാ പുരോഹിതന്മാരും പറയുന്നു, 'അത്ഭുതങ്ങളുടെ ദിവസങ്ങൾ കഴിഞ്ഞുപോയി, നമുക്ക് ചെയ്യാൻ കഴിയുന്ന ഒരേയൊരു കാര്യം വിഗ്രഹത്തെ ആരാധിക്കുന്ന ഈ കഠിന ജോലി ചെയ്യിക്കുന്നവന്റെ അടുത്തേക്ക് പോയി, അഥവാ വിഗ്രഹാരാധി ആരാധിക്കുന്ന ദേവന്മാരുടെ, അടുത്തേക്കും മറ്റും. അല്ലാതെ നമുക്ക് എന്ത് ചെയ്യാൻ കഴിയും?'" പക്ഷേ അവൻ പറഞ്ഞു, "പക്ഷേ ഞാൻ യഹോവയിൽ വിശ്വസിക്കുന്നു! ആമേൻ! അവൻ ഇപ്പോഴും പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു!"

139 നിങ്ങൾ അത് വിശ്വസിക്കുന്നുണ്ടോ? [കൂട്ടായ്മ പറയുന്നു, “ആമേൻ!”—Ed.] നിങ്ങൾ അത് വിശ്വസിക്കുന്നുണ്ടോ? ആമേൻ! അത് വിശ്വസിക്കുന്ന നിങ്ങൾ എല്ലാവരും പറയൂ, “ആമേൻ.” [“ആമേൻ.”] ഇപ്പോഴും പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നു! അങ്ങനെയാകട്ടെ.

140 പ്രായമായിട്ട് മെലിഞ്ഞ ദുർബലമായ ശരീരം, വളരെയധികം ഭാരം കുറഞ്ഞിരിക്കുന്നു. അവൻ പോകുന്ന കിറുകിറ ശബ്ദമുണ്ടാക്കുന്ന പടികളിലൂടെ മുകളിലേക്ക് പോയി, അവിടേക്ക് പോയി മുട്ടുകുത്തി. അവൻ പറഞ്ഞു, “ഓ യഹോവേ!” ഓ, അവൻ മുമ്പൊരിക്കലും പ്രാർത്ഥിച്ചിട്ടില്ലാത്ത വിധം പ്രാർത്ഥിച്ചു! അവൻ പറഞ്ഞു, “യഹോവേ, ഇവിടെ നോക്കിയാലും! നീ ഒരു യഥാർത്ഥ ദൈവമാണ്. നിങ്ങൾക്ക് ചെവിയുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. നിങ്ങൾക്ക് കണ്ണുകളുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. നീ എല്ലാ കാര്യങ്ങളും അറിയുകയും ചെയ്യുന്നു. നീ എബ്രായരുടെ ദൈവമാണെന്നും, ഞങ്ങൾ വാഗ്ദത്തം ലഭിച്ച ജനങ്ങളാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. നീ നിന്റെ വചനത്തെ കാക്കുന്നു എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.” പറഞ്ഞു, “ഇവിടെയുള്ള ഈ വിഗ്രഹാരാധികളെ നോക്കൂ, അവർ എങ്ങനെയാണ് ഞങ്ങളുടെ അധ്വാനം വിലകുറഞ്ഞതായി എടുക്കുന്നതെന്ന്, വിശാലമായ വലിയ റോഡുകളും വിഗ്രഹങ്ങളും, മറ്റുമെല്ലാം പണിയുന്നു. നീ, യഹോവേ, നീ സ്വർഗ്ഗത്തിൽ ഇരുന്നു വിഗ്രഹാരാധികളെ നിന്നെ ഭരിക്കാൻ അനുവദിക്കുമോ? നീ അത് ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല.” ആമേൻ!

141 അവൻ അത് ചെയ്യുമെന്ന് ഇപ്പോഴും ഞാൻ വിശ്വസിക്കുന്നില്ല! ആമേൻ! പിശാച് അകത്ത് വരുമ്പോൾ, ദൈവം അപ്പോഴും ദൈവമാണ്! ശരിയാണ്! അവൻ അത് ഈ പിശാചുക്കളെ ചെയ്യാൻ അനുവദിക്കില്ല. ഞാൻ അത് വിശ്വസിക്കുന്നു, ഇന്ന്, ഫാഷനും അസംബന്ധവും, ഈ അസംബന്ധങ്ങളും നടന്നുകൊണ്ടിരിക്കുമ്പോൾ; ഇപ്പോഴും, ദൈവം ഇപ്പോഴും വാഴുന്നു അവൻ ഇപ്പോഴും ദൈവം തന്നെ! ശരിയാണ്! നമുക്ക് വേണ്ടത് അബ്രാമിനെ പോലെയുള്ള ഒരാളാണ്, അവരുടെ ഹൃദയത്തിൽ ആ ഭാരം എടുത്തു, അവിടെ ആയിരുന്നു അവർ അതിനായി പ്രാർത്ഥിക്കും, അങ്ങ് അകലെയുള്ള സ്വർഗ്ഗം പിളർന്നു, ദൈവം ഇറങ്ങിവന്ന് പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നതു വരെ. ആമേൻ.

142 “ഇപ്പോൾ ഇവിടെ നോക്കൂ,” അവൻ പറഞ്ഞു, “ദൈവമേ, നിന്റെ ജനത്തെ ഇങ്ങനെ പരിഹസിക്കാൻ നീ വിഗ്രഹാരാധികളെ അനുവദിക്കുമോ? ആഴ്ചകളും മാസങ്ങളും വർഷങ്ങളും കടന്നുപോയി.

കണ്ണീരോടെ, ഞങ്ങൾ ഇടവിടാതെ പ്രാർത്ഥിക്കുന്നു, പക്ഷേ...[ടേപ്പിൽ ശൂന്യമായ സ്ഥലം—Ed.] ഓ ദൈവമേ, അങ്ങനെ ഒരു കാര്യം നീ അനുവദിക്കുമോ?”

143 നൂറുകണക്കിന് ചെറിയ കുഞ്ഞുങ്ങളെ നദികളിലും മാലിന്യക്കുഴികളിലും എറിയുമ്പോൾ, ഇന്ന് ഞാൻ അത്ഭുതപ്പെടുന്നത്, ഗർഭച്ഛിദ്ര കേസുകളും മറ്റുള്ള കുറ്റങ്ങളും ചെയ്തുകൊണ്ട്, ജീവിക്കാൻ അനുവദിക്കാതെ; ഓ യഹോവേ, അത്തരം വൃത്തികെട്ട കാര്യങ്ങൾ തുടരാൻ നീ അനുവദിക്കുമോ? [ബ്രദർ ബ്രൺഹാം പ്രസംഗപീഠത്തിൽ ആറ് തവണ മുട്ടുന്നു—Ed.] ഇന്ന്, വിസ്കിയും ബിയറും, രാത്രി ജീവിതവും, മറ്റെല്ലാത്തിനാലും, നിലവിളിക്കുന്നു. അതിനെക്കുറിച്ച് എന്തെങ്കിലും പറയാൻ അവർ ഭയപ്പെട്ടിട്ട് പുൾപ്പിറ്റ് പോലും ദുർബലമായിരിക്കുന്നു. യഹോവേ, ഇത്തരം വിഡ്ഢിത്തങ്ങൾ തുടരാൻ നീ അനുവദിക്കുമോ? അവൻ ഒരുനാൾ ഉത്തരം തരും. ഓ, അവന്റെ കോപം വരുമ്പോൾ അത് ഭയങ്കരമാണ്. അതെ, സർ. സ്ത്രീകൾ പുറത്തിറങ്ങി അവരുടെ കുഞ്ഞിന്റെ കണ്ണിനെ, സിഗരറ്റിന്റെ ചാരം ഇടാൻ ട്രേയും, മറ്റുമെല്ലാം ആക്കുന്നു. ജനങ്ങൾ അവരുടെ ചെറിയ കുഞ്ഞുങ്ങളെ ബിയർ പാർലറുകളിലേക്ക് കൊണ്ടുപോകുന്നു, ആറോ എട്ടോ വയസ്സുള്ള, ചെറിയ പെൺകുട്ടികളെയും ആൺകുട്ടികളെയും അവിടെ ഇരുത്തിയിട്ട്, മദ്യപാനവും, അതുപോലുള്ള കാര്യങ്ങളും ചെയ്യുന്നു. രാഷ്ട്രം അത് നിയമവിധേയമാക്കുന്നു, പിന്നെ, “ഇതെല്ലാം ശരിയാണ്.” ഓ, എന്റെ! യഹോവ അത് കാണുന്നില്ല എന്ന് കരുതുന്നുണ്ടോ? അപ്പോൾ, അവർ യഥാർത്ഥത്തിൽ ദൈവവുമായി ശരിയായിരിക്കുന്ന ജനങ്ങളെ കളിയാക്കുക പോലും ചെയ്യുന്നു. കളിയാക്കിയാലും, ഇവയെല്ലാം നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പിടിച്ചിരിക്കു, തുടർച്ചയായി അതിൽ തന്നെ പിടിച്ചിരിക്കു! യഹോവ ഉത്തരം നൽകും. വിഷമിക്കേണ്ട. അങ്ങനെയാകട്ടെ.

144 നമ്മൾ കുറച്ച് ദൂരം മുന്നോട്ട് പോകുന്നു. അവൻ അവിടെ പ്രാർത്ഥിക്കുന്നത് നമ്മൾ കാണുന്നു. അവൻ വളരെ ക്ഷീണിതനാകുന്നു, അവൻ കിടന്നു. അവൻ നിലത്തു വീഴുന്നതുവരെ അവൻ പ്രാർത്ഥിക്കുന്നു. അവനു ഇനിയും മുന്നോട്ട് പോകാൻ കഴിയില്ല, അവൻ അല്പം ഒന്നു മയങ്ങി. അവൻ ഉണർന്നു എഴുന്നേറ്റു. “എന്താണ് കാര്യം? ഇവിടെ ചുറ്റും നോക്കുന്നു! എവിടെ നിന്നാണ് ആ വെളിച്ചം വരുന്നത്? ഓ, നോക്കു, അവിടെ ആ മൂലയിൽ നിൽക്കുന്നു.” അവിടെ ഒരു ദൂതൻ നിന്നിരുന്നു, അവന്റെ വാൾ അവന്റെ വശത്ത് തൂങ്ങിക്കിടന്നിരുന്നു. ഓ, അവൻ വീണ്ടും നോക്കി, അവൻ തന്റെ കണ്ണുകളെ തിരുമ്മി. അവന്റെ മുട്ടുകളെ അവൻ മുകളിലേക്ക് വലിച്ചിട്ട്,

അവൻ പറഞ്ഞു, “കർത്താവേ, ഓ, ഓ, എന്താണ്—നിനക്കായി ഞാൻ എന്താണ് ചെയ്യേണ്ടത്?”

145 അവൻ പറഞ്ഞു, “അമ്രാം, ഞാൻ ദൈവത്തിന്റെ ദൂതനാണ്. നിന്റെ പ്രാർത്ഥന ദൈവം കേട്ടു എന്ന് നിന്നോട് പറയാൻ, എന്നെ സ്വർഗ്ഗത്തിൽ നിന്ന് അയച്ചിരിക്കുന്നു. അവൻ ഒരു വിമോചകനെ അയയ്ക്കാൻ പോകുന്നു എന്ന് നിന്നോട് പറയാൻ ഞാൻ വന്നിരിക്കുന്നു. അവന്റെ എല്ലാ വാഗ്ദാനങ്ങളും അവൻ ഓർക്കുന്നു.” ഞാൻ ഇപ്പോൾ ആ ദൂതനെ കാണുന്നു; അവനെ നോക്കു, അവൻ ഈ വാൾ പുറത്തെടുക്കുന്നു. അവൻ അത് വടക്കോട്ട് ചൂണ്ടിക്കാണിക്കുന്നു. അമ്രാം നോക്കി. അവൻ പറഞ്ഞു, “ഈ വാളിന്റെ മുനയാൽ ആ വാഗ്ദത്ത ദേശം സ്ഥാപിക്കുന്നു. നിന്റെ പിതാക്കന്മാരായ, അബ്രഹാമിനോടും, ഇസ്ഹാക്കിനോടും, യാക്കോബിനോടും, നിങ്ങൾ ആ ദേശം അവകാശമാക്കുമെന്ന് ഞാൻ വാഗ്ദത്തം ചെയ്തിരുന്നു. ഞാൻ ജനങ്ങളുടെ ഞരക്കം കേട്ടു, ആ കുട്ടികളുടെ കരച്ചിൽ കേട്ടു, ഞാൻ ഇറങ്ങിവന്നിരിക്കുന്നു. അമ്രാം, നീ പ്രാർത്ഥനയിൽ വിശ്വസ്തൻ ആയിരുന്നതിനാൽ, നീ ഇതിൽ ഒരു വലിയ പങ്കു വഹിക്കാൻ പോകുന്നു എന്ന് നീ അറിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിന്റെ വീട്ടിൽ നീ വിശ്വസ്തനായിരുന്നു. അടുത്ത വർഷം ഏകദേശം ഈ സമയം ആകുമ്പോഴേക്കും, നിന്റെ സുന്ദരിയായ ഭാര്യ, യോഖേബേദ് ഒരു ചെറിയ ആൺകുട്ടിയെ പുണരാൻ പോകുന്നു. ആ ചെറിയ കുഞ്ഞ് ഒരു വിടുവിക്കുന്നവൻ ആകാൻ പോകുന്നു.” മഹത്വം!

146 അവൻ പറഞ്ഞു, “ഓ, അതെ. അതെ. ഓ, അതെ. അതെ. ഓ, അവൻ വളരെ സുന്ദരനാണ്.” അവൻ നോക്കി, ദൂതൻ മുകളിലേക്ക് ഉയരാൻ തുടങ്ങി. ആകാശം മുഴുവൻ തുറന്നു വന്നത് പോലെ തോന്നി, അവൻ മുറിയുടെ പുറത്തേക്ക് പോയി. അവൻ അല്പം കാത്തിരുന്നു. അവൻ പറഞ്ഞു, “ഓ, ഞാൻ അല്ലാതെ മറ്റാരും ഇല്ലല്ലോ.”

147 അവൻ പടികൾ ഇറങ്ങി, വേഗത്തിൽ പോയി, പറഞ്ഞു, “യോഖേബേദ്! യോഖേബേദ്, വളരെ വേഗം!”

പറഞ്ഞു, “അതെ, എന്താണ് കാര്യം, പ്രിയ?”

148 പറഞ്ഞു, “ഇരിക്കു!” ജനാലയിലൂടെ നിലാവ് വെളിച്ചം തെളിഞ്ഞിട്ട്, ആയി...അവൾ സുന്ദരിയായി കാണപ്പെട്ടിരുന്നു. അവൻ പറഞ്ഞു, “ഞാൻ ഇപ്പോൾ ഒരു ദൈവ ദൂതനെ കണ്ടു, അവൻ ഇതെല്ലാം എന്നോട് പറഞ്ഞു.”

“ഓ, അവൻ കാഴ്ചയ്ക്ക് എങ്ങനെ ഉണ്ടായിരുന്നു?” അമ്മ പറഞ്ഞിരുന്നു. “അവൻ കാണാൻ എങ്ങനെ ആയിരുന്നു?”

149 പറഞ്ഞു, "ഓ, അവൻ സുന്ദരനായിരുന്നു. അവൻ തിളങ്ങുന്ന മേലങ്കി ധരിച്ചിരുന്നു. അവന്റെ കണ്ണുകൾ തിളങ്ങിയിരുന്നു. അവന്റെ കയ്യിൽ ഒരു വാൾ ഉണ്ടായിരുന്നു, അവൻ അതിനെ വടക്കോട്ട് ചൂണ്ടിയിരുന്നു." വാഗ്ദത്ത ദേശം ഈജിപ്തിൽ നിന്ന്; അത് ആ വിഴിയെ, അതിന്റെ മേൽ വശത്ത്, പാലസ്തീനിലാണെന്നു, നിങ്ങൾക്കറിയാം. അവൻ പറഞ്ഞു, "അവൻ വടക്കോട്ട് ചൂണ്ടിക്കാണിച്ചു. അടുത്ത വർഷം ഏകദേശം ഈ സമയം ആകുമ്പോഴേക്കും നമുക്ക് ഒരു കുഞ്ഞ് ജനിക്കാൻ പോകുന്നു എന്ന് അവൻ പറഞ്ഞു, ഈ ചെറിയ കുഞ്ഞ് പുറത്തുവന്ന് ഒരു ജയിച്ചടക്കുന്നവൻ ആകാൻ പോകുന്നു, അവന്റെ ജനത്തെ വിടുവിക്കാൻ പോകുന്നു. ഓ, ഹല്ലെലൂയാ, യോഖേബേദ്!"

150 അവൾ വെളുത്തു പോയെന്നു അവൻ കണ്ടു. അവളുടെ മുഖം, അവളുടെ കണ്ണുകൾ ഉറ്റുനോക്കുന്നുണ്ടായിരുന്നു, അവളുടെ വലിയ കണ്ണുകൾ നോക്കുന്നുണ്ടായിരുന്നു. "യോഖേബേദ്, എന്താണ് കാര്യം?"

"ഓ, അമ്രാം! ഇല്ല, ഇല്ല, ഇല്ല! നമുക്ക് ഒരു ആൺകുട്ടി ജനിക്കുമോ?"

"അതെ."

151 "ഓ, നീ...അത് പറ്റില്ല. എന്താണെന്ന് നിങ്ങൾക്കറിയാമോ? ഓ, നിങ്ങൾക്ക് ഒരിക്കലും ഈ ദർശനം ഇല്ലായിരുന്നെങ്കിൽ. എന്താണെന്നു നിങ്ങൾക്കറിയാമോ, ഫറവോൻ, അവൻ എല്ലാ ചെറിയ കുഞ്ഞുങ്ങളെയും കൊല്ലുകയാണ്."

152 "അതെ. പക്ഷേ, നിനക്കറിയാമോ, ദൈവം ഈ കുഞ്ഞിനെ നമുക്ക് നൽകിയാൽ, ദൈവം ആ കുഞ്ഞിനെ നോക്കിക്കൊള്ളും. ആമേൻ! ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നു. ദൈവം അവനെ നോക്കിക്കൊള്ളും."

153 അതെ, അടുത്ത ദിവസം അവൻ ജോലിക്ക് പോകുന്നു. അവിടെയുള്ള എല്ലാ കൂട്ടാളികളും, അവർ അമ്രാമിനെ ശ്രദ്ധിക്കുന്നു. വരുന്നതിനു പകരം, നിങ്ങൾക്കറിയാം, എല്ലാവരും കുനിഞ്ഞും ക്ഷീണിച്ചും ആയിരുന്നു, അവന്റെ തോളുകൾ ഉയർത്തിക്കൊണ്ട്, പറഞ്ഞു, "കുറച്ച് ഇഷ്ടികകൾ കൂടി മാറ്റി വെയ്ക്കാം. വരൂ, നമുക്ക് പോകാം!"

"എന്താണ് കാര്യം?"

"ദൈവത്തിനു മഹത്വം! ദൈവം പ്രാർത്ഥനയ്ക്ക് ഉത്തരം നൽകാൻ പോകുന്നു." ഓ, ഇല്ല...

154 നിങ്ങൾക്കറിയാമോ, നിങ്ങൾക്ക് ഒരു ഉത്തരം കിട്ടുമ്പോൾ അത് നിങ്ങൾക്ക് സന്തോഷം നൽകുന്നു. പപ്പയും അമ്മയും, ദൈവം ഉത്തരം നൽകുമ്പോൾ, നമുക്ക് അത് അറിയില്ലേ? നിങ്ങൾക്ക് ഒരു ദർശനം കാണേണ്ടതില്ല. അവിടെ ആ ഉത്തരം ഉണ്ടെന്ന് അറിയുക, അത്രമാത്രം. അത്രയേയുള്ളൂ, അവിടെ ഉത്തരം ഉണ്ടെന്ന് അറിയൂ.

155 ഇപ്പോൾ, നന്നേ കേൾക്കു, നിങ്ങൾ നിങ്ങൾ കേൾക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു, എന്താണ് സംഭവിച്ചത്. ഇപ്പോൾ നിങ്ങൾക്കറിയാം, കുറച്ച് കഴിഞ്ഞ്, പറഞ്ഞു, "ശരിയാണ്, അമ്രാം, നിനക്ക് എന്തു പറ്റി?"

156 "ദൈവം പ്രാർത്ഥനയ്ക്ക് ഉത്തരം നൽകാൻ പോകുന്നു! ദൈവം പ്രാർത്ഥനയ്ക്ക് ഉത്തരം നൽകാൻ പോകുന്നു!"

"അതെ, അവൻ എങ്ങനെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകാൻ പോകുന്നു?"

"അത് ഒരു വ്യത്യാസവും ഉണ്ടാക്കുന്നില്ല."

157 ഒരു വയസ്സൻ നടന്നു വന്നിട്ട്, പറഞ്ഞു, "അവൻ ഉത്തരം നൽകുമെന്ന് ഇപ്പോഴും നീ വിചാരിക്കുന്നോ?"

158 "അതെ, എങ്ങനെയും, ഞാൻ നിങ്ങളോട് പറയാൻ പോകുന്നില്ല, കാരണം നിങ്ങൾ ഒരു അവിശ്വാസിയാണ്. എനിക്ക് കുറച്ച് ഇഷ്ടികകൾ കൂടി തരൂ." അവയെ അങ്ങോട്ട് എറിഞ്ഞിട്ട് *അത്*...?... ശ്രദ്ധിക്കേണ്ട; നിങ്ങൾ അവിശ്വാസികളോട് എല്ലാ കാര്യങ്ങളും പറയേണ്ടതില്ല, അല്ലേ? ഒരു വ്യത്യാസവും വരുത്തുന്നില്ല. ഇല്ല, സർ. തീർച്ചയായും ഇല്ല. "എനിക്ക് കുറച്ച് ഇഷ്ടികകൾ കൂടി തരൂ. ഹല്ലെലൂയാ! പ്രാർത്ഥനയ്ക്ക് ഉത്തരം നൽകാൻ പോകുന്നു!" അത് സംഭവിക്കാൻ പോകുന്നു എന്നു നിങ്ങൾ അറിയുമ്പോൾ നിങ്ങൾക്ക് അനുഭവപ്പെടുന്നത് ആ രീതിയിലാണ്. അല്ലേ? അതെ, സർ.

"അതെ, അവൻ അത് എങ്ങനെ ചെയ്യാൻ പോകുന്നു?"

159 "നിങ്ങൾക്കറിയില്ല, എങ്ങനെയും, ഇഷ്ടിക എനിക്ക് തരുന്നത് തുടരൂ." അവയെല്ലാം അവിടെ ഇട്ടു, പഴയ ഇഷ്ടികകൾ എല്ലാം അവിടെ ഇട്ടു.

160 അന്ന് രാത്രി അവൻ വീട്ടിലേക്ക് പോയിട്ട്, പറഞ്ഞു, "ഓ, യോഖേബേദ്, അതൊന്ന് ആലോചിച്ചു നോക്കു, നമുക്കൊരു കുഞ്ഞ് ജനിക്കാൻ പോകുന്നു! ഓ, അവൻ വിമോചകനാകാൻ പോകുന്നു! ദൈവം അവനെ അയയ്ക്കാൻ പോകുന്നു. ഓ, അത് അതിശയം ആയിരിക്കാൻ പോകുന്നു."

"ഓ, പക്ഷെ ഞാൻ അങ്ങനെ..."

161 "ഓ, വിഷമിക്കുന്നത് നിർത്തു! വിഷമിക്കുന്നത് നിർത്തു! എന്റെ! ദൈവ—ദൈവം ഇപ്പോൾ അവിടെ കേട്ടുകൊണ്ടിരിക്കുന്നു. ദൈവത്തിന് ചെവികളുണ്ട്; ദൈവം കേൾക്കാൻ കവിയും. ദൈവത്തിന് കൈകളുണ്ട്; അവന് വിടുവിക്കാൻ കഴിയും." അങ്ങനെ, ഓ, അവന് വളരെയധികം വിശ്വാസമുണ്ടായിരുന്നു.

162 നിങ്ങൾക്കറിയാം, നിങ്ങൾ പ്രാർത്ഥിച്ചു കഴിഞ്ഞിട്ട്, നിങ്ങൾക്ക് ഒരു ഉത്തരം കിട്ടുന്നു, അപ്പോൾ നിങ്ങൾക്ക് വളരെയധികം വിശ്വാസം ലഭിക്കുന്നു. ഓ! നിങ്ങൾ എപ്പോഴെങ്കിലും എന്തിനു വേണ്ടി എങ്കിലും പ്രാർത്ഥിച്ചിട്ട്, ദൈവം നിങ്ങൾക്കായി അത് ചെയ്യാൻ പോകുന്നു എന്ന് നിങ്ങൾക്ക് അറിയാൻ സാധിച്ചിട്ടുണ്ടോ? നിങ്ങൾ പെൺകുട്ടികളും, ആൺകുട്ടികളും അങ്ങനെ ചെയ്യുമോ? അതെ. തീർച്ചയായും. അപ്പോഴാണ് അവൻ...അപ്പോഴാണ് അത് സംഭവിക്കാൻ പോകുന്നതെന്നു നിങ്ങൾ അറിയുന്നത്. അങ്ങനെയാകട്ടെ.

163 ഒരു വർഷം മുഴുവൻ കടന്നുപോകുന്നു. നിങ്ങൾക്ക് അറിയാൻ കഴിഞ്ഞ ആദ്യത്തെ കാര്യം, ഒരു ദിവസം ജോലി കഴിഞ്ഞ് ഇവിടെ അമ്രാം വരുന്നു. പിന്നെ എന്ത് സംഭവിച്ചു? ഏറ്റവും ഭംഗിയുള്ള കുഞ്ഞ്, ഓ, അവൻ ഒരു ചെറിയ പ്രിയനായിരുന്നു, ഏകദേശം *ഇത്രയും* നീളം. അങ്ങനെ അവൾ അവനെ എടുത്ത്, അവനെ അമ്രാമിന് കൈമാറി. അവൻ അവനെ ചുംബിക്കുന്നു, നിങ്ങൾക്കറിയാം. അവൻ അവനെ സ്നേഹിക്കുന്നു, നോക്കൂ. അമ്മ അവനെ പിടിച്ചിരുന്നു. ഓ, എന്തൊരു നിധിയാണ്! അവൾ പറഞ്ഞു, "ഓ, എന്നിരുന്നാലും, ഞാൻ വളരെ ഭയപ്പെടുന്നു, നിങ്ങൾക്കറിയാം. ഈ ചെറിയ ആൺകുഞ്ഞ്, അവൻ വളരെ മധുരമുള്ള ഒരു ചെറിയ വസ്തു."

164 എന്താണെന്ന് നിങ്ങൾക്കറിയാമോ? ജനിച്ചതിൽ വച്ച് ഏറ്റവും സൌന്ദര്യമുള്ള കുഞ്ഞ് അതായിരുന്നു എന്ന് ബൈബിൾ പറയുന്നു. ഇപ്പോൾ അമ്മമാർ അതിൽ എന്നോട് വിയോജിക്കുമെന്ന് എനിക്കറിയാം. ഊഹ്-ഹഹ്. അവർ വിചാരിച്ചു...നിങ്ങളുടെ അമ്മ നിങ്ങളാണ് ഏറ്റവും സുന്ദരനായ കുട്ടിയെന്ന് കരുതുന്നു. നിങ്ങൾ കരുതുന്നില്ലേ? അതെ. അവൾക്ക് അത് അങ്ങനെ ചിന്തിക്കാൻ ഒരു അവകാശമുണ്ട്. എന്നാൽ ഇത് സുന്ദരനായ ഒരു ചെറിയ കുഞ്ഞായിരുന്നു എന്ന് ബൈബിൾ പറയുന്നു. ഓ, അവൻ ഒരു രത്നമായിരുന്നു. ദൈവം അവന്റെ കൈ അവന്റെ മേൽ വെച്ചിരുന്നു, എന്നു നിങ്ങൾക്കറിയാം. അതിനാൽ, ഓ, അവൻ ഏറ്റവും മനോഹരമായ ചെറിയ കാര്യമായിരുന്നു! അവൻ അവിടെ കിടക്കും, പിന്നെ പല്ലുകൾ ഇല്ലാതെ, അവൻ—അവൻ ചെറുതായി ചിരിക്കും.

165 നിങ്ങളുടെ ഒരു ചെറിയ സഹോദരനും മറ്റും ഇല്ലാതെ, അത് ഇല്ലാതിരുന്നു, അവനു ഇല്ലാതെ—പല്ല് ഇല്ലാതെ, ഇങ്ങനെ ഇതു പോലെ ഗോഷ്ടികാട്ടി ചിരിച്ചിരുന്നില്ലേ?

നിങ്ങൾ അറിയുന്ന ഒന്നാമത്തെ കാര്യം,"വാഹ്!"

"ഓ, എന്റെ, സന്മനസ്! വൂ! എനിക്കറിയാം, നമുക്ക് അവനെ ഉടൻ തന്നെ മറയ്ക്കണം."

"എന്താണ് കാര്യം? നീ എന്താണ് ചെയ്യുന്നത്?"

166 "അവനെ താഴെ കൊണ്ടുവരൂ. കല്പന എന്താണെന്ന് നിനക്കറിയാം. നോക്കു, ആ നീണ്ട-മൂക്കുള്ള മന്ത്രവാദിനി ഇവിടെക്കൂടെ വന്നാൽ, അവർ നമ്മുടെ കുഞ്ഞിനെ എടുത്ത് അതിനെ കൊല്ലും. അത് ശരിയാണ്. നമുക്ക് അതിനെ കരയാൻ അനുവദിച്ചുകൂടാ." അങ്ങനെ, ഓ, ഇതിന് കുറച്ച് ആവശ്യമായി—പ്രഭാതഭക്ഷണമോ അത്താഴമോ ആവശ്യമായിരുന്നു. അതിനാൽ അമ്മ അതിനെ മൂലയിൽ നിന്ന് എടുക്കുന്നു, അവൾ പാൽ കുടിപ്പിക്കുന്നു, നിങ്ങൾക്കറിയാം. അങ്ങനെ അവൻ അപ്പോഴേക്കും ശരിയായിരുന്നു.

167 അങ്ങനെ പിന്നെ കുറച്ച് രാത്രികൾ കഴിഞ്ഞ്, അവർ അവനോടൊപ്പം കളിക്കുകയായിരുന്നു, പിന്നെ, "വാഹ്!" അവൻ വീണ്ടും ദൂരെ പോകുന്നു, നിങ്ങൾക്കറിയാം, കരയാൻ തുടങ്ങി. ദൂരെ അവൾ വേഗത്തി പോയിട്ട്, മറച്ചു—അവനെ അങ്ങനെ പെട്ടെന്ന് ഒളിപ്പിച്ചു. താഴത്തെ നിലയിൽ, വളരെ പിന്നിലായി, ഒരു ഭിത്തിയിൽ, അവനു ആ കുഞ്ഞിനെ മറയ്ക്കാൻ തക്കവണ്ണം അമ്രാം ഒരു ചെറിയ സ്ഥലം തയ്യാറാക്കിയിരുന്നു.

168 നിങ്ങൾ അറിയുന്ന ആദ്യത്തെ കാര്യം, അവർ മുകളിലേക്ക് എന്തോ പോകുന്നത് കേട്ടു...[ബ്രദർ ബ്രൺഹാം പ്രസംഗപീഠത്തിൽ മുട്ടുന്നു—Ed.] വൂ*!* പോയി! എല്ലാവരും പലയിടത്തു നിന്നും ഒരിടത്തേക്ക് വന്നിട്ട്, പറഞ്ഞു. "അത് അവരാണ്. അത് ആ മന്ത്രവാദിനികളാണ്, നീണ്ട-വിരലുകൾ, ചായം പൂശിയ നഖങ്ങൾ!" ആ മന്ത്രവാദിനികൾ... അവിടെ താഴേക്ക്, ജനാലയിലൂടെ പുറത്തേക്ക് നോക്കിയിട്ട്, പറഞ്ഞു, "അതെ, അത് അവരാണ്. അവർ അവിടെ നിൽക്കുന്നു."

[ബ്രദർ ബ്രൺഹാം പ്രസംഗപീഠത്തിൽ മുട്ടുന്നു—Ed.] "തുറക്ക്!"

169 വയസ്സനായ അമ്രാം പുറത്തേക്ക് നടന്നു ചെന്നു, വാതിൽ തുറന്നിട്ട്, ചോദിച്ചു, "നിങ്ങൾക്ക് എന്തു വേണം?"

170 പറഞ്ഞു, "നിനക്ക് ഇവിടെ ഒരു കുഞ്ഞുണ്ട്, ഞങ്ങൾക്ക് അതറിയാം. ഞങ്ങൾ അത് എടുക്കാൻ പോകുന്നു."

"നിങ്ങൾക്ക് തരാൻ ഞങ്ങൾക്ക് ഒരു കുഞ്ഞും ഇല്ല." അവർ കൊടുത്തില്ല.

171 "എന്തായാലും, ഞങ്ങൾ അകത്ത് വന്ന് നോക്കുകയാണ്. ഞങ്ങൾ പോലീസ് വനിതകളാണ്. ഞങ്ങളുടെ ബാഡ്ജുകൾ കാണണോ?" അത് ഒരു...അത് ഒരു സ്ത്രീക്ക് ആയിരിക്കേണ്ട ഒന്നാണോ? പക്ഷേ, "ഞങ്ങൾ പോലീസ് വനിതകളാണ്. ഞങ്ങൾക്ക് അധികാരികളിൽ നിന്ന് അവകാശങ്ങൾ ലഭിച്ചിട്ടുണ്ട്!" നിങ്ങൾക്കറിയാം, ഇപ്പോൾ നമുക്ക് അവർ ഇവിടെയുണ്ട്. അങ്ങനെ—അങ്ങനെ അവർ താഴെയിറങ്ങി, അകത്തേക്ക് പോകുന്നു. അവർ അകത്ത് പോയി സോഫയെ മറിച്ചിട്ടു, എല്ലാ മേശവലിപ്പുകളും തുറന്ന്, സകലതും നിലത്തു വലിച്ചെറിഞ്ഞു, കിടക്ക വിരികളെല്ലാം എടുത്ത് അവയെ കുടഞ്ഞു നോക്കി. പിന്നെ മുകളിലേക്ക് പോയി അപ്പനുള്ള ഒരു ചെറിയ രഹസ്യ സ്ഥലം എവിടെയുണ്ടെന്ന് കണ്ടെത്തുന്നു. എല്ലായിടത്തും തിരഞ്ഞെങ്കിലും, അവർക്ക് ആ കുഞ്ഞിനെ കണ്ടെത്താനായില്ല.

172 ആ കുഞ്ഞിനെ കണ്ടെത്താനായില്ല, അതുകൊണ്ട് അവർ അവിടെയുള്ള സ്ത്രീയുടെ അടുത്തേക്ക് നടന്നു ചെന്നു, പാവം—പാവം യോഖേബേദ് അവിടെ നിൽക്കുന്നു, അവളുടെ മുഖം വെളുത്തിരുന്നു. അവർ മുകളിലേക്ക് നടന്നിട്ട്, പറഞ്ഞു, "ഇവിടെ നോക്കു! നീ ഒരു—ഒരു അമ്മയാണെന്നു ഞങ്ങൾക്കറിയാം. നിന്റെ നോട്ടത്താൽ തന്നെ ഞങ്ങൾക്ക് അത് മനസ്സിലാക്കാൻ കഴിയും. നീ ഒരു മുലയൂട്ടുന്ന സ്ത്രീയാണെന്ന് ഞങ്ങൾക്കറിയാം, കുഞ്ഞ് ഇവിടെ ഉണ്ടെന്ന് ഞങ്ങൾക്കറിയാം. ഞങ്ങൾ തിരികെ വരും. ഞങ്ങൾക്ക് അത് എടുക്കും!" അവർ വാതിലിനു പുറത്തേക്കിറങ്ങി. ശബ്ദത്തോടെ വാതിൽ കൊട്ടിയടച്ചിട്ട്, അവർ പുറപ്പെട്ടു പോയി.

അവൾ പറഞ്ഞു, "ഓ, ഓ, നമുക്ക് എന്ത് ചെയ്യാൻ കഴിയും? നമുക്ക് എന്ത് ചെയ്യാൻ കഴിയും?"

173 അങ്ങനെ അമ്രാം പറഞ്ഞു, "പ്രാർത്ഥിക്കു." ചെയ്യേണ്ട കാര്യം അതാണോ? [ആൺകുട്ടികളും പെൺകുട്ടികളും പറയുന്നു, "അതെ."—Ed.] അതാണോ ആ കാര്യം? "പ്രാർത്ഥിക്കു! നമുക്ക് പ്രാർത്ഥിക്കാം."

"ഓ, ഓ, ഓ! എന്തു—എന്തു ചെയ്യണം എന്നു എനിക്കറിയില്ല. ഓ!"

174 അതിനാൽ അവൻ പറഞ്ഞു, "ഇപ്പോൾ, നോക്കു, നീ ശാന്തമാകൂ, നീ വീണ്ടും പോയി കുഞ്ഞിനെ മുലയൂട്ടു. ഞാൻ പ്രാർത്ഥിക്കാൻ മുകളിലേക്ക് പോകുന്നു."

175 അങ്ങനെ അവൻ മുകളിലേക്ക് പോയി പ്രാർത്ഥിക്കുന്നു. അവൻ പറഞ്ഞു, "യഹോവേ, നിനക്ക് ചെവിയുണ്ട്. യഹോവേ, നിനക്ക് കണ്ണുകളുണ്ട്. യഹോവേ, നിനക്ക് കേൾക്കാൻ കഴിയും. നിനക്ക് പ്രാർത്ഥനയ്ക്ക് ഉത്തരം നൽകാൻ കഴിയും. നീ ഞങ്ങൾക്ക് ഈ കുഞ്ഞിനെ തന്നു. നീ ഞങ്ങൾക്ക് വാഗ്ദത്തം നൽകി. നീ നിന്റെ വാഗ്ദാനത്തെ കാക്കും, ആ കുഞ്ഞിനെ നീ കാത്തുകൊള്ളും. എനിക്ക് ആത്മവിശ്വാസവും ഉണ്ട്!"

176 പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ, ശരിക്കും നന്നേ തളർന്നിട്ട്, അവൻ—അവൻ *അങ്ങനെ* വീണിട്ട് ഉറങ്ങാൻ പോയി. [ബ്രൺഹാം സഹോദരൻ കൂർക്കം വലിക്കൽ അനുകരിക്കുന്നു—Ed.] അവൻ വളരെ ക്ഷീണിതനായിരുന്നു! പകൽ മുഴുവൻ ജോലി ചെയ്തു, രാത്രി മുഴുവൻ പ്രാർത്ഥിച്ചു. അവൻ ക്ഷീണിതനായിരുന്നു. എന്നിട്ട് എന്തു സംഭവിച്ചെന്ന് നിങ്ങൾക്കറിയാമോ? അവൻ ഉറങ്ങാൻ പോയപ്പോൾ, അവൻ ഒരു സ്വപ്നം കണ്ടു.

177 നിങ്ങൾക്കറിയാം, ദൈവം സ്വപ്നങ്ങളിലും, കൂടെ സംസാരിക്കുന്നു, അവൻ ചെയ്യുന്നില്ലേ? തീർച്ചയായും, അവൻ ചെയ്യുന്നു. അതെ, അവൻ സംസാരിക്കുന്നു. അവനു കഴിയും. കണ്ടോ? അവൻ സ്വപ്നങ്ങൾ മുഖാന്തരം സംസാരിക്കുന്നു.

178 ഓ, അവൻ ഉണർന്നപ്പോൾ, അവൻ പറഞ്ഞു, [ബ്രദർ ബ്രൺഹാം ഒരിക്കൽ വിരൽ ഞൊടിക്കുന്നു—Ed.] "അതാണ് അത്! ഞാൻ അതിനെക്കുറിച്ച് ചിന്തിക്കേണ്ടിയിരുന്നു. അത് ഞാൻ തന്നെ ചെയ്യേണ്ടതായിരുന്നു." [ബ്രദർ ബ്രൺഹാം പ്രസംഗപീഠത്തിൽ അഞ്ചു പ്രാവശ്യം മുട്ടി.] "ഞാൻ ഇപ്പോൾ അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല."

അവൻ പടികളിലൂടെ താഴേക്ക് പോകുന്നു. അവൻ പറഞ്ഞു, "യോഖേബേദ്!"

"അതേ, പ്രിയ? ഓ, ഞാൻ വളരെ ക്ഷീണിതനാണ്. എനിക്ക് ഉറങ്ങാൻ കഴിയുന്നില്ല."

"ഓ, പോയി ഉറങ്ങിക്കോളൂ. പോയി ഉറങ്ങിക്കോളൂ. അതെല്ലാം കഴിഞ്ഞിരിക്കുന്നു."

"നിങ്ങൾക്ക് എങ്ങനെ അറിയാം?"

"ഓ, എനിക്കറിയാം. എനിക്ക് ആത്മവിശ്വാസമുണ്ട്!"

179 അന്നു രാത്രി, പ്രാർത്ഥിക്കാൻ മുകളിലേക്ക് പോകുന്നതിനു, പകരം അപ്പൻ, അവൻ കെട്ടിടത്തിന്റെ അടിത്തറയിൽ ഇറങ്ങി. അവൻ അവിടെ താഴെ തിരക്കിലായിരുന്നു. അവൻ എന്തു ചെയ്യുകയായിരുന്നു എന്ന് ഞാൻ അത്ഭുതപ്പെടുന്നു. നമുക്ക് പതുക്കെ താഴെ ഇറങ്ങി

അവനെ നോക്കാം. ഞാൻ കാണുന്നത് അവൻ അവിടേക്ക് പോകുന്നു...[ബ്രദർ ബ്രൺഹാം മൂളാൻ തുടങ്ങുന്നു, എന്തെങ്കിലും അനുകരിച്ചിട്ട് കെട്ടിപ്പെട്ടുക്കുമ്പോൾ അല്പം നേരം കുതിക്കുന്നു—Ed.] "സ്ലാം, സ്ലാം, സ്ലാം." [ബ്രദർ ബ്രൺഹാം മൂളുന്നു.] ഈ ഞാങ്ങണ എടുത്ത്, അതിനെ വീണ്ടും നോക്കി, അത് നല്ലതാണോ എന്ന് അതിനെ വളച്ചൊടിച്ച് നോക്കുന്നു. [ബ്രദർ ബ്രൺഹാം മൂളുന്നു.] ചെറിയ അഹരോൻ അന്ന് പുറത്തേക്ക് പോയി, അവയെ ഒരു കൈ മുഴുവനും ശേഖരിച്ച്, അവയെ കെട്ടിടത്തിന്റെ അടിത്തട്ടിൽ വിരിച്ചിരുന്നത്, നിങ്ങൾക്കറിയാം. [ബ്രദർ ബ്രൺഹാം മൂളുന്നു.] "ദൈവം നിന്നെ നോക്കിക്കൊള്ളും." [ബ്രദർ ബ്രൺഹാം മൂളുന്നു.] "പണ്ടത്തെ-സമയത്തെ മതം, ഇതെല്ലാം സത്യമായിരിക്കണം!" [ബ്രദർ ബ്രൺഹാം എന്തോ ഇടിച്ച് ചതക്കുന്നു.] അവയെ ചുറ്റിനും കെട്ടി.

അവൾ പറഞ്ഞു, "അമ്രാം, നിനക്ക് എന്തു പറ്റിയിരിക്കുന്നു?"

"ഹല്ലേലൂയാ! ഒന്നുമില്ല, പ്രിയേ. പോകൂ."

180 [ബ്രദർ ബ്രൺഹാം മൂളുന്നു—Ed.] "ഇത് ആ പണ്ടുള്ള-കാലത്തെ മതമാണ്." [ബ്രദർ ബ്രൺഹാം വീണ്ടും ഇടിച്ച് ചതക്കുന്നു.] "ഇത് ആ പണ്ടുള്ള-കാലത്തെ മതമാണ്." ഇത് *ഇങ്ങോട്ട്* കൊണ്ടുവരൂ, നിങ്ങൾക്കറിയാം. "ഇത് ആ പണ്ടുള്ള-കാലത്തെ മതമാണ്." "ശ്ശ്," അതെല്ലാം അത് അടച്ചിട്ടു. "ഇത് എനിക്ക് വളരെ കൂടുതലാണ്! ഈ പഴയത് എനിക്ക് തരൂ..." അവൻ എന്തോ ചിലത് ചെയ്യുകയായിരുന്നു.

181 നിങ്ങൾക്കറിയാം, ഒന്നോ രണ്ടോ ആഴ്ച കഴിയുമ്പോൾ, നിങ്ങൾ അറിയുന്ന ആദ്യത്തെ കാര്യം, അവൻ എന്താണ് ചെയ്യുന്നതെന്ന് അവർ അത്ഭുതപ്പെട്ടു.

182 അങ്ങനെ ഒരു രാത്രിയിൽ എല്ലാവരും ഉറങ്ങുമ്പോൾ, അവൻ പതുക്കെ മുകളിലേക്ക് കയറുമ്പോൾ ഈ ചെറിയ വസ്തുവിനെ കൊണ്ടുവരുന്നു, നിങ്ങൾക്കറിയാം. അവൻ അതിനെ *ഇതു* പോലെ എടുക്കുന്നു. പിന്നെ അവൻ അത് കൊണ്ടുവരുന്നു. അവന്റെ ഭാര്യയായ യോഖേബേദ് പുതച്ചു ഉറങ്ങി കിടന്നിരുന്ന പുതപ്പ് അവൻ ഉയർത്തി, അവൻ അതിനെ ആ പുതപ്പിന്റെ കീഴ് വശത്തേക്ക് വെയ്ക്കുന്നു. നിങ്ങൾക്കറിയാം, ചെറിയ അഹരോനും പിന്നെ—കൊച്ചു മിർയ്യാമും ഉറങ്ങുകയായിരുന്നു; ഓ, അവൾ ഒരു മധുരമുള്ള ചെറിയ കാര്യമായി, ആ പെൺകുട്ടിയും, അതുപോലെ തന്നെ ചെറിയ അഹരോനും ആയിരുന്നു. അങ്ങനെ, അവൻ അതിനെ അവിടെ വെച്ചു. അവൻ പറഞ്ഞു, "യോഖേബേദ്, പ്രിയേ."

183 അവൾ പറഞ്ഞു, "ഈ രാത്രിയിലെ ഈ സമയം വരെ നിങ്ങൾ കെട്ടിടത്തിന്റെ അടിത്തറിയിൽ പ്രാർത്ഥിക്കുകയായിരുന്നോ, അമ്മോം?"

പറഞ്ഞു, "ഇല്ല. ഞാൻ കെട്ടിടത്തിന്റെ അടിത്തറയിൽ, ദൈവത്തെ സ്തുതിക്കുകയായിരുന്നു."

പറഞ്ഞു, "നീ എന്തു ചെയ്യുകയായിരുന്നു?"

184 പറഞ്ഞു, "ഞാൻ നിന്നോട് പറയാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ, ആ മന്ത്രവാദിനികൾ തിരികെ വരുമെന്ന് നിനക്കറിയാം."

"അതെ."

185 "നമ്മൾ എന്തു ചെയ്യാൻ പോകുന്നു എന്ന് ഞാൻ നിന്നോട് പറയാൻ ആഗ്രഹിക്കുന്നു. നമുക്ക് കുഞ്ഞുണ്ടായിട്ട് ഇപ്പോൾ മൂന്ന് മാസമായിരിക്കുന്നു, അതിൽ നിന്ന് സ്വതന്ത്രരാകണം."

"ഓ, അമ്മോം! നിങ്ങൾക്ക് എന്തു ചെയ്യേണ്ടതുണ്ട്?"

"നമുക്ക് ഈ കുഞ്ഞിനെ ഒഴിവാക്കണം."

"കുഞ്ഞിനെ ഒഴിവാക്കാനോ?"

"അതെ."

"ഓ, നിങ്ങൾ ക്രൂരനാണ്!"

"അല്ല, ഞാൻ ക്രൂരനല്ല. അല്ല, അല്ല, അല്ല. ഞാൻ എന്തു ചെയ്യുന്നു എന്ന് എനിക്കറിയാം."

186 "നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്? എന്തിന്, നിങ്ങൾ ഫറവോനെപ്പോലെ തന്നെ മോശമാണ്. നമ്മുടെ കുഞ്ഞിനെ ഇല്ലാതാക്കാൻ പോകുകയാണോ?"

"അതെ, കുഞ്ഞിനെ ഒഴിവാക്കാൻ പോകുന്നു."

"ഓ, നമുക്ക് കഴിയില്ല!"

187 "ഇപ്പോൾ കേൾക്കു. നമ്മൾ ഇതിനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ, നമ്മൾ അതിനെ കളയും. നമുക്ക് ഇത് തന്നവന് ഇതിനെ കൊടുത്താൽ, അവൻ അതിനെ കണ്ടെത്തും." അതു ശരിയാണോ? "ഇപ്പോൾ, നിങ്ങൾ അത് സൂക്ഷിച്ചാൽ, നമുക്ക് അത് നഷ്ടപ്പെടാൻ പോകുന്നു."

"നിങ്ങൾ അത് എങ്ങനെ നഷ്ടപ്പെടാൻ പോകുന്നു?"

"എന്തിന്, ആ മന്ത്രവാദിനികൾ വന്ന് അത് എടുക്കാൻ പോകുന്നു."

188 നോക്കൂ, നിങ്ങൾ ആ പ്രാണനെ സൂക്ഷിച്ചിട്ട് മുന്നോട്ട് പോയി ലോകത്തെപ്പോലെ ജീവിച്ചാൽ, നിങ്ങൾക്ക് അത് നഷ്ടപ്പെടാൻ പോകുന്നു. നരകത്തിലെ മന്ത്രവാദിനികൾ നിങ്ങളുടെ പിന്നാലെയുണ്ട്. അത് ശരി തന്നെ. ലോകത്തിലെ ഈ പഴയ വിഡ്ഢിത്തവും പുറമെയുള്ള കാര്യങ്ങളും, അത് നിങ്ങളുടെ പിന്നാലെയാണ്. നിങ്ങൾ അത് രക്ഷിപ്പാൻ ഇച്ഛിച്ചാൽ, നിങ്ങൾ അതിനെ കളയും; എന്നാൽ നിങ്ങൾ അത് നിങ്ങൾക്ക് നൽകിയവന് തിരികെ കൊടുത്താൽ, നിങ്ങൾ അത് കണ്ടെത്തി കണ്ടെത്തും. ഇപ്പോൾ ഇത് എന്താണ്? നമ്മൾ അത് സൂക്ഷിച്ചാൽ, നമ്മൾ എന്ത് ചെയ്യും? [കുട്ടികൾ പറയുന്നു, "അത് കളയുന്നു."—Ed.] അത് കളയുന്നു. നാം അത് ക്രിസ്തുവിന് കൊടുത്താൽ നമുക്ക് എന്ത്? അതിനെ സൂക്ഷിക്കുന്നു. ["അതിനെ സൂക്ഷിക്കുന്നു."] ആമേൻ! അത് കൊള്ളാം. ഇപ്പോൾ നിങ്ങൾ ശരിയായി ഉത്തരം പറയുന്നു.

189 ഇപ്പോൾ അവൻ പറഞ്ഞു, "യോഖേബേദ്, നമ്മൾ ഇതിനെ സൂക്ഷിച്ചാൽ നമ്മൾ അതിനെ കളയും. അതിനാൽ നമ്മൾ അതിനെ തിരികെ—മടക്കി അത് നമുക്ക് തന്നവന് തിരികെ കൊടുത്താൽ, അപ്പോൾ നമ്മൾ അതിനെ രക്ഷിക്കും."

190 ഇപ്പോൾ നിങ്ങൾക്ക് ഒരു പ്രാണൻ ലഭിച്ചിട്ടുണ്ട്. പിന്നെ, പപ്പയും അമ്മയും, നിങ്ങൾക്കും അതുപോലെ തന്നെ. എന്നാൽ നിങ്ങൾ അതിനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ, നിങ്ങൾ അതിനെ കളയാൻ പോകുന്നു. അത് ശരിയാണ്. നരകത്തിലെ മന്ത്രവാദിനികൾ അത് എടുക്കും. അവരെല്ലാം അതിന് പിന്നാലെയാണ്! എന്നാൽ നിങ്ങൾ അത് നിങ്ങൾക്ക് നൽകിയവന് തിരികെ കൊടുത്താൽ, നിങ്ങൾ അത് നിത്യജീവനിലേക്ക് നിലനിർത്തും. ഹല്ലെല്ലൂയാ! ആമേൻ! എന്നോട് ക്ഷമിക്കണം, കുട്ടികളേ, ഞാൻ—ഞാൻ ഒച്ചവെക്കുന്ന പഴഞ്ചനാണ്. നിങ്ങൾ അതിനെ സൂക്ഷിച്ചാൽ...നമുക്ക് എല്ലാവർക്കും, അത് ഒരുമിച്ച് പറയാം: [കൂട്ടായ്മ ബ്രദർ ബ്രൺഹാമിനോടൊപ്പം ആവർത്തിക്കുന്നു—Ed.] "നിങ്ങൾ അത് രക്ഷിപ്പാൻ ഇച്ഛിച്ചാൽ, നിങ്ങൾ അതിനെ കളയും; നിങ്ങൾ അത് നിങ്ങൾക്ക് നൽകിയവന് തിരികെ കൊടുത്താൽ, നിങ്ങൾ അത് സൂക്ഷിക്കും." ആമേൻ. ഇപ്പോൾ ഓർക്കൂ, അത് അവനു കൊടുക്കണം.

191 ഇനി നമുക്ക് നോക്കാം. ഓ, അവൾ കരയാൻ തുടങ്ങുന്നു. അവൾ പറഞ്ഞു, "ഓ, നിങ്ങൾ ഇത് എന്ത് ചെയ്യാൻ പോകുന്നു?" അവൾ പറഞ്ഞു.

"ഇങ്ങോട്ട് നോക്കൂ, ഞാൻ നിന്നെ ചിലത് കാണിക്കാൻ ആഗ്രഹിക്കുന്നു."

"അവിടെ എന്റെ കട്ടിലിന്റെ അടിയിൽ നിങ്ങൾ എന്താണ് വെച്ചിരിക്കുന്നത്?"

പറഞ്ഞു, "ഞാൻ നിനക്ക് കാണിച്ചു തരട്ടെ." അവൻ അത് വലിച്ചു പുറത്തെടുത്തു.

"ഓ, ഇതൊരു ചെറിയ ഞാങ്ങണ കൊട്ടയാണ്!"

192 ഇതൊരു ചെറിയ കപ്പലാണ്, അതാണ് ഇത്. ഒരു പങ്കായം ഇല്ല, കപ്പൽ പായ് ഇല്ല, അതിൽ ഒരു പീരങ്കി ഇല്ല, എന്നിട്ടും അക്കാലത്തെ, ഒരു കപ്പലിനാൽ കയറ്റി കൊണ്ടുപോകുന്ന ഏറ്റവും വിലപിടിപ്പുള്ള ചരക്ക് കൊണ്ടു പോകാൻ പോകുന്നു. ഇത് കേൾക്കു! ഇതിന് ക്യാപ്റ്റനോ ഒരു കൂട്ടം നാവികരോ ഇല്ല. സഹോദരാ, അതുപോലെ തന്നെ, മുതിർന്നവർക്കും കൂടെയുള്ള, ഒരു കപ്പലിനെ എനിക്കറിയാം!

193 "ഓ," അവൾ പറഞ്ഞു, "അമ-...ഞാൻ അതു നോക്കട്ടെ, അമ്രാം, ഞാൻ നോക്കട്ടെ." അവൾ ഇങ്ങോട്ട് പോകുന്നു.

194 പറഞ്ഞു, "ഇവിടെ നോക്കു, അതിൽ ഒരു ചെറിയ മൂടിയും ഉണ്ട്. കണ്ടോ?" അവൻ ചെറിയ അടപ്പ് എടുത്ത് ഉയർത്തുന്നു.

അവൾ പറഞ്ഞു, "വ്യൂ! നാറ്റം! ഊഹ്! വ്യൂ! എന്റെ!"

പറഞ്ഞു, "അതെ, ഇത് നാറ്റമുണ്ട്."

"എന്തിനാണ്?"

195 "ഞാൻ അതു നിറയെ കീൽ ഒഴിച്ചു. എല്ലാ വശത്തും കൂടെയും, അതിൽ കീൽ ഒഴിച്ചിട്ടുണ്ട്." കീൽ തേയ്ക്കുന്നത് പൊങ്ങിക്കിടക്കാനാണ്, നിങ്ങൾക്കറിയാം, അതുകൊണ്ട് അവർ അതിൽ മുഴുവൻ കീൽ അടിക്കുന്നു. അതാണ് അവൻ ഇവിടെ തിളപ്പിച്ച്, ഈ ഞാങ്ങണയുടെ മുകളിൽ ഒഴിച്ചത്. അവൻ അതിൽ കീൽ അടിച്ചിരുന്നു. പറഞ്ഞു, "നോക്കു, അപ്പോൾ അതിൽ വെള്ളം കയറില്ല. നോക്കു, അത് മുഴുവൻ അടച്ചിരിക്കുന്നു." പറഞ്ഞു, "അതിനു അതിലേക്ക് കടക്കാൻ കഴിയില്ല, വെള്ളത്തിന് കഴിയില്ല. ഞാൻ അത് കീൽ അടിച്ചിട്ടുണ്ട്."

പറഞ്ഞു, "വ്യൂ! മോശമായി നാറുന്നു!"

196 അവർ തെരുവ് നന്നാക്കുമ്പോൾ, കുട്ടികളായ നിങ്ങൾക്ക് കീൽ എന്താണെന്നു അറിയാം. "ഓ, ആ തീരെ മോശമായ മണം!" എന്നാൽ ഇതു—ഇത്—ഇത്—ഇത് നിലനിർത്തി...ഇത്—അത് തെരുവിലെ എല്ലാ വിള്ളലുകളെയും അടയ്ക്കുന്നു. ആ രീതിയിലാണ് ഇത് ചെയ്യുന്നത്, ഇത് എല്ലാ വെള്ളത്തെയും അടയ്ക്കുന്നു.

197 അതാണ് പ്രാർത്ഥന വിശ്വാസിക്ക് വേണ്ടിയും ചെയ്യുന്നത്. അതാണ് ലോകത്തെ ദിനന്തോറും നിങ്ങളിൽ നിന്ന് അകറ്റുന്നത്, നിങ്ങൾ നിങ്ങളുടെ മുട്ടിന്മേലായി, ഇങ്ങനെ പറയുമ്പോൾ, "കർത്താവായ യേശുവേ!" അങ്ങനെ പിശാചിന് നിങ്ങളെ പിടിക്കാൻ കഴിയാത്തവിധം, ആ രക്തം താഴേക്ക് വരുന്നു അത് നിങ്ങളെ എല്ലാമായി മുദ്രയിടുന്നു. കണ്ടോ? അത് ശരിയാണ്. കണ്ടോ? അങ്ങനെ അപ്പോൾ, ഓ, ആളുകൾ ചുറ്റിനും പോയി ഇത് ഭയങ്കരമാണെന്ന് പറയുന്നു, പക്ഷേ, അത് ഒരു വ്യത്യാസവും വരുത്തുന്നില്ല, ഇത് നിങ്ങളെ സുരക്ഷിതമായി കാക്കുന്നു. അതാണ് ആ പ്രധാന കാര്യം, സുരക്ഷിതമായി കാക്കുന്നു. പറയും, "നിങ്ങൾ പണ്ടത്തെ-ഫാഷനാണ്," പക്ഷേ, അത് പ്രശ്നമല്ല, അത് നിങ്ങളെ സുരക്ഷിതമായി കാക്കുന്നു.

"അതെ," പറഞ്ഞു, "നമ്മൾ എന്താണ് ചെയ്യാൻ പോകുന്നത്?"

198 "അങ്ങനെയാകട്ടെ," പറഞ്ഞു, "നമ്മൾ എന്തു ചെയ്യാൻ പോകുന്നു എന്ന് ഞാൻ നിന്നോട് പറയാം. നമ്മൾ കുഞ്ഞിനെ എടുക്കാൻ പോകുന്നു, നമ്മൾ ഒരു ചെറിയ വേർപിരിയൽ നടത്താൻ പോകുന്നു. നമ്മൾ കുഞ്ഞിനെ എടുത്ത് അവനെ ഇവിടെ കിടത്തി, അവനെ നൈൽ നദിയിൽ ഇടാൻ പോകുന്നു."

199 "ഓ! വേണ്ട! വേണ്ട! വേണ്ട! അമ്രാം, നിങ്ങൾക്ക് നമ്മുടെ കുഞ്ഞിനെ ആ നദിയിൽ ഇടാൻ കഴിയില്ല."

200 "അതെ! അതെ! ഞാൻ എന്തു ചെയ്യുന്നു എന്ന് എനിക്കറിയാം." നോക്കു, അവനു ഒരു സ്വപ്നം ഉണ്ടായിട്ട്, എന്തു ചെയ്യണമെന്ന് അവന് അറിയാമായിരുന്നു. നോക്കു, ദൈവം അവനെ ഉപദേശിച്ചിരുന്നു. എന്തു ചെയ്യണമെന്ന് അവന് അറിയാമായിരുന്നു. അവൻ ഇത് നിർമ്മിച്ചത്, നോഹ അവന്റെ സമയത്ത് അവിടെ രക്ഷിച്ച പെട്ടകത്തിന്റെ അതേ വിധത്തിലുള്ളത് തന്നെ എന്നു അവൻ കണ്ടിരുന്നു.

201 അങ്ങനെ അവൻ പറഞ്ഞു, "ഇങ്ങോട്ട് നോക്കു, അതിന്റെ മുകൾ വശത്ത് ഞാൻ ഒരു ചെറിയ ദ്വാരം ഉണ്ടാക്കിയിട്ടുണ്ട്, അതിനാൽ അവന് ശ്വസിക്കാൻ കഴിയും. നോക്കു, അവനു അതുവഴി സൂര്യ പ്രകാശം കിട്ടും."

202 നിങ്ങൾക്കറിയാം, അവിടെ വളരെ പിന്നിലുള്ള, ബൈബിളിലെ പെട്ടകം, അതും അതേ രീതിയിലാണ് നിർമ്മിച്ചത്. അതിനും അതിന്റെ നേരെ മുകൾ വശത്ത് ഒരു ദ്വാരം ഉണ്ടായിരുന്നു, അതിനാൽ

നിങ്ങൾക്ക് അകത്തേക്ക് നോക്കാനും, നിങ്ങൾ നോക്കിയാൽ, അവനു മുകളിലേക്ക് നോക്കാനും കഴിയുമായിരുന്നു.

203 അങ്ങനെ പിന്നെ ഈ പാവം കുഞ്ഞിന്, പേര് ഇല്ലാതെ, ഒരു പേരു പോലും ഉണ്ടായിരുന്നില്ല; ചെറിയ, പേരില്ലാത്ത കുഞ്ഞ്, എന്നിരിക്കിലും ലോകത്തിലെ ഏറ്റവും ഭംഗിയുള്ള കുഞ്ഞായിരുന്നു.

204 പിറ്റേന്ന് രാത്രി, അവർ വന്നിട്ട്, ഏകദേശം പുലർച്ചെ മൂന്ന് മണിവരെ അവർ കാത്തിരുന്നു, പിന്നെ അവർ...അവൻ നടന്നു വരുന്നു. അവൻ പ്രാർത്ഥനയിലൂടെ കടന്നുപോയി. അവൻ അടുത്തേക്ക് പോയി, അവൻ പറഞ്ഞു, "ഇപ്പോൾ വരൂ, യോഖേബേദ്, എഴുന്നേൽക്കൂ!"

205 അങ്ങനെ അവർ കുഞ്ഞു അഹരോനെയും കുഞ്ഞ് മിർയ്യമിനെയും ഉണർത്തി. ഓ, അവൾ കടന്നു വരുമ്പോൾ അവൾ കൈകളിൽ വെച്ചിരുന്നു, അവൾ പറഞ്ഞു, "ഡാഡി!" കുഞ്ഞ് മിർയ്യാം, അവൾ പറഞ്ഞു, "നിങ്ങൾ ഞങ്ങളുടെ ചെറിയ സഹോദരനെ കൊണ്ടുപോകാൻ പോകുന്നില്ല, കുഞ്ഞിനെ, നിങ്ങൾ, അതിനെ ആ മുതലകൾ എല്ലാം ഉള്ള നൈൽ നദിയിൽ ഇടാൻ പോകുന്നോ?"

206 അവൻ അവളുടെ ചെറിയ മുടിയെ *അങ്ങനെ* പുറകിലേക്ക് തള്ളിയിട്ടു. അവളെയും...അവൾക്ക് മനോഹരമായ കണ്ണുകളും, സുന്ദരമായ മുടിയും ഉണ്ടായിരുന്നു. അങ്ങനെ അവൻ അവളുടെ കവിളിന്റെ വശത്ത് ചുംബിച്ചു. അവൻ പറഞ്ഞു, "പ്രിയേ, ഇത് എന്നെയും, കൂടെ വേദനിപ്പിക്കുന്നു. ഇത് എന്നെയും, കൂടെ വേദനിപ്പിക്കുന്നു, പക്ഷേ നമുക്ക് ഇത് ചെയ്യേണ്ടതുണ്ട്."

207 നിങ്ങൾ നോക്കുമ്പോൾ, ചെറിയ പെൺകുട്ടികളും ആൺകുട്ടികളും, ചിലപ്പോൾ നമ്മെ വേദനിപ്പിക്കുന്ന തരത്തിലുള്ള കാര്യങ്ങൾ നമുക്ക് ചെയ്യേണ്ടിവരും, പക്ഷേ എങ്ങനെയും, നമ്മൾ അത് ചെയ്യേണം. പെൺകുട്ടികൾ പറയുമ്പോൾ, "ഹേയ്, നീ എപ്പോഴെങ്കിലും സിഗരറ്റ് വലിച്ചിട്ടുണ്ടോ?"

നിങ്ങൾ പറയും, "ഇല്ല."

208 "ശരി, ഒരിക്കൽ ശ്രമിക്കൂ! ഓ, നിനക്കറിയാം, ഞാൻ നിന്റെ സുഹൃത്താണ്. അതെ, നീ അതു ശ്രമിച്ചു നോക്കൂ."

209 എന്നാൽ നിങ്ങൾ, ഇത് അല്പം വേദനിപ്പിച്ചേക്കാം, പക്ഷേ പറയണം, "ഊ-ഊഹ്. എനിക്കത് വേണ്ട." കണ്ടോ? കണ്ടോ? "എനിക്കത് ആവശ്യമില്ല."

പറയും, "ഇന്ന് വൈകുന്നേരം എന്നോടൊപ്പം സിനിമയ്ക്ക് പോകാൻ, നീ വരുമോ?"

210 "ഇല്ല ഇല്ല. ഉഹ്-ഉഹ്. ഞാൻ സിനിമകൾക്ക് പോകാറില്ല." കണ്ടോ? ഒരുപക്ഷേ ഇത് അല്പം വേദനിച്ചേക്കാം. കണ്ടോ?

211 "ഓ, നിങ്ങൾ പണ്ടത്തെ പഴഞ്ചൻ ആശയങ്ങൾ വിടാതെ മുറുകെ പിടിക്കുന്ന ആളാണ്." നിങ്ങൾ അത് വിശ്വസിക്കരുത്. ചിലപ്പോൾ അത് അല്പം വേദനിപ്പിച്ചേക്കാം. അതിൽ നിന്ന് ഉടനെ നിങ്ങളുടെ തലയെ തിരിച്ചു കളയണം; നിങ്ങൾ നോക്കു, അതാണ് ശരിക്കും ചെയ്യേണ്ട കാര്യം. എല്ലായ്പ്പോഴും അത് ചെയ്തുകൊണ്ട്, ശരിയായ കാര്യം ചെയ്യൂ. അങ്ങനെയാകട്ടെ.

212 ഇപ്പോൾ പെൺകുട്ടികൾ ഈ പണ്ടത്തെ കാൽവിരലിന്റെ മുൻഭാഗം ഊന്നി കളിക്കുന്ന വൃത്തികെട്ട നൃത്തം പഠിക്കുമ്പോൾ, നിങ്ങളും അത് ചെയ്യണമെന്ന് ആഗ്രഹിക്കുന്നു; നിങ്ങൾ അവരോട് പറയണം, "ഇല്ല ഇല്ല." നോക്കു, നിങ്ങൾ അത് ചെയ്യരുത്.

213 "ഓ, അതെ, ഇത് വളരെ രസകരമാണ്." ഇത് എത്ര രസകരമാണെന്ന് നിങ്ങൾ ശ്രദ്ധിക്കരുത്. നിങ്ങൾ ശരിയായതു ചെയ്യാൻ ആഗ്രഹിക്കുന്നു, അതിനാൽ നിങ്ങൾ എല്ലായ്പ്പോഴും ശരിയായത് ചെയ്യണം. ഇപ്പോൾ, ഇപ്പോൾ നിങ്ങൾ അത് ഓർത്തു വെച്ചിരിക്കണം. നിങ്ങൾ അത് മറന്നു പോകരുത്, നിങ്ങൾ മറക്കുമോ?

214 ഇപ്പോൾ, ഇപ്പോൾ അവർ എന്തു ചെയ്തു? പിന്നെ അവർ ചെറിയ കുഞ്ഞിനെയും എടുത്തുകൊണ്ട്, അവിടെ നിന്നു എഴുന്നേറ്റു. കുഞ്ഞു അഹരോൻ വന്നിട്ടു പറഞ്ഞു, "ഡാഡി, നമ്മുടെ കുഞ്ഞിനെ നിങ്ങൾ എന്തു ചെയ്യാൻ പോകുന്നു?"

215 അവൻ പറഞ്ഞു, "അഹരോൻ, ഇവിടെ എന്റെ മടിയിൽ ഇരിക്കു, പ്രിയ." പറഞ്ഞു, "നോക്കു, അഹരോൻ. നമ്മൾ ഈ കുഞ്ഞിനെ സൂക്ഷിച്ചാൽ, നമ്മൾ എന്തു ചെയ്യാൻ പോകുന്നു?" [കൂട്ടായ്മ പറയുന്നു, "അത് കളയും."—Ed.] "അത് കളയുന്നു. എന്നാൽ ഈ കുഞ്ഞിനെ നമുക്കു തന്നവന്റെ കൈകളിൽ നമ്മൾ തിരികെ കൊടുത്താൽ, നമ്മൾ എന്ത് ചെയ്യും?" ["അതിനെ സൂക്ഷിക്കും."] "നമ്മൾ അതിനെ സൂക്ഷിക്കും." അത് ശരിയാണ്.

"പക്ഷേ നിങ്ങൾ ഇത് എങ്ങനെ ചെയ്യാൻ പോകുന്നു, ഡാഡി?"

216 "എനിക്കറിയില്ല. ഇത് എങ്ങനെ ചെയ്യാൻ പോകുന്നു എന്ന് എനിക്കറിയില്ല, പക്ഷേ ദൈവം അത് ചെയ്യാൻ പോകുന്നു." കണ്ടോ?

217 അങ്ങനെ അവർ ആ കുഞ്ഞിനെ അവിടെ കിടത്തി, അങ്ങനെ അവൻ പോകുന്നു. ഇവിടെ അവർ ഇപ്പോൾ പോകുന്നു, അവർ വാതിൽക്കലേക്ക് പോകുന്നു. അവർ വാതിലിനു അടുത്തേക്ക് പോകുന്നു, അവൻ തെരുവിലേക്ക് ഈ ഒരു-വിധം നോക്കുന്നു,

തെരുവിലേക്ക് ആ വിധത്തിൽ നോക്കുന്നു. അവിടെ എവിടെയും, ആരും വരുന്നില്ല. പറഞ്ഞു, "വരൂ, യോഖേബേദ്. വരൂ, അഹരോൺ. വരൂ, മിർയ്യാം, വരൂ. നമുക്ക് പോകാം."

218 അവർ ആ ചെറിയ പെട്ടകത്തെ എടുത്തുകൊണ്ട് നദിയിലെ കുറ്റിച്ചെടികളുടെ ഇടയിലേക്ക് ഇറങ്ങുന്നു. ഓ, പകൽ നേരമാകാൻ, ഇനിയും വളരെ സമയമുണ്ട്. അവിടെ പുറകിലായി കുഞ്ഞ് മിർയ്യമിനെയും പിടിച്ചുകൊണ്ട്, ഇതാ കുഞ്ഞ് അഹരോൻ വരുന്നു, കുഞ്ഞു സഹോദരനും സഹോദരിയും, അവർ കരയുകയായിരുന്നു. പാവം യോഖേബേദ്, അവൾ കൂടെ പോകുന്നു, പറയുന്നു, "മൂക്ക് വലിച്ചു കയറ്റി, മൂക്ക് വലിച്ചു കയറ്റി, മൂക്ക് വലിച്ചു കയറ്റി, മൂക്ക് വലിച്ചു കയറ്റി."

"ശ്ശ്-ശ്ശ്-ശ്ശ്-ശ്ശ്-ശ്ശ്! അവർ തെരുവ് നിരീക്ഷിക്കുന്നു. വളരെ ശ്രദ്ധിച്ച്. ശ്ശ്! നല്ലപോലെ ശ്രദ്ധിച്ച്." തെരുവിലൂടെ താഴേക്ക് പോകുന്നു. "ശ്ശ്-ശ്ശ്-ശ്ശ്! വളരെ ശ്രദ്ധിച്ച്." ആ ചെറിയ കുഞ്ഞിനെ പൊതിയുന്നു. ആ അമ്മ കുഞ്ഞിനെ പൊതിഞ്ഞ്, പിന്നെ—പിന്നെ ഡാഡി പെട്ടകത്തെ കയ്യിൽ പിടിച്ചിരിക്കുന്നു.

219 അവർ നദിയിലേക്ക് ഇറങ്ങുന്നു. ഓ, ഇത് ഒരു വലിയ വിശാലമായ നദിയാണ്, ഏതാണ്ട്, ലോകത്തിലെ രണ്ടാമത്തെ വലിയ നദി. അങ്ങനെ, അപ്പോൾ, വലിയ വിശാലമായ നദിയായി, അതിവേഗം ഒഴുകുന്നതും, വലിയ വലിപ്പമുള്ള മുതലകളാലും ചീങ്കണ്ണികളാലും നിറഞ്ഞതാണ്. ഓ, അവ തടിച്ചിരുന്നു. വ്യൂ! അവർ അവയെ ആ കൊച്ചു കുട്ടികളെ കൊണ്ട് തീറ്റിച്ചിരുന്നു. അവർ നന്നേ തടിച്ചിരുന്നു. പിന്നെ—പിന്നെ അവൾ പറഞ്ഞു, യോഖേബേദ് അമ്രാമിനോട്, അവളുടെ ഭർത്താവിനോട്, പറഞ്ഞു, "ഓ, ചീങ്കണ്ണികൾ അതിൽ ഒരു പിടിത്തം ഇട്ടാലോ? ഇവിടെയുള്ള മുതലകൾ അതിൽ തൊട്ടാലോ?"

220 പറഞ്ഞു, "വിഷമിക്കേണ്ട. അവർ എപ്പോഴെങ്കിലും ആ കീലിൽ മൂക്ക് തൊട്ടാൽ, നോക്കൂ, അവ ഉടനെ തന്നെ ദൂരെപ്പോകും. ആ കാരണത്താലാണ് അത് നാറുന്നത്, നോക്കൂ. അവൻ അവന്റെ മൂക്ക് നേരെ ഉയർത്തും," പറഞ്ഞു, "അവനു മനുഷ്യ മാംസം മണക്കാൻ കഴിയില്ല, അങ്ങനെ അവൻ രക്ഷപ്പെടും. ആ കീൽ വളരെ നാറ്റം ഉള്ളതായിട്ട് അവ ഓടിപ്പോകും. അതെല്ലാം ശരിയാകും. നീ വിഷമിക്കാതിരിക്ക്." അങ്ങനെ അവർ...ചെറിയ പെട്ടകത്തെ, അവിടെ വെച്ചു. അവൾ പറഞ്ഞു..."ഇപ്പോൾ നീ കുഞ്ഞിനെ മുലയൂട്ടു."

221 അങ്ങനെ ആ അമ്മ കുഞ്ഞിനെ എടുത്ത് അതിനെ മുലയൂട്ടുന്നു, നന്നേ അതി കാലത്ത്, അവൾ കുഞ്ഞിന് അതിന്റെ പ്രഭാത ഭക്ഷണം കിട്ടുവോളം മുലയൂട്ടുന്നു. എന്നിട്ട് അവൾ [ബ്രദർ ബ്രൺഹാം ചുംബിക്കുന്ന ശബ്ദം പുറപ്പെടുവിക്കുന്നു—Ed.] അതിനെ ചുംബിക്കുന്നു. പിന്നെ പറഞ്ഞു,

"ഇപ്പോൾ, അഹരോൻ, നിനക്ക് ഇതിനെ ചുംബിക്കാം." അഹരോൻ അതിനെ ചുംബിക്കുന്നു. എന്നിട്ട് അത് മിർയ്യാമിന്റെ അടുക്കൽ കൊണ്ടുപോകുന്നു, അവളും അതിനെ ചുംബിക്കുന്നു. അമ്മ അതിനെ ചുംബിക്കുന്നു, പിന്നെ, "ഓ," അവൾ പറഞ്ഞു, "ഞാൻ ഇങ്ങനെ..."

222 "ഇപ്പോൾ, ശ്ശ്-ശ്ശ്-ശ്ശ്! ഇനി കേൾക്കു, നമ്മൾ സൈനീകരകണം. കണ്ടോ? നമുക്ക് പട്ടാളക്കാർ ആകേണ്ടതുണ്ട്. ഇപ്പോൾ നിങ്ങൾക്കെല്ലാവർക്കും ഇതിനെ വീണ്ടും ചുംബിക്കണോ?" വീണ്ടും, ചുറ്റിനും കൂടി, അവർ എല്ലാവരും അതിനെ ചുംബിച്ചു. എന്നിട്ട് അവർ അവനെ അവിടെ കിടത്തി.

223 അമ്മ ചെറിയ പുതപ്പ് ഉണ്ടാക്കിയിരുന്നത്, അതിൽ തലയിണയും, ആയിട്ട് ഇട്ടു. അവൾ അത് അവിടെ ഇട്ടു. അവൾ പറഞ്ഞു, "എന്റെ അരുമയായ കുഞ്ഞ് കുഞ്ഞേ, ദൈവം നിന്നെ അനുഗ്രഹിക്കട്ടെ."

"ശ്ശ്-ശ്ശ്-ശ്ശ്! ഇനി, ദൈവം അത് നോക്കിക്കൊള്ളും. നീ വിഷമിക്കരുത്."

224 ആ ചെറിയ അടപ്പ് താഴ്ത്തി അടച്ചു. നിങ്ങൾ അറിയുന്ന ആദ്യത്തെ കാര്യം, അപ്പൻ തന്റെ കോട്ട് ഊരിയെടുക്കാൻ തുടങ്ങുന്നു, അവന്റെ ഉടുപ്പ് അഴിച്ചു മാറ്റി. ഇതാ അവൻ പോകുന്നു, വെള്ളത്തിലേക്ക് ക്ലേശിച്ച് മുന്നോട്ട് ഇറങ്ങി.

225 ഈ സമയത്ത്, സ്വർഗ്ഗത്തിൽ എന്തു സംഭവിക്കുന്നു എന്നാണ് നിങ്ങൾ കരുതുന്നത്? ഹല്ലെലൂയാ! നിങ്ങൾക്കറിയാമോ, ഇവിടെ കാര്യങ്ങൾ നടക്കുമ്പോൾ, അവിടെയും കൂടെ, എന്തോ ചില കാര്യങ്ങൾ നടക്കുന്നുണ്ട്. ആമേൻ! ദൈവം തന്റെ സിംഹാസനത്തു നിന്ന് എഴുന്നേല്ക്കുന്നത് എനിക്ക് കാണാം, നടന്നു ചെന്നിട്ട്, പറയുന്നു, "ഗബ്രീയേൽ! ഗബ്രീയേൽ! നീ എവിടെ?"

ഗബ്രീയേൽ പറയുന്നു, "കർത്താവേ, ഞാൻ ഇവിടെയുണ്ട്."

226 "ഇവിടെ വരൂ! നിന്നെ ചിലത് കാണിക്കാൻ പോകുന്നു!" പറഞ്ഞു, "എല്ലാ ദൂതന്മാരും ഇവിടെ ചുറ്റിനും വരൂ, ഒരു നിമിഷം, ഞാൻ നിങ്ങളെ ഒരു കാര്യം കാണിക്കാൻ ആഗ്രഹിക്കുന്നു. എന്നെ വിശ്വസിക്കുന്ന ആളുകളെ എനിക്കു കിട്ടിയിരിക്കുന്നു. അതെ, എന്നെ വിശ്വസിക്കുന്ന ആളുകളെ എനിക്ക് കിട്ടിയിരിക്കുന്നു. ഇവിടെ വരൂ, ഒരു നിമിഷം! ഇതിലേക്ക് ഒന്നു നോക്കുന്നത്, എല്ലാ ദൂതന്മാർക്കും നല്ലതാണ്. നോക്കൂ!"

"അത് എവിടെയാണ്?"

"നേരെ താഴെ അവിടെ. വിശദമായി പരതൂ."

"അതെ അതെ. അതെ, ഞാൻ അത് കാണുന്നു."

227 “നേരെ അവിടെ താഴേക്ക് നോക്കു. അവയുടെ അറ്റം കാണൂ—അവയെ—അവയുടെ അവിടെ മുൾപടർപ്പുകളും ഒരുതരം ചെടിയും വസ്തുക്കളിലും?”

“അതെ.”

“അവിടെ നോക്കു!”

“എന്താകുന്നു അതു?”

228 “അവിടെ ഒരു മനുഷ്യൻ വായുവിൽ തന്റെ കൈകൾ ഉയർത്തിയിട്ട്, അവന്റെ മുട്ടിന്മേലായി, എന്നെ വിളിക്കുന്നു. അവിടെ കരയുന്ന ഒരു അമ്മയും, കരയുന്ന രണ്ട് കൊച്ചു കുഞ്ഞുങ്ങളും. അവർ അവസാനം വരെ എന്നെ വിശ്വസിക്കുന്നു. ഗബ്രീയേലേ, നീ അകത്തേക്ക് പോയത് നീ ഓർക്കുന്നോ? ആ മനുഷ്യനെ നീ ഓർക്കുന്നുണ്ടോ?”

229 “അതെ, ആ രാത്രി ആ മുറിയിൽ ഞാൻ കണ്ടുമുട്ടി അവനോട് സംസാരിച്ചു. ഊഹ്-ഹഹ്.”

230 “അവൻ ഇപ്പോഴും എന്നെ വിശ്വസിക്കുന്നു. എന്നെ വിശ്വസിക്കുന്ന ആളുകളെ എനിക്ക് ലഭിച്ചിരിക്കുന്നു! അവസാനം വരെ എന്നെ വിശ്വസിക്കുന്ന ആളുകളെ എനിക്ക് ലഭിച്ചിരിക്കുന്നു!” [ബ്രദർ ബ്രൺഹാം പ്രസംഗപീഠത്തിൽ ആറ് തവണ മുട്ടുന്നു—Ed.] “അവനെ കാണുന്നോ? അവനെ നോക്കു.”

“അതെ, ഓ, അത് ഗംഭീരമല്ലേ!”

231 ആ അപ്പൻ വെള്ളത്തിലൂടെ നടന്നിട്ട്, ആ ചെറിയ ബോട്ടിനെ തള്ളി വിടാൻ തുടങ്ങുന്നു.

അവൻ പറയുന്നത് എനിക്ക് കേൾക്കാൻ കഴിയുന്നു, “ഗബ്രീയേൽ!”

“അതെ, കർത്താവേ?”

232 “പതിനായിരം ദൂതന്മാരെ സംഭവസ്ഥലത്തേക്ക് വിളിക്കു. അവർക്ക് നേരിട്ട് മുന്നോട്ട് പോകാനുള്ള കല്പനകൾ കൊടുക്കു. സ്വർഗ്ഗത്തിലെ സൈന്യങ്ങളെ വിളിക്കു. അവരെയെല്ലാം മുകളിലേക്കും-താഴേക്കും, സ്വർഗ്ഗത്തിന്റെ ഏണിപ്പടികളുടെ കൈവരിയിലേക്ക് അയയ്ക്കു, അവരെയെല്ലാം നൈൽ നദിയുടെ താഴെയും-മുകളിലും നിയമിക്കു. ഒരു മുതലയും ആ കപ്പൽ ചരക്കിൽ തൊടരുതെന്ന് ഞാൻ കല്പിക്കുന്നു! അതിനെ ഒന്നും തൊടരുത്! ഒരു തടി കഷ്ണം പോലും അതിന്റെ അടുത്തു വരരുത്.” ഹല്ലെലൂയാ!

233 ഗബ്രീയേൽ പറഞ്ഞു, "അത് ചെയ്യപ്പെടുന്നതാണ്." എന്റെ! അവൻ കാഹളം മുഴക്കി! പതിനായിരം ദൂതന്മാർ ആയുധവുമായി വരുന്നു!

"മാർഗ്ഗ ദർശകൻ. കർത്താവേ, നീ എവിടെ ആയിരിക്കും?"

234 "ഞാൻ മറ്റേ അറ്റത്തുണ്ടാകും." അവൻ എപ്പോഴും സ്വീകരിക്കുന്ന അറ്റത്താണ്. "ഞാൻ മറ്റേ അറ്റത്ത് കാത്തിരിക്കും. എനിക്കൊരു ഉദ്ദേശം ഉണ്ട്. ആളുകൾ എന്നെ വിശ്വസിക്കുമ്പോൾ, എനിക്ക് എന്തെങ്കിലും ഉണ്ടായിട്ട്, ഒരു ഉദ്ദേശ്യമുണ്ട്; അവർക്ക് സകലതും ശരിയായിരിക്കും." ശരിയാണ്, അവൻ മറ്റേ അറ്റത്തേക്ക് ഇറങ്ങുന്നു.

235 ഞാൻ മോശെയെ കാണുന്നു...അതല്ല ചെറിയ അഹരോനും അവരും, കരഞ്ഞുകൊണ്ട്, തെരുവിലൂടെ തിരികെ പോകുന്നു. "ശ്ശ്-ശ്ശ്-ശ്ശ്-ശ്ശ്-ശ്ശ്! ഇത് ശ്രദ്ധിക്കു."

236 കുഞ്ഞു മിർയ്യാം, അവൾ ഇപ്പോഴും നിന്നുകൊണ്ട്, ശ്രദ്ധിക്കുന്നു. അവൾ പറഞ്ഞു, "ഓ! ഓ!"

237 പറഞ്ഞു, "വരൂ, മിർയ്യാം, നേരം വെളുക്കുകയാണ്. വരൂ, നേരം വെളുത്തു കോഴികൾ കൂവുന്നു. വരൂ, നേരം വെളുക്കാൻ പോകുന്നു. വരൂ, പ്രിയേ, നമുക്ക് പോകാം!"

238 പറഞ്ഞു, "ഓ, ഡാഡി, ഡാഡി! ദയവായി, ഒരു പ്രാവശ്യം കൂടെ. എന്നെ നിൽക്കാൻ അനുവദിക്കു, ഞാൻ അത് നോക്കി എന്തു സംഭവിക്കുന്നു എന്ന് നോക്കട്ടെ. കുറച്ച് കഴിഞ്ഞ് ഞാൻ വീട്ടിലേക്ക് മടങ്ങാം."

239 "ഓ," [ബ്രദർ ബ്രൺഹാം തന്റെ വിരൽ ഞൊടിക്കുന്നു—Ed.] "അതൊരു നല്ല ആശയമാണ്, മിർയ്യാം. ഒരുപക്ഷേ അത് ശരിയായിരിക്കാം. നീ ഇവിടെ നിന്നു എന്തു സംഭവിക്കുന്നു എന്ന് നോക്കു."

"ശരിയാണ്, ഞാൻ ചെയ്യാം—ഞാനത് ശ്രദ്ധിക്കാം."

240 "ഇപ്പോൾ, നീ കുറച്ച് കഴിയുമ്പോൾ വീട്ടിലേക്ക് വേഗം വരണം. എന്തു സംഭവിക്കുന്നു എന്നു മാത്രം നീ നോക്കിയാൽ മതി. നീ വന്ന്, എന്താണ് സംഭവിക്കുന്നത്, ഞങ്ങൾക്ക് വർത്തമാനം കൊണ്ടുവരൂ."

"അങ്ങനെയാകട്ടെ, ഡാഡി." അവർ നേരെ പോകുന്നു, വേഗം പോകേണ്ടിയിരുന്നു.

241 കുഞ്ഞു മിർയ്യാം, അവൾ നിന്നിട്ട് അവൾ നിരീക്ഷിക്കുന്നു. നിങ്ങൾക്കറിയാം ആദ്യത്തെ കാര്യം, അത് വെളിച്ചം ഉണ്ടാകുന്നു. "ഓ, ഓ, ഓ, ആ എന്താണ് അവിടേക്ക് വരുന്നത്? അത്—അതൊരു

തടിയാണ്. അല്ല. അതൊരു ചീങ്കണ്ണിയാണോ? ഓ, അവൻ തിരിഞ്ഞു പോയി.”

242 ഹാ-ഹാ! അവൻ എന്താണ് കണ്ടത്? പലരും കാണാത്തത് അവൻ കാണുന്നു. കണ്ടോ? ആ ചെറിയ ചരക്ക് പോകുന്നേരം, അതിലൂടെ പൊങ്ങിക്കിടക്കുകയായിരുന്നു. അതിന് മാർഗ്ഗ ദർശകൻ ഇല്ലെന്നാണ് അവർ കരുതിയത്; അതിന് ഒരു കപ്പിത്താൻ ഇല്ലെന്ന് അവർ കരുതി. അതിനു ഉണ്ടായിരുന്നു. അവർ എല്ലാവരും ചുറ്റിനും കൂടിയിരുന്നു.

243 ഇതാ ഒരു ചെറിയ മുതല വന്നിട്ട്, പറയുന്നു, “ഓ, അവിടെ നോക്കൂ!” *അങ്ങനെ* പൊങ്ങിക്കിന്നിരുന്ന്, അവൻ ഇതാ വന്നുകൊണ്ടിരിക്കുന്നു. അവൻ പോകുന്നു...ഓ, ഇല്ല. ഇല്ല, ഇല്ല. അവനു ആ ചരക്കിന്റെ അടുത്ത് വരാൻ കഴിയുന്നില്ല.

ആ വിടുവിക്കുന്നവൻ, വിമോചിപ്പിക്കാൻ പോകുന്നവൻ അവിടെ നിന്നിരുന്നു, വിമോചനം ആവശ്യമുള്ള മൂന്ന് ദശലക്ഷം യഹൂദന്മാരുടെ. [ബ്രദർ ബ്രൺഹാം പ്രസംഗപീഠത്തിൽ അഞ്ചു തവണ മുട്ടുന്നു—Ed.] നരകത്തിലെ മുഴുവൻ പിശാചുക്കൾക്കും അവനെ തൊടാൻ കഴിഞ്ഞില്ല. നദിയിൽ താഴേക്ക്, ഈ ചെറിയ പഴയ കീൽ-കൊണ്ടു നിർമ്മിച്ച പെട്ടകം, താഴേക്ക് ഒഴുകുന്നു.

244 ആദ്യത്തെ കാര്യം നിങ്ങൾക്ക് അറിയാം, അത് ഒരു ചുഴിയിൽ വീഴുന്നു. “ഓ!” മിർയ്യാം പറഞ്ഞു, “ഓ! ഓ! അവിടെ നോക്കൂ! ആ ചുഴി, അതിലേക്ക് നോക്കൂ! അത് അതിലേക്ക് നോക്കൂ!” നിങ്ങൾ അറിയുന്ന ആദ്യത്തെ കാര്യം, ഉടനടി അത് പുറത്തേക്ക് നീങ്ങാൻ തുടങ്ങി.

245 ആ വിധത്തിലാണ് അതു പോകുന്നത്. ചിലപ്പോൾ, നാം ഒരു ചുഴിയിൽ വീഴും, ഈ ചെറിയ തോൽ പോകും. വിഷമിക്കേണ്ട. അവിടെ ഒരുവൻ നിരീക്ഷിക്കുന്നുണ്ട്. “ദൈവത്തെ ഭയപ്പെടുന്നവർക്ക് ചുറ്റും ദൈവത്തിന്റെ ദൂതന്മാർ പാളയമിറങ്ങിയിരിക്കുന്നു.” അവരിൽ പതിനായിരം പേരെ ഇപ്പോൾ മാർച്ചു ചെയ്തു പോകുന്നവരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

246 കുഞ്ഞു മിർയ്യാം, അവൾ താഴേക്ക് പോകുന്നു, അവൾ ഈ വലിയ പാറയുടെ മുകളിലൂടെ കയറി, അവൾ അതിന്റെ മുകളിലൂടെ *ഇതു* പോലെ തിടുക്കത്തിൽ നടക്കുന്നു. അവൾ ഇറങ്ങി ഓടുന്നു, അവൾ പെട്ടകത്തെ നിരീക്ഷിക്കുന്നു. *ഇവിടെ* കൂടി താഴേക്ക് പോകുന്നു, ഈ വെള്ളത്തിലെ ചെടികളുടെ കൂട്ടത്തിന്റെ ഇടയിലൂടെ പോകുന്നു. കുറച്ചു കഴിഞ്ഞപ്പോൾ അത് അവിടെ കുടുങ്ങി. പറഞ്ഞു, “ഓ! ഓ, ഞാൻ ശങ്കിക്കുന്നു!”

247 (ഇപ്പോൾ, അവളുടെ ഡാഡി അവളോട് പറഞ്ഞിട്ട്, പറഞ്ഞു, “ഇപ്പോൾ നീ അതിനെ ശ്രദ്ധിക്കുന്നത് ആരും കാണരുത്. അതുവഴി ആരെങ്കിലും വന്നാൽ, നീ അതിലേക്ക് നോക്കുന്നതു പോലും ചെയ്യുന്നില്ല എന്ന വിധത്തിൽ, മറ്റൊരു വഴിയിലൂടെ പോകണം. ചെയ്യരുത്—നീ അത് ശ്രദ്ധിക്കുന്നു എന്നതു പോലെയും പ്രവർത്തിക്കരുത്, മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കണം.” “അങ്ങനെയാകട്ടെ,” അവൾ പറഞ്ഞു.)

248 അവൾ കരയിലൂടെ താഴേക്ക് പോകുന്നു. അത് കുടുങ്ങിപ്പോകുന്നു. നിങ്ങൾ അറിയുന്ന ആദ്യ കാര്യം, അവിടെ മത്സ്യത്തൊഴിലാളികളുടെ ഒരു വലിയ കൂട്ടരുണ്ടായിരുന്നു. അവൾ ഇറങ്ങി നടക്കുന്ന ഒരു കൊച്ചു പെൺകുട്ടിയെ എന്നതു പോലെ താഴേക്ക് നടന്നു പോകുന്നു. മുന്നോട്ട് പോയിട്ട്, ഇപ്പോൾ പകൽ പത്ത് മണിയായി, നിങ്ങൾക്കറിയാം, അങ്ങനെ അവൾ നദിയിലൂടെ താഴേക്ക് നടക്കുന്നു. അവൾ അവളുടെ കണ്ണ് പുറകിലേക്കും, വശത്തേക്കും നോക്കിയിട്ട്, അത് എവിടേയ്ക്കാണ് പോകുന്നതെന്ന് നോക്കുന്നു.

249 കുറച്ചു കഴിഞ്ഞപ്പോൾ അവൾ മറ്റൊരു കൂട്ടരിലൂടെ കടന്നു പോകുന്നു. നിരീക്ഷിച്ചുകൊണ്ടേയിരുന്നു; കുറച്ചു ദൂരം കൂടി പോകുന്നു. അങ്ങനെ തുടർന്നിട്ട്, അല്പം ദൂരം കൂടെ മുന്നോട്ട് പോകുന്നു.

250 കുറച്ചു കഴിഞ്ഞപ്പോൾ അവൾ ഒരു വലിയ ചുവരിന്റെ അടുത്തേക്ക് വരുന്നു. “ഓ, എന്റെ, ഇത് ഈ മതിലിനു പിന്നിലൂടെ പോകുന്നു!” അവൾക്ക് എന്ത് ചെയ്യാൻ കഴിയും? അവൾക്ക് എന്ത് ചെയ്യണമെന്ന് അറിയാൻ കഴിഞ്ഞില്ല. അങ്ങനെ അവൾക്ക് മതിലിന് മുകളിലൂടെ കയറാൻ കഴിയാത്തതിനാൽ, അവൾ വെള്ളത്തിലേക്ക് ഇറങ്ങി അതിന് മുകളിലൂടെ ഇതു പോലെ ചുവടു വെച്ച്, മുകളിലേക്ക് ഇഴഞ്ഞു പോകുന്നു. അവൾ അവിടെ എത്തിയിട്ട്, അവൾ തുടർച്ചയായി നടക്കുന്നു.

251 ആദ്യത്തെ കാര്യം നിങ്ങൾക്കറിയാമോ, അവൾ മനോഹരമായ ഒരു പൂന്തോട്ടത്തിൽ ആയിരുന്നു. എല്ലായിടത്തും പൂക്കൾ വിരിഞ്ഞിരിക്കുന്നു, അത് വളരെ മനോഹരമായിരുന്നു. ഇനി ഒരു നിമിഷം കേൾക്കൂ. ചെറിയ പെൺകുട്ടികളെ, ഇപ്പോൾ ശ്രദ്ധിക്കൂ. മനോഹരമായ പൂക്കൾ, പിന്നെ, ഓ, ചെടികൾ എല്ലാം വെട്ടി ഭംഗിയാക്കിയിരിക്കുന്നു. അത് വളരെ മനോഹരമായി കാണപ്പെട്ടിരുന്നു! അതൊരു ഉദ്യാനമാണ്. “ഓ,” അവൾ പറഞ്ഞു, “അതിൽ, അവിടെ നോക്കൂ! ഓ, എന്റെ! ഞാൻ കൊട്ടാരത്തിന്റെ ഉദ്യാനത്തിലാണ്, ഫറവോന്റെ കൊട്ടാരത്തിന്റെ, ഉദ്യാനം. ഞാൻ ഇവിടെ എന്താണ് ചെയ്യാൻ പോകുന്നത്? അവർ എന്നെ ഇവിടെ

എങ്ങാനും വെച്ച് പിടിച്ചാൽ, ഓ, എന്റെ, അവർ എന്നോട് എന്തു ചെയ്യും?"

252 അവൾ നിരീക്ഷിക്കുന്നു. ആ ചെറിയ പെട്ടകം അവിടേക്ക് പോകുന്നു, അത് ഒരു വിധം വെള്ളത്തിലൂടെ ഒഴുകുന്നത് നിലക്കാൻ തുടങ്ങിയിട്ട്, വെള്ളത്തിൽ, ചുറ്റും പൊങ്ങിക്കിടക്കാൻ തുടങ്ങുന്നു. എന്തുകൊണ്ടെന്ന് ഞാൻ അത്ഭുതപ്പെടുന്നു. ആരോ സംസാരിക്കുന്നതും അവൾ കേൾക്കുന്നു. അവൾ ആ കുറ്റിച്ചെടികളുടെ പുറകിൽ പതുങ്ങിയിരുന്നു. അവൾ ഇരുന്നു, *അങ്ങനെ* പുറത്തേക്ക് നോക്കി, നിങ്ങൾക്കറിയാം, കുഞ്ഞു മിർയ്യാം പുറത്തേക്ക് നോക്കാൻ തുടങ്ങിയിട്ട്, അത് കാണുന്നു.

253 ഒന്നാമത്തെ കാര്യം നിങ്ങൾക്കറിയാം, *ഇതു* പോലെ ഒരു വെൺകൊറ്റക്കുട പിടിക്കുന്ന ചില വലിയ ശക്തരായ കറുത്ത മനുഷ്യർ ഇതാ വരുന്നു. അവർക്കു ശേഷം ദാസിമാർ വരുന്നു, അവർ പാട്ട് പാടുന്നുണ്ടായിരുന്നു. ഇതാ ഒരു സ്ത്രീ വരുന്നു, അവളുടെ തലയിൽ ഒരു വലിയ സ്വർണ്ണ തോൽപ്പട്ടയുണ്ട്, ഒരു വലിയ പാമ്പ് അതിന്റെ മുന്നിൽ വായ തുറന്ന് (*അതു* പോലെ) മുൻ വശത്തേക്ക് നിൽക്കുന്നു. അവൾ ഒരു സുന്ദരിയായ-സ്ത്രീയാണ്, അവൾ ഇറങ്ങി വരുന്നു. അവൾക്ക് ശരിക്കും ഭംഗിയുള്ള വസ്ത്രങ്ങളും മറ്റും ഉണ്ട്. ദാസിമാരിൽ ഒരാൾ പറയുന്നത് ഞാൻ കേൾക്കുന്നു, "മഹാ റാണി, ഇന്ന് രാവിലെ വെള്ളം ചൂടായിരിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ?"

254 മിർയ്യാം പറഞ്ഞു, "'മഹാ റാണിയോ'? ഓ, അത് രാജത്വം ആയിരിക്കണം, അതുകൊണ്ട് ഞാൻ ഉദ്യാനത്തിൽ തന്നെ ആയിരിക്കണം. അവർ എന്നെ ഇവിടെ വെച്ച് പിടിച്ചാൽ, അവർ എന്നോട് എന്ത് ചെയ്യും?"

255 ശരിയാണ്, അവൾ ഇറങ്ങി വരികയാണ്, വലിയ നിറക്കാരായ ഈ മനുഷ്യർ ദണ്ഡിനെ *ഇതു* പോലെ എടുത്തിരിക്കുന്നു, *അതു* പോലെ വെള്ളത്തിന്റെ അരികിലേക്ക് ഇറങ്ങി, അവൾ അവളുടെ ഷൂസ് ഊരി മാറ്റുന്നു. ഒരു ദാസിയുടെ കയ്യിൽ തുവാലകളും, മറ്റുള്ളവരുടെ കയ്യിൽ സോപ്പും ഉണ്ടായിരുന്നു. അവൾ അവളുടെ രാവിലത്തെ കുളിക്കായി ഇറങ്ങുകയായിരുന്നു. അങ്ങനെ അവൾ അവിടേക്ക് ഇറങ്ങാൻ തുടങ്ങിയിട്ട് അവൾ—അവൾ കുളിക്കാനായി ഒരുങ്ങുന്നു. അവൾ അവളുടെ ഷൂസ് ഊരി മാറ്റുന്നു. അവൾ പറഞ്ഞു, "ഞാൻ എന്റെ കാൽവിരലുകൾ വെള്ളത്തിൽ തൊട്ട് അത് ഇപ്പോഴും ചൂടാണോ എന്ന് നോക്കും. ഓ, ഇത് വളരെ നന്നായിരിക്കുന്നു, ഇത്...അവിടെ ഉള്ളത് എന്താണ്?"

256 "ഓ!" മിർയ്യാം, കുഞ്ഞ് മിർയ്യാം പറഞ്ഞു, "ഓ! ഊഹ്-ഓ, അവൾ ആ പെട്ടകത്തിന്റെ ചാരപ്പണി ചെയ്തു കഴിഞ്ഞിരുന്നു."

"ഓ," അവൾ പറഞ്ഞു, "അതൊരു മുതലയാണോ?"

257 ആ വലിയ ശക്തന്മാരിൽ ഒരാൾ പറഞ്ഞു, "ഒരു നിമിഷം, ഞാൻ കണ്ടുപിടിക്കാം." വെള്ളം തെറിപ്പിച്ച്, വെള്ളം തെറിപ്പിച്ച്, വെള്ളം തെറിപ്പിച്ച്, വെള്ളത്തിലേക്ക് നടക്കുന്നു. നടന്നു ചെന്നിട്ട്, *ഇതു* പോലെ അത് പൊക്കിയെടുക്കുന്നു. പറയുന്നു, "മഹാ റാണി!" അതിനെ ഒരു ദാസിക്ക് കൊടുക്കുന്നു. ആ ദാസി അത് ഏറ്റുവാങ്ങി *ഇതു* പോലെ അവൾക്ക് കൊടുക്കുന്നു, അവൾ അത് താഴെ വെച്ചു.

258 അവൾ പറഞ്ഞു, "എന്താണിത്? വ്യൂ, നാറ്റം! അതിൽ മുഴുവൻ കീൽ പൂശിയിരിക്കുന്നു. ഇവിടെ നോക്കു, അതിന്റെ മുകളിൽ ഒരു ദ്വാരമുണ്ട്."

259 അപ്പോൾ മിർയ്യാം പറഞ്ഞു. "ഓ! ഓ, എന്റെ ചെറിയ സഹോദരൻ അതാ പോകുന്നു! എന്റെ ചെറിയ സഹോദരൻ അതാ പോകുന്നു!"

260 അങ്ങനെ അവർ അത് *ഇതു* പോലെ തുറക്കുന്നു. "ഓ, ഇതൊരു കുഞ്ഞാണ്!" അത് തുടങ്ങിയിട്ട്...ലോകത്തിലെ ഏറ്റവും സുന്ദരനായ കൊച്ചു കുഞ്ഞ്! കൂടാതെ, ഓ, വിദ്വേഷം ഉളവാക്കാൻ കഴിയുന്ന ഒരു ദൈവം, സ്നേഹം ഉളവാക്കുന്നു; ഒരു കുഞ്ഞിനായി ഒരു അമ്മയിൽ, ഒരു മനുഷ്യ ഹൃദയത്തിൽ അവനു ഇടാൻ കഴിയുന്ന സകല സ്നേഹവും, അവൻ ആ പെൺകുട്ടിയുടെ ഹൃദയത്തിൽ നിക്ഷേപിച്ചിരുന്നു. അവൾ—അവൾ പറഞ്ഞു, "ഇത് ഒരു എബ്രാ-...പെട്ട ഒന്നാണ് എനിക്കറിയാം. അത് എന്റെ അലിവില്ലാത്ത പിതാവാണ്! അദ്ദേഹം വളരെ ഹീനനാണ്! എല്ലാ ചെറിയ എബ്രായ കുഞ്ഞുങ്ങളെയും കൊന്നുകളയാൻ അവൻ അവരെ നിയമിച്ചിരിക്കുന്നു. അത് എവിടെയെങ്കിലും പോയി കരയ്ക്ക് അടിയുമെന്നു പ്രതീക്ഷിച്ചിട്ട്, ആ അമ്മമാരിൽ ഒരുവൾ തന്റെ കുഞ്ഞിനെ പുറത്തേക്ക് എറിഞ്ഞിരിക്കുന്നു. ഓ, അവൻ ദുഷ്ടനാണ്! അതെ, അവൻ ഈ ഒന്നിനെ കൊല്ലുകയില്ല, കാരണം ഇത് എന്റേതാണ്." ഊഹ്-ഹഹ്, നോക്കു ദൈവം ഒരു-പ്രവർത്തി എങ്ങനെ ചെയ്യുന്നു?

261 അവൾ അവനെ ഉയർത്തി എടുത്തു, പിന്നെ [ബ്രദർ ബ്രൺഹാം ചുംബിക്കുന്ന ശബ്ദം പുറപ്പെടുവിക്കുന്നു—Ed.] അവൾ അവനെ ചുംബിക്കുന്നു. ആ കുഞ്ഞ് കരയാൻ തുടങ്ങുന്നു. അത് കരഞ്ഞപ്പോൾ, അത് അവളുടെ ഹൃദയത്തെ ചൂടാക്കിക്കളഞ്ഞു. അവൾ പറഞ്ഞു, "പാവം ചെറിയ വസ്തു." പറഞ്ഞു, "ഞാൻ അവനെ എടുത്ത് ഞാൻ

അവനെ വിളിക്കാൻ പോകുന്നു...ഞാൻ അവന് ഒരു പേരിടാൻ പോകുന്നു." അവിടെയാണ് അവന് അവന്റെ പേര് കിട്ടിയത്.

262 അവന്റെ പേര് എന്തായിരുന്നു? [കൂട്ടായ്മ പറയുന്നു, "മോശെ."—Ed.] മോശെ. *മോശെ* എന്നാൽ "വെള്ളത്തിൽ നിന്ന് എടുത്തത്." കണ്ടോ?

263 അവൾ പറഞ്ഞു, "ഇപ്പോൾ ഞാൻ അവനെ മോശെ എന്ന് വിളിക്കും, അവൻ എന്റെ സ്വന്തം കുഞ്ഞായിരിക്കും. ഞാൻ അവനെ പരിപാലിക്കും. പക്ഷെ ഇപ്പോൾ," അവൾ പറഞ്ഞു, "പക്ഷെ ഞാൻ ഒരു കന്യകയാണ്, എനിക്ക് അവനെ മുലയൂട്ടാൻ കഴിയില്ല. എനിക്ക്—എനിക്ക്—എനിക്ക് അവനെ പോറ്റാൻ ഒരു വഴിയുമില്ല." ഈ കുപ്പികളും സാധനങ്ങളും അന്ന് അവർക്ക് ഇല്ലായിരുന്നു. സ്ത്രീകൾ ഇപ്പോൾ ചെയ്യുന്നതുപോലെ സ്ത്രീകൾ സിഗരറ്റ് വലിക്കില്ല, നിങ്ങൾ നോക്കൂ, സ്വയം വിഷം കഴിക്കുന്നു. അങ്ങനെ പറഞ്ഞു, "കൊള്ളാം, നിങ്ങൾക്ക് അറിയാമെങ്കിൽ ഒരു..." പറഞ്ഞു, "എന്ത്—ഞാൻ എന്തു ചെയ്യും?" അങ്ങനെ അവൾ പറഞ്ഞു, "ഞാൻ..."

264 അവരിൽ ഒരാൾ പറഞ്ഞു, "മഹാ റാണി, ഞാൻ നിങ്ങളോട് പറയട്ടെ, മറ്റൊരാളുടെ കുഞ്ഞിന് മുലകൊടുക്കുന്ന ഒരു സ്ത്രീയെ ഞാൻ നിങ്ങളുടെ കുഞ്ഞിനു വേണ്ടി കണ്ടെത്തും."

"ഓ," അവൾ പറഞ്ഞു, "അത് വളരെ നന്നായിരിക്കുന്നു." ചെറിയ...

265 എന്തോ സംസാരിച്ചിട്ട്, ഒരു ദൂതൻ ആ ചെടികൾക്ക് ഇടയിൽ നിൽക്കുകയായിരുന്നു, പറഞ്ഞു, "മിർയ്യാം, അവിടെയാണ് നിന്റെ അവസരം! അതാണ് നിന്റെ അവസരം!" കുഞ്ഞു മിർയ്യാം അവിടേക്ക് ഓടിച്ചെന്നു. പറഞ്ഞു, "ഇപ്പോൾ നീ ഒന്നും പറയരുത്, അങ്ങനെ ഒന്നും പറയരുത്. നീ പുറത്തിറങ്ങി 'ഒരു പോറ്റമ്മയെ കണ്ടുപിടിക്കും എന്നു പറഞ്ഞിട്ട്, നീ പോയി നിന്റെ അമ്മയെ കൂട്ടി വരൂ."

അങ്ങനെയാകട്ടെ, അങ്ങനെ അവൾ അതു പറഞ്ഞു. അവൾ പറഞ്ഞു, "മഹാ റാണി!"

266 ഇപ്പോൾ, സാമാന്യേന, അവൾ ഇങ്ങനെ ചോദിക്കണമായിരുന്നു, "നീ ഇവിടെ എന്തു ചെയ്യുന്നു?" പക്ഷേ, നോക്കൂ, ദൈവം അതെല്ലാം മൂടുകയായിരുന്നു. എന്തുകൊണ്ടാണ്? അവന് പതിനായിരം ദൂതന്മാർ ആ മാർച്ചിൽ ഉണ്ടായിരുന്നു. കണ്ടോ? അവന്റെ പദ്ധതി നടപ്പിലാകാൻ പോകുന്നു. അവന് അവിടെ പതിനായിരം ദൂതന്മാർ നിന്നിരുന്നു.

267 അതിനാൽ നിങ്ങൾ അറിയുന്ന ആദ്യത്തെ കാര്യം, പറഞ്ഞു, “നിന്റെ...”

പറഞ്ഞു, “അതെ, കുഞ്ഞു പ്രിയേ, നീ ഇവിടെ എന്തു ചെയ്യുന്നു?”

268 അവൾ പറഞ്ഞു, “ഞാൻ ആ കുഞ്ഞിനോടൊപ്പം നിന്നെ ഇപ്പോൾ കാണുന്നു.” പറഞ്ഞു, “നിങ്ങളുടെ കുഞ്ഞിനെ നിങ്ങൾക്കായി പരിപാലിക്കുന്ന ഒരു നല്ല അമ്മ എവിടെയാണെന്ന് എനിക്കറിയാം.”

269 അവൾ പറഞ്ഞു, “പോയി, അവളെ കൂട്ടിവരൂ, ഈ കുഞ്ഞിനെ പരിപാലിക്കാൻ ഞാൻ അവൾക്ക് ആഴ്ചയിൽ മുന്നൂറ് ഡോളർ കൊടുക്കാമെന്ന് അവളോട് പറയൂ, കൊട്ടാരത്തിലെ ഒരു കൂട്ടം മുറികളും ഞാൻ അവൾക്ക് നൽകും. ഒരു എബ്രായ സ്ത്രീ എവിടെയെങ്കിലും ഉണ്ടെന്ന് നിനക്ക് അറിയാമെങ്കിൽ, അത് മറ്റൊരാളുടെ കുഞ്ഞിനു മുലകൊടുക്കുന്നു ഒരു സ്ത്രീയായി, ഈ കുഞ്ഞിനെ മുലയൂട്ടാൻ കഴിയണം, ഇത് എന്റെ കുഞ്ഞാണ്.”

പറഞ്ഞു, “അതെ, മഹാ റാണി, ഞാൻ നിങ്ങൾക്ക് ഒന്ന് കൊണ്ടുതരാം.”

270 പറഞ്ഞു, “ഇപ്പോൾ, ഒരു നിമിഷം! നീ കോട്ടയിലേക്ക് പോകുന്നതിന് മുമ്പ്, നിനക്ക് ഒരു രഹസ്യസൂചകപദം അറിഞ്ഞിരിക്കണം. നോക്കൂ, നിനക്ക് ആ രഹസ്യസൂചകപദം അറിയില്ല. ഓരോ ദിവസവും ഞങ്ങൾക്ക് ഒരു രഹസ്യസൂചകപദം ഉണ്ട്. ഇപ്പോൾ, ഇന്നത്തെ രഹസ്യസൂചകപദം, അത് എന്താണെന്ന് നിനക്കറിയാമോ? ‘ഒരു കവരത്തടിയും ഒരു ചുമട് വൈക്കോലും.’” പറഞ്ഞു, “അതാണ് ഗേറ്റിലൂടെ കടന്നു വരാൻ നീ പറയേണ്ടത്.”

271 അങ്ങനെ കുഞ്ഞ് മിർയ്യാം തലയെടുപ്പോടെ വീട്ടിലേക്ക്, അവൾക്ക് പോകാൻ കഴിയുന്നത്ര വേഗത്തിൽ, മതിലിന്റെ പുറത്തു കൂടെ ചാടി, തെരുവിലൂടെ താഴേക്ക്, *ഈ* വഴിയിലൂടെ താഴേക്കും, *ഈ* വഴിയിലൂടെയും, അവൾക്ക് പോകാൻ കഴിയുന്നത്ര വേഗത്തിൽ പോകുന്നു. അവൾ വീട്ടിലേക്ക് ഓടി കയറുന്നു.

272 പിന്നെ—അമ്രാമും, യോഖേബേദും വീട്ടിൽ വന്നതേയുള്ളു. പിന്നെ, ഓ, എന്തു സംഭവിക്കുന്നു എന്ന് ആശ്ചര്യപ്പെട്ട്, അവർ സങ്കടപ്പെട്ടിരിക്കുന്നു. അവൾ പറഞ്ഞു, “എന്റെ പാവം കുഞ്ഞ്! എന്റെ പാവം കുഞ്ഞ്!” അവൾ...

273 അവൻ പറഞ്ഞു, “ഇപ്പോൾ കേൾക്കൂ.” പറഞ്ഞു, “ഞാൻ കുറച്ച് മുമ്പ് തെരുവിലൂടെ പോയിട്ട് വരുമ്പോൾ, ആ പാവം അമ്മ ദിവസം മുഴുവൻ എല്ലാവരെയും ഉണർത്തിക്കൊണ്ടിരുന്നു. ഇന്ന് രാവിലെ അവർ ഈ അയൽപക്കത്തിലൂടെ വരുന്നു, അവർ അയൽപക്കത്തെ

എല്ലാ കുഞ്ഞിന്റെയും തല പൊട്ടിച്ചു." പറഞ്ഞു, "അവർ എങ്ങനെയാണ് നിലവിളിക്കുകയും കരയുകയും ചെയ്തിരുന്നത്! ഇപ്പോൾ, നിന്റെ കുഞ്ഞ്, അത് എവിടെയായിരുന്നാലും, അറിയില്ല. നമ്മുടെ കുഞ്ഞ് എവിടെ ആയിരുന്നാലും, ദൈവം അതിനെ കരുതിക്കൊള്ളും."

274 അപ്പോൾ തന്നെ എന്തോ പോയിട്ട്...[ബ്രദർ ബ്രൺഹാം പ്രസംഗപീഠത്തിൽ നാല് തവണ മുട്ടുന്നു—Ed.] "ഓ! ഓ! അവർ അവിടെ, ഇപ്പോൾ വാതിലിൽ ഉണ്ട്." അങ്ങനെ, അവർ പോയി നോക്കുന്നു. അല്ല, ഇത് അതല്ല. അത് മിർയ്യാം ആയിരുന്നു.

275 അവൾ പറഞ്ഞു, "ഓ! ഓ, മിർയ്യാം! അകത്തേക്ക് വരൂ, പ്രിയേ! കുഞ്ഞിന് എന്ത് സംഭവിച്ചു?"

അവൾ പറഞ്ഞു, "അമ്മേ, എനിക്ക് നല്ല വിശപ്പുണ്ട്."

പറഞ്ഞു, "ഇപ്പോൾ കുഞ്ഞിന് എന്തു പറ്റി?"

276 പറഞ്ഞു, "ഞാൻ ഏകദേശം പട്ടിണി കിടന്നു മരിക്കുന്നതു പോലെ ആയിരിക്കുന്നു, അമ്മേ." പറഞ്ഞു, "ഓ, കർത്താവിനു സ്തുതി! ഹല്ലെലൂയാ! എനിക്ക് വല്ലാതെ വിശക്കുന്നു, അമ്മേ."

പറഞ്ഞു, "എന്നാൽ കുഞ്ഞിന് എന്തു സംഭവിച്ചു?"

277 പറഞ്ഞു, "അമ്മേ, എനിക്ക് വളരെ വിശക്കുന്നു എനിക്ക് വീട്ടിലെ സകലതും കഴിക്കാൻ പറ്റും."

278 പറഞ്ഞു, "ഞങ്ങൾ നിനക്ക് എന്തെങ്കിലും കഴിക്കാൻ തരാം, എന്നാൽ കുഞ്ഞിന് എന്തു പറ്റി?" [ബ്രദർ ബ്രൺഹാം പ്രസംഗപീഠത്തിൽ മൂന്നു പ്രാവശ്യം മുട്ടുന്നു—Ed.]

279 പറഞ്ഞു, "ഓ, കുഞ്ഞ് സുഖമായിരിക്കുന്നു, അമ്മേ. എനിക്ക് കഴിക്കാൻ എന്തെങ്കിലും തരൂ. ഓ, ഞാൻ വളരെ സന്തോഷത്തിലാണ്!"

"പക്ഷേ അതിന് എന്ത് സംഭവിച്ചു?"

280 "അതെ, എനിക്ക് എന്തെങ്കിലും കഴിക്കാൻ തരൂ, എനിക്ക് അതി ഭയങ്കരമായി വിശക്കുന്നു." നിങ്ങൾക്ക് അത് സങ്കല്പിക്കാൻ കഴിയുമോ?

281 അവൾ പറഞ്ഞു, "മിർയ്യാം! ഇത് നിന്റെ അമ്മയും ഡാഡിയുമാണ്. കുഞ്ഞ് എവിടെ?" [ബ്രദർ ബ്രൺഹാം പ്രസംഗപീഠത്തിൽ മൂന്നു പ്രാവശ്യം മുട്ടുന്നു—Ed.]

282 അവൾ പറഞ്ഞു, "അമ്മേ, ഞാൻ നിങ്ങളോട് പറഞ്ഞു. കുഞ്ഞിനെ, ഞാൻ അതിനെ കണ്ടു, അത് സുഖമായിരിക്കുന്നു. ഇനി, അമ്മേ,

എനിക്ക് എന്തെങ്കിലും കഴിക്കാൻ തരൂ; എനിക്ക് പട്ടിണി കടന്നു പോലെ വിശക്കുന്നു. നിങ്ങൾക്ക് അറിയാമോ, ഞാൻ—ഞാൻ പട്ടിണി കിടന്നതു പോലെയുണ്ട്." നിങ്ങൾ സ്കൂൾ വിട്ട് വരുമ്പോൾ നിങ്ങൾക്ക് ഉണ്ടാകുന്നതുപോലെ, നിങ്ങൾക്കറിയാം; ഓ, എന്തെങ്കിലും കിട്ടിയിരിക്കണം.

അങ്ങനെ, അവൾ പോയി അവൾക്ക് ഒരു സാൻഡ്വിച്ച് കൊണ്ടുവന്നു. പറഞ്ഞു, "ഇപ്പോൾ എന്നോട് പറയൂ."

283 അവൾ കഴിക്കാൻ തുടങ്ങുന്നു, "യും, യും, യും," കഴിക്കുന്നു, നിങ്ങൾക്കറിയാം, ഇങ്ങനെ. പറഞ്ഞു, "അമ്മേ?"

പറഞ്ഞു, "അതെ, പക്ഷേ കുഞ്ഞിന് എന്തു സംഭവിച്ചു?"

284 "എന്താണ്," പറഞ്ഞു, "അമ്മേ..." അവൾ അവളോട് ആ കഥ പറഞ്ഞു. പറഞ്ഞു, "അമ്മേ, നിങ്ങൾ പോയി നിന്റെ ഏറ്റവും നല്ല വസ്ത്രങ്ങൾ എടുത്ത്, നിങ്ങളുടെ സ്യൂട്ട്കേസ് തയ്യാറാക്കൂ. കാരണം നിങ്ങൾ ആ കുഞ്ഞിനെ പരിപാലിക്കാൻ പോകുന്നു." ഓ! ഓ! ഓ!

"എന്താണ്?"

285 നിങ്ങൾ അത് കളഞ്ഞാൽ, നിങ്ങൾ അത് വീണ്ടും കണ്ടെത്തും. അതു ശരിയാണോ? നിങ്ങൾ അത് സൂക്ഷിച്ചാൽ, നിങ്ങൾ അത് കളയും. നിങ്ങൾ അത് നൽകിയാൽ, അത് കളഞ്ഞാൽ, നിങ്ങൾ അത് കണ്ടെത്തും. അതു ശരിയാണോ?

286 കുഞ്ഞു മിർയ്യാം കഴിച്ചു കഴിയുന്നു. പറഞ്ഞു, "അതെ." പറഞ്ഞു, "നിങ്ങൾ ഇന്ന് കൊട്ടാരത്തിലേക്ക് പോകാൻ പോകുന്നു. അതു മാത്രമല്ല, പിന്നെ നിങ്ങൾ പോകുമ്പോൾ, കൊടുക്കാൻ, ആഴ്ചയിൽ മുന്നൂറ് ഡോളർ നൽകാനും പോകുന്നു, നിങ്ങളുടെ സ്വന്ത കുഞ്ഞിനെ പരിപാലിക്കാൻ, രാജ്യത്തെ ഏറ്റവും മികച്ച മുറികളും."

287 ലോക ചരിത്രത്തിൽ അവിടെ ആദ്യമായി ഒരു അമ്മയ്ക്ക് തന്റെ കുഞ്ഞിനെ മുലയൂട്ടാൻ പണം നൽകുന്നു. ദൈവം ഇത് എങ്ങനെ ചെയ്യുന്നു എന്നു കാണുന്നോ? [ബ്രദർ ബ്രൺഹാം മൂന്നു പ്രാവശ്യം കൈ കൊട്ടുന്നു—Ed.] ഹല്ലേലൂയാ! അവളുടെ സ്വന്തം കുഞ്ഞിനെ പാലൂട്ടാൻ, അതിനു ആഴ്ചയിൽ മുന്നൂറ് ഡോളറും, രാജ്യത്തെ മികച്ച മുറികളും കിട്ടി. ദൈവം കാര്യങ്ങൾ ചെയ്യുന്നു, അവൻ ചെയ്യുന്നില്ലേ? പ്രാർത്ഥിച്ചാൽ പ്രതിഫലം ലഭിക്കുമോ? [കൂട്ടായ്മ പറയുന്നു, "അതെ."] പ്രാർത്ഥിക്കുന്നത് നല്ലതാണോ? ["ആമേൻ."]

288 അങ്ങനെ, അവൾ അവളുടെ ചെറിയ സ്യൂട്ട്കേസ് തയ്യാറാക്കി. ഞങ്ങൾ ഇപ്പോൾ വേഗത്തിലാക്കുന്നു, ഒരു നിമിഷത്തിനുള്ളിൽ ഞങ്ങൾ സമാപിപ്പിക്കാൻ പോകുന്നു. അങ്ങനെ ഞങ്ങൾ...അവൾ

അവളുടെ സ്യൂട്ട്കേസ് തയ്യാറാക്കി, അവൾക്ക് പോകാൻ കഴിയുന്നത്ര വേഗത്തിൽ, വഴിയിലൂടെ അവൾ അതാ പോകുന്നു. നിങ്ങൾ അറിയുന്ന ആദ്യത്തെ കാര്യം, അവൾ വരുന്നു; തടിച്ച പ്രായമുള്ള കാവൽക്കാരൻ അവന്റെ ഒരു വലിയ കുന്തവുമായി അവിടെ നിൽക്കുന്നു, ചോദിച്ചു, "അവിടെ പോകുന്നത് ആരാണ്?"

അവൾ പറഞ്ഞു, "ഒരു കവരത്തടിയും ഒരു ചുമട് വൈക്കോലും."

"കടന്നുപോകൂ." ദൈവം കാര്യങ്ങൾ ചെയ്യുന്നത് എങ്ങനെയെന്ന് കാണുന്നോ?

289 അടുത്ത കാവൽക്കാരന്റെ അടുത്തേക്ക് പോയി. അവിടെ അവൻ തന്റെ വാൾ ഊരിക്കൊണ്ട്, ചോദിച്ചു, "നിങ്ങൾ ആരാണ്? അവിടെ പോകുന്നത് ആരാണ്?"

പറഞ്ഞു, "ഒരു കവരത്തടിയും ഒരു ചുമട് വൈക്കോലും."

പറഞ്ഞു, "കടന്നുപോകൂ." എന്റെ! ദൈവം കാര്യങ്ങൾ ചെയ്യുന്നത് എങ്ങനെയെന്ന് കാണുന്നോ?

290 മുകളിലേക്ക് പോകുന്നു, കൊട്ടാരത്തിൽ കൂടി നടന്നു നോക്കുന്നു; ആരംഭിക്കുന്നു, സകല രാജപദവി ഉള്ളവരും പുറത്തുവരുന്നു, അവരുടെ വാളുകളെ വലിച്ച് ഊരുന്നു. "ആരാണ് അവിടെ പോകുന്നത്?"

പറഞ്ഞു, "ഒരു കവരത്തടിയും ഒരു ചുമട് വൈക്കോലും."

"കടന്നു പോകൂ."

291 ആദ്യത്തെ കാര്യം നിങ്ങൾക്കറിയാമോ, ഒരു മനുഷ്യൻ പുറത്തേക്ക് നടന്നു വരുന്നു, പറഞ്ഞു, "അവളുടെ മഹാ റാണി കാത്തിരിക്കുന്ന മഹിള നിങ്ങളാണോ?"

"അതെ."

292 "ഇന്ന് രാവിലെ കണ്ടെത്തിയ മുലകൊടുക്കുവാൻ നിയമിക്കപെട്ട സ്ത്രീ ഇതാണോ?"

"അതെ."

293 പറഞ്ഞു, "അതെ, അവളെ അകത്ത് കൊണ്ടുവരൂ." അങ്ങനെ അവൾ കുഞ്ഞിനെ കൊണ്ടുവരുന്നു...അഥവാ അമ്മയെ അകത്ത് കൊണ്ടുവരുന്നു.

294 കൂടാതെ—കൂടാതെ—ആ ചെറിയ രാജകുമാരി പുറത്തേക്ക് നടന്നു വന്നിട്ട്, അവൾ പറയുന്നു, "കുഞ്ഞുങ്ങളെക്കുറിച്ച് നിനക്ക് എന്തെങ്കിലും അറിയാമോ?"

അവൾ പറഞ്ഞു, "അതെ, മഹാ റാണി."

അവൾ പറഞ്ഞു, "ഈ കുഞ്ഞിനെ നോക്കു. അവൻ സുന്ദരനല്ലേ?"

"അതെ, മഹാ റാണി. അതെ."

പറഞ്ഞു, "ഒരു കുഞ്ഞിനെ മുലയൂട്ടുന്നത് എങ്ങനെയെന്ന് നിനക്ക് അറിയാമോ?"

"അതെ, തിരുമേനി. നിസ്സംശയം."

295 "കൊള്ളാം," അവർ പറഞ്ഞു, "ഞാൻ നിനക്ക് തരും, നിന്റെ കൂലി, ആഴ്ചയിൽ മുന്നൂറ് ഡോളറാണ്." ഹും! ദൈവം നല്ലവനായിരുന്നില്ലേ? പിന്നെ പറഞ്ഞു, "നിനക്ക് കൊട്ടാരത്തിലെ മികച്ച മുറികൾ കൊടുത്തിട്ടുണ്ട്, നിന്റെ ഭക്ഷണം നിനക്ക് അയച്ചുതരുന്നതാണ്. നിനക്ക് പുറത്തേക്ക് വന്ന് നിന്റെ ഭക്ഷണം പാകം ചെയ്യേണ്ടതില്ല." പറഞ്ഞു, "ഇപ്പോൾ, ഇതാ ആ കുഞ്ഞ്, നന്നേ ശ്രദ്ധിക്കണം. ഇതിനെ നിലത്തു ഇടരുത്."

"ഓ, വിഷമിക്കേണ്ട, ഞാൻ ചെയ്യില്ല. വിഷമിക്കേണ്ട, ഞാൻ അതിനെ നിലത്തിടില്ല."

"അതിനെ അതിനെ പരിപാലിക്കാൻ കഴിയുന്നതിന്റെ പരമാവധി ചെയ്യൂ."

296 "നിങ്ങൾ വിഷമിക്കേണ്ട, ഞാൻ ചെയ്യും. ഇതിന് ഏറ്റവും മികച്ച പരിചരണം ഉണ്ടായിരിക്കും." തീർച്ചയായും, അത് അവളുടെ സ്വന്തം ആയിരുന്നു, നോക്കു. "ഞാൻ അതിന് ഏറ്റവും മികച്ച പരിചരണം നൽകും."

"ഇതൊരു സുന്ദരനായ കുഞ്ഞാണെന്ന് നീ കാണുന്നോ?"

"വളരെ സുന്ദരൻ," അവൾ പറഞ്ഞു.

"അങ്ങനെയാകട്ടെ."

297 അടച്ചിട്ട് വാതിലിന്റെ ഉള്ളിലേക്ക് പോയി, മിർയ്യാമും അവളുടെ അമ്മയും, കുഞ്ഞു മോശെയും. ആ വാതിൽ അടച്ചപ്പോൾ, അവൾ ചുറ്റിനും നോക്കി. അവൾ പറഞ്ഞു, "ടിസ്ക്-ടിസ്ക്-ടിസ്ക്! നീ അവളുടെ കുഞ്ഞാണെന്ന് *അവൾ* കരുതി. ഹാ-ഹാ-ഹാ-ഹാ-ഹാ!" ഓ, എന്റെ! അവൾ അതിനെ ലാളിച്ചു.

298 അവൾ എന്താണ് ചെയ്തത്? അവൾ...അവൾ അതിനെ സൂക്ഷിച്ചിരുന്നു എങ്കിൽ, അവൾ എന്ത് ചെയ്യുമായിരുന്നു? [കൂട്ടായ്മ പറയുന്നു, "അത് കളയുമായിരുന്നു."—Ed.] കാരണം, അവൾ അത് അവൾക്ക് നൽകിയവനു തിരികെ നൽകി, അവൾ (എന്ത്?) അത് കണ്ടെത്തി, അവൾക്ക് അത് സൂക്ഷിക്കാൻ കഴിയും. ഇനി കളഞ്ഞാൽ എന്തു സംഭവിക്കും...നാം നമ്മുടെ പ്രാണനെ സൂക്ഷിച്ചാൽ എന്ത്

സംഭവിക്കും? ["നമുക്കത് നഷ്ടപ്പെട്ടും."] നമ്മൾ അതിനെ കളയും. നമുക്ക് അത് തന്നവനു നമ്മൾ തിരികെ കൊടുത്താൽ, എന്ത് സംഭവിക്കും? ["നമ്മൾ അത് സൂക്ഷിക്കും."] നമ്മൾ സൂക്ഷിക്കും. അതു ശരിയാണോ?

299 നിങ്ങൾ എല്ലാവരിലും എത്രപേർ അൾത്താരയ്ക്ക് ചുറ്റും വന്ന് പ്രാർത്ഥിക്കാൻ ആഗ്രഹിക്കുന്നു? നിങ്ങൾക്കത് ചെയ്യാൻ താല്പര്യമുണ്ടോ? ചെറിയ കുഞ്ഞേ, അവൻ അവരോട് ചെയ്തതുപോലെ യേശു നിങ്ങളെ പരിപാലിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്ങനെ...കൊച്ചു കുട്ടികളേ, നമുക്കെല്ലാവർക്കും, ഇപ്പോൾ ഇവിടെ അൾത്താരയ്ക്ക് ചുറ്റും കൂടിവരാം. നിങ്ങൾ അത് ചെയ്യുമോ? നേരെ വന്ന്, അൾത്താരയ്ക്ക് ചുറ്റും മുട്ടുകുത്തു. നിങ്ങൾ എല്ലാവരും, നമുക്ക് പ്രാർത്ഥിക്കാം. ഇപ്പോൾ എല്ലാ ചെറിയ കുട്ടികളും ഇവിടേക്ക് വരു. ഇതിനെക്കുറിച്ചുള്ള എന്റെ കഥ നിങ്ങൾക്ക് ഇഷ്ടപ്പെട്ടോ? [കൂട്ടായ്മ പറയുന്നു, "അതെ."—Ed.] നിങ്ങൾ അത് ഇഷ്ടപ്പെട്ടുന്നോ? അങ്ങനെയാകട്ടെ, ഇപ്പോൾ നിങ്ങൾ അൾത്താരയ്ക്ക് ചുറ്റും കടന്നു വരു. ഇപ്പോൾ വരു. കൊച്ചു കുട്ടികളായ നിങ്ങൾ എല്ലാവരും വന്ന്, അൾത്താരയ്ക്ക് ചുറ്റും മുട്ടുകുത്ത, അവിടെ മുട്ടുകുത്തു—ശരിക്കും അൾത്താരയിൽ വന്നു അവിടെ തന്നെ. അതാണ് അത്. പുറകിലുള്ള എല്ലാ ചെറിയ കുഞ്ഞുങ്ങളും, ഇപ്പോൾ ഇവിടെ വരു, ഞങ്ങൾ പ്രാർത്ഥിക്കാൻ പോകുന്നു. അങ്ങനെയാകട്ടെ. നിങ്ങൾ വന്ന് പ്രാർത്ഥിക്കാൻ ആഗ്രഹിക്കുന്നവർ. മുകളിലേക്ക് വന്ന് അൾത്താരയ്ക്ക് ചുറ്റും മുട്ടുകുത്തു. അത് ശരിയാണ്. ഇപ്പോൾ, അത് നല്ലതാണ്. അതൊക്കെ അങ്ങനെ മതിയാകും.

300 ഇനി, അമ്മമാരേ, നിങ്ങളും കൂടെ, വരാൻ ആഗ്രഹിക്കുന്നോ, ഡാഡിമാരെ, നിങ്ങൾ എല്ലാവരും ഇടനാഴിയിൽ മുട്ടുകുത്താൻ ആഗ്രഹിക്കുന്നുണ്ടോ?

301 ഇപ്പോൾ ഇവിടെയുള്ള ചെറിയ കുട്ടികളോട് ഒരു കാര്യം ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നോക്കു. മോശെയെ സ്നേഹിച്ചതു പോലെ യേശു നിങ്ങളെ സ്നേഹിക്കുന്നു എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ദൂതന്മാർ നിങ്ങളെ അതുപോലെ ശ്രദ്ധിക്കുന്നുണ്ടെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ഇപ്പോൾ, ദൈവം നിങ്ങൾക്ക് ഒരു പ്രാണനെ തന്നിരിക്കുന്നു, അവൻ തന്നിട്ടില്ലേ? ഇപ്പോൾ, നിങ്ങൾ നിങ്ങളുടെ പ്രാണനെ സൂക്ഷിച്ചാൽ, അതിന് എന്തു സംഭവിക്കും? [കുട്ടികൾ പറയുന്നു, "അത് കളയുന്നു."—Ed.] അത് നഷ്ടപ്പെടാൻ പോകുന്നു. എന്നാൽ ഇന്ന് രാവിലെ നിങ്ങൾ അത് യേശുവിന് തിരികെ കൊടുത്താൽ, പിന്നെ നിങ്ങൾ എന്തു

ചെയ്യാൻ പോകുന്നു? [“അതിനെ സൂക്ഷിക്കാൻ.”] പോകുന്നു—അത് സൂക്ഷിക്കാൻ പോകുന്നു. നിങ്ങൾ രക്ഷിക്കാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ നിങ്ങളുടെ പ്രാണനെ രക്ഷിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു, നിങ്ങൾ ആഗ്രഹിക്കുന്നില്ലേ? നിങ്ങൾ യഥാർത്ഥ അമ്മമാരും യഥാർത്ഥ മഹിളകളുമായി വളരാൻ ആഗ്രഹിക്കുന്നു, നിങ്ങൾ ആഗ്രഹിക്കുന്നില്ലേ; യഥാർത്ഥ പുരുഷനും, പ്രാസംഗികരും, അങ്ങനെയും മറ്റുമായി? നിങ്ങൾ അത് ചെയ്യാൻ ആഗ്രഹിക്കുന്നില്ലേ? ഇപ്പോൾ, നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ, നിങ്ങളുടെ പ്രാണനെ യേശുവിന് കൊടുക്കുക. നിങ്ങൾ അതു ചെയ്യുന്ന രീതി ഇതാണ്. നിങ്ങൾ പറയൂ, “പ്രിയ യേശുവേ, നിനക്കു തരാനായി എല്ലാമായി എനിക്കുള്ളത് ഇതാണ്, എന്റെ പ്രാണൻ, നീ മോശെയോട് ചെയ്തതു പോലെ നീ എന്നെ നിരീക്ഷിക്കുന്നു.”

302 ഇപ്പോൾ, നിങ്ങളിൽ ചില മുതിർന്നവരും കൂടെ, വന്ന് മുട്ടുകുത്താൻ ആഗ്രഹിക്കുന്നെങ്കിൽ, നിങ്ങളിൽ ചില അമ്മമാരും, ഒരുപക്ഷേ, ഒരുപക്ഷേ ഇന്ന് രാവിലെ ഇവിടെ മുട്ടുകുത്താൻ നിങ്ങൾ ആഗ്രഹിച്ചേക്കാം. അതെ, ഇത് നിങ്ങൾക്കും കൂടെ, തുറന്നിരിക്കുന്നു. നിങ്ങൾക്ക് വേണമെങ്കിൽ, വന്നു, നേരെ ഇവിടെ മുട്ടുകുത്തു. അത് കൊള്ളാം. ഇതാ ഒരു അമ്മ തന്റെ കൊച്ചു കുട്ടിയുമായി വരുന്നു. മറ്റാരെങ്കിലും വരുന്നുണ്ടോ?

303 ഒരു അപ്പൻ, ഡാഡി, നിങ്ങളിൽ ആരെങ്കിലും, അമ്രാം ആയിരുന്നതു പോലെ പ്രാർത്ഥിക്കുന്ന ഒരു മനുഷ്യനാകാൻ ആഗ്രഹിക്കുന്നെങ്കിൽ, നിങ്ങളും കൂടെ, വന്നു, മുട്ടുകുത്തു.

304 അമ്മേ, നിങ്ങൾക്ക് യോഖേബേദിനെപ്പോലെ ആകാൻ ആഗ്രഹമുണ്ടെങ്കിൽ, എന്താ, നിങ്ങളും, കൂടെ വന്നു, മുട്ടുകുത്തു.

305 തീർച്ചയായും, ഇത് എല്ലാവർക്കും വേണ്ടിയാണ്. കാരണം (എന്താണ്?) നിങ്ങൾക്കും കൂടെ, ഒരു പ്രാണൻ ലഭിച്ചിരിക്കുന്നു. നിങ്ങൾ അത് സൂക്ഷിച്ചാൽ, എന്തു സംഭവിക്കും? [കൂട്ടായ്മ പറയുന്നു, “അത് കളയുന്നു.”—Ed.] അത് കളയുന്നു. നിങ്ങൾ അത് നിങ്ങൾക്ക് നൽകിയവന് തിരികെ നൽകിയാൽ, എന്ത് സംഭവിക്കും? [“അതിനെ രക്ഷിക്കുന്നു.”] നിങ്ങൾ അതിനെ, നിത്യജീവനിലേക്ക് സൂക്ഷിക്കും. അത് ശരിയാണ്. ഇപ്പോൾ, ഇപ്പോൾ ആഗ്രഹിക്കുന്ന നിങ്ങൾ എല്ലാവരും, നിങ്ങൾ ചുറ്റും കൂടി, ഈ കൊച്ചു കുട്ടികളോടൊപ്പം, നമുക്ക്, നമ്മിലുള്ള എല്ലാമായി പ്രാർത്ഥിക്കാം.

306 മാതൃദിനം, ഒരു അത്ഭുതകരമായ ദിവസം. ഒരുപക്ഷേ ഇന്ന് രാത്രി, ചിലപ്പോൾ ഞാൻ എന്റെ വിഷയത്തെ മാറ്റി ഇന്ന് രാത്രിയിൽ അമ്മ എന്തു ചെയ്തു, ആ അമ്മ എങ്ങനെ ചെയ്തു എന്ന്

പറയാൻ ഇടയുണ്ട്. യിസ്രായേലിനെ മുഴുവൻ വാഗ്ദത്ത ദേശത്തേക്ക് നയിക്കാൻ തന്റെ കൊച്ചു കുട്ടിയെ പഠിപ്പിച്ചത് അവളായിരുന്നു. ഓ, അവൾ ഒരു യഥാർത്ഥ അമ്മയായിരുന്നു. അവൾ ശരിക്കും ഒരു അമ്മയായിരുന്നില്ലേ? [കുട്ടികൾ പറയുന്നു, "അതെ."—Ed.] ഇപ്പോൾ, നിങ്ങൾക്കും കൂടെ, ഒരു യഥാർത്ഥ അമ്മയെ കിട്ടിയിരിക്കുന്നു, അമ്മ നിങ്ങൾക്കായി പ്രാർത്ഥിക്കുന്നു. അവൻ ഒരു യഥാർത്ഥ ഡാഡി ആയിരുന്നു. ഡാഡി നിങ്ങൾക്കായി പ്രാർത്ഥിക്കുന്നു. ഇപ്പോൾ നമ്മൾ എല്ലാവരും ഒരുമിച്ച് പ്രാർത്ഥിച്ചിട്ട്, നമ്മെ സഹായിക്കാൻ യേശുവിനോട് അപേക്ഷിക്കാം.

സഹോദരൻ നെവിൽ, നിങ്ങളും വന്നു, ഞങ്ങളോടൊപ്പം മുട്ടുകുത്തുമോ?

307 എല്ലായിടത്തും, നമുക്ക് എല്ലാവർക്കും നമ്മുടെ തലകളെ കുനിക്കാം. ഇപ്പോൾ സഹോദരി ഗെർട്ടി...[പിയാനോ വായിക്കുന്നയാൾ *അവരെ അകത്തേക്ക് കൊണ്ടു വരൂ* പാടിക്കുന്നു—Ed.]

308 പ്രിയ സ്വർഗ്ഗീയ പിതാവേ, ഈ ചെറിയ, ഇന്നത്തെ ലളിതമായ കഥ, വളരെ പണ്ട് കടന്നു-പോയ നാളുകളിൽ സംഭവിച്ചിട്ട്, അവിടെ ഒരു യഥാർത്ഥ അപ്പനും അമ്മയും, ഒരു യഥാർത്ഥ വിശ്വാസി, നിന്റെ അടുക്കൽ വന്നു അവർ നിന്നെ ആരാധിച്ചു. അവർ നിന്നെ വിശ്വസിച്ചു. അക്കാലത്ത് ആ നാട്ടിൽ ഒരു ദുരവസ്ഥ ഉണ്ടായിരുന്നു. ഇന്ന് രാവിലെ ഇവിടെ മുട്ടു മടക്കിയിരിക്കുന്നതിൽ ഒരു ആധുനിക കൊച്ചു മോശെ ഇല്ലെന്ന് ഞങ്ങൾക്ക് എങ്ങനെ അറിയാനാകും! ഇന്ന് രാവിലെ ഇവിടെ മുട്ടു മടക്കിയിരിക്കുന്നവരിൽ ഒരു ആധുനിക മിർയ്യാം ഇല്ലെന്നും കൂടെ, ഞങ്ങൾക്ക് എങ്ങനെ അറിയാനാകും, പ്രവാചകി!

309 ഓ പ്രിയ പിതാവേ, ഈ കൊച്ചുകുട്ടികൾ നിന്നെ സ്നേഹിക്കുകയും, അവർ വന്നു, ക്രൂശിങ്കൽ മുട്ടുകുത്തിയിട്ട്, രക്ഷിക്കപ്പെടേണ്ട ഒരു പ്രാണൻ അവർക്ക് ഉണ്ടെന്ന് തിരിച്ചറിഞ്ഞ്, അവർ അത് ഇപ്പോൾ നിങ്ങൾക്ക് നൽകുകയും ചെയ്യുന്നു. കാരണം ഇപ്പോൾ ഞങ്ങൾ നിന്റെ വചനത്തിൽ വായിച്ചു, "നിങ്ങൾ അതു കളഞ്ഞാൽ, നിങ്ങൾ അതു കണ്ടെത്തും; നിങ്ങൾ അതിനെ സൂക്ഷിച്ചാൽ, നിങ്ങൾ അതിനെ കളയും." കൂടാതെ, പിതാവേ, അവർ അവരുടെ പ്രാണനെ അവരിൽത്തന്നെ സൂക്ഷിക്കാൻ ആഗ്രഹിക്കുന്നില്ല. അവർ അവർക്കായി തന്നെ ജീവിക്കാൻ ആഗ്രഹിക്കുന്നില്ല. അവർ അവരുടെ പ്രാണനെ നിനക്ക് തരാൻ ആഗ്രഹിക്കുന്നു, അങ്ങനെ അത്, അത് നൽകുന്നതിലൂടെ, അവർ നിത്യജീവൻ കണ്ടെത്തും. അനുവദിക്കു, ഇത് അനുവദിക്കു, കർത്താവേ.

310 അൾത്താരയ്ക്ക് ചുറ്റുമുള്ള ഈ കൊച്ചു ആൺകുട്ടികളെയും പെൺകുട്ടികളെയും അനുഗ്രഹിച്ചാലും. ഇന്ന് രാവിലെ ഇവിടെ ആയിരിക്കുന്ന അമ്മമാരെയും അപ്പന്മാരേയും അനുഗ്രഹിച്ചാലും. ഓ, അങ്ങയുടെ സ്നേഹ നിർഭരമായ കൃപയും കാരുണ്യവും അവർക്ക് എല്ലാവർക്കും ഉണ്ടാകട്ടെ. കർത്താവേ, ഞങ്ങളുടെ എല്ലാ പാപങ്ങളും കുറവുകളെയും, ഞങ്ങളോട് ക്ഷമിക്കണമേ. ഞങ്ങളുടെ ഇടയിൽ നിന്ന് രോഗങ്ങളെ നീക്കിക്കളഞ്ഞാലും.

311 ദൂതന്മാരെ അയയ്ക്കു! ഹല്ലേലൂയാ! ദൈവമേ, പതിനായിരം ദൂതന്മാർ മാർച്ച് ചെയ്തു പോകാനായി, ഗബ്രീയേലിനോട് ആജ്ഞാപിച്ചവനെ, ഇന്ന് രാവിലെ ഈ അൾത്താരയിൽ ഈ പാവം കൊച്ചു കുട്ടികൾ മുട്ടുകുത്തി നിൽക്കുന്നത് കാണുമ്പോൾ ചുറ്റിനും എത്രയധികം ദൂതന്മാർ വരുന്നുണ്ടാകും! ചുറ്റുമായി, ഈ അൾത്താരയിലും ആലയത്തിൽ മുഴുവനും, ദൈവത്തിന്റെ ദൂതന്മാർ നിൽക്കുന്നു. അവരുടെ പേരുകൾ ഒരു പുസ്തകത്തിൽ രേഖപ്പെടുത്താൻ, രേഖപ്പെടുത്തുന്ന ദൂതൻ ഇവിടെയുണ്ട്. അവർക്ക് അവരുടെ പ്രാണനെ കളയുന്നു, അങ്ങനെ അവർക്ക് അത് ക്രിസ്തുവിൽ കണ്ടെത്താനാകും! കർത്താവേ, ഇത് അനുവദിച്ചാലും.

312 ഈ ദിവസം മുതൽ, ഇപ്പോൾ മുതൽ, അവരുടെ ചെറിയ ജീവിതങ്ങൾ മധുര്യവും വിനയം ഉള്ളതും, ആയിരിക്കട്ടെ. നീ അവരെ വീട്ടിലേക്ക് വിളിക്കുന്ന ദിവസം വരെ, അവർ മാതാപിതാക്കളോടും അവരുടെ സ്വർഗ്ഗീയ പിതാവിനോടും അനുസരണയുള്ള കുട്ടികളായിരിക്കട്ടെ. അവരുടെ ചെറിയ പുറം തൊലിയിൽ, എല്ലാ ചുഴികളിലൂടെയും അവരെ നയിച്ചാലും. ഓരോ തവണയും അത് ആ കുറ്റിച്ചെടിയുടെ ഇടയിൽ കുടുങ്ങുമ്പോൾ, ദൈവത്തിന്റെ ദൂതന്മാർ അതിനെ ദൈവത്തിന്റെ സ്നേഹത്തിന്റെ ഒഴുകുന്ന പ്രവാഹങ്ങളിലേക്ക് തള്ളിവിടട്ടെ. കർത്താവേ, ഇത് അനുവദിച്ചാലും. യാത്രയുടെ അവസാനത്തിൽ, അവർ സ്നേഹത്തിന്റെ ഒരു ഭവനം കണ്ടെത്താൻ ഇടയാകട്ടെ, അവരുടെ അമ്മയും അവരുടെ പ്രിയപ്പെട്ടവരും അവിടെ മഹത്വത്തിൽ, ആ ദിവസം, സ്വാഗതം ചെയ്യാൻ ദൈവം ഗേറ്റിൽ നിൽക്കാൻ ഇടയാകട്ടെ. ഇത് അനുവദിച്ചാലും, പിതാവേ.

313 ഞങ്ങളുടെ എല്ലാ പാപങ്ങളെയും അപരാധങ്ങളെയും ക്ഷമിക്കണമേ. ഈ ദിവസം മുതൽ പൂർണ്ണമായി അങ്ങയുടേതായി തീരാൻ ഞങ്ങളെ സഹായിക്കേണമേ. ഈ കൊച്ചുകുട്ടികളെ ഞങ്ങൾ ഇപ്പോൾ അങ്ങയുടെ കൈകളിൽ ഏല്പിക്കുന്നു. അവരോടൊപ്പമുള്ള ഈ അമ്മമാർ, കർത്താവേ, ഈ മാതൃദിനത്തിൽ അവർ ശരിയായ വിധത്തിലെ അമ്മമാരായി തീർന്ന്, അമ്മമാർക്ക് നൽകുന്ന ഈ

സ്മാരക സമയം. ഈ ദിവസം മുതൽ, അവർ മികച്ച അമ്മമാരായി, തീരാൻ ഇടയാകട്ടെ. കുട്ടികൾ ഇതിലും നല്ല കുട്ടികളായി തീരട്ടെ. കർത്താവേ, ഞങ്ങൾ എല്ലാവരും മെച്ചമായി തീർന്ന്, അങ്ങയെ നന്നേ സേവിക്കാൻ ഇടയാകട്ടെ. പിതാവേ, അത് അനുവദിച്ചാലും, ഇത് ഞങ്ങൾ യേശുവിന്റെ നാമത്തിൽ ചോദിക്കുന്നു. ആമേൻ.

ഇനി നമുക്ക് എല്ലാവർക്കും ഒരുമിച്ച് ഗാനം ആലപിക്കാം.

314 യേശു നിങ്ങളെ രക്ഷിച്ചു എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? നിങ്ങൾ എഴുന്നേറ്റു നിൽക്കുമ്പോൾ, യേശു ഇപ്പോൾ നിങ്ങളെ നിരീക്ഷിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? ഇപ്പോൾ *ഇതു* പോലെ അവനിലേക്ക് നിങ്ങളുടെ കൈ ഉയർത്തു. നിങ്ങൾ അപ്പനിലേക്കും അമ്മയിലേക്കും, അവർ എല്ലാവരിലേക്കും തിരിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ചുറ്റിനും തിരിഞ്ഞ് *ഈ* രീതിയിൽ നോക്കു. അമ്മയും അപ്പനും, ഇപ്പോൾ ഇങ്ങോട്ട് നോക്കിയാലും. ചെറിയ പെൺകുട്ടികളും ആൺകുട്ടികളും നിങ്ങൾ എല്ലാവരും എഴുന്നേറ്റു നിൽക്കു. ഇപ്പോൾ, ഇപ്പോൾ മുതൽ നിങ്ങൾ യേശുവിൽ വിശ്വസിച്ച്, യേശുവിനെ നിങ്ങളുടെ രക്ഷകനായി എത്രപേർ സ്വീകരിക്കുന്നു, അവൻ ചെറിയ മോശെയോട് ചെയ്തതു പോലെ നിങ്ങളെയും പരിപാലിക്കാൻ, നിങ്ങളുടെ കൈകൾ ഉയർത്തുന്നത് ഞങ്ങൾ കാണട്ടെ. നിങ്ങൾ ഓരോരുത്തരും. അത് നന്നായിരിക്കുന്നു! ഇപ്പോൾ എന്തു സംഭവിച്ചിരിക്കുന്നു? നിങ്ങൾ നിങ്ങളുടെ പ്രാണനെ രക്ഷിച്ചാൽ, നിങ്ങൾ എന്തു ചെയ്യും? [കൂട്ടായ്മ പറയുന്നു, "അതിനെ കളയും."—Ed.] അതിനെ കളയുന്നു. പക്ഷേ നിങ്ങൾ അത് യേശുവിന് കൊടുത്താൽ, എന്ത് സംഭവിക്കും? ["കണ്ടെത്തും."] നിങ്ങൾ അത് കണ്ടെത്തും. ഇപ്പോൾ, ഈ പ്രഭാതത്തിൽ യേശു നിങ്ങളെ കണ്ടെത്തിയാലോ? ഇപ്പോൾ നിങ്ങൾ യേശുവിന്റേതാണ്, അല്ലേ? നിങ്ങൾ യേശുവിന്റെ ചെറിയ ആൺകുട്ടിയും പെൺകുട്ടികളുമാണ്.

315 കണ്ണീരോടെ ഇവിടെ നിൽക്കുന്ന ഈ കൊച്ചു കുട്ടികളെ നോക്കു. എന്നോട് പറയൂ അത് ദൈവത്തിന് അറിയില്ലേ? ആമേൻ. നാളത്തെ സ്ത്രീകളും പുരുഷന്മാരും! നിൽക്കുന്നു.

പാപത്തിന്റെ വയലുകളിൽ നിന്നും അവരെ അകത്തു
  കൊണ്ടു വരു;
അവരെ കൊണ്ടു വരു, അവരെ കൊണ്ടു വരു,
ശിശുക്കളെ യേശുവിന്റെ അടുക്കൽ കൊണ്ടുവരു.

*ഓ, ഞാൻ യേശുവിനെ എങ്ങനെ സ്നേഹിക്കുന്നു*, ഇപ്പോൾ വേഗമാകട്ടെ!

ഓ,

നിങ്ങൾ എല്ലാവരും.

...ഞാൻ യേശുവിനെ എങ്ങനെ സ്നേഹിക്കുന്നു,

ഇപ്പോൾ നമ്മുടെ കൈകൾ ഉയർത്തി.

ഓ, ഞാൻ യേശുവിനെ എങ്ങനെ സ്നേഹിക്കുന്നു,
ഓ, ഞാൻ യേശുവിനെ എങ്ങനെ സ്നേഹിക്കുന്നു,
എന്തെന്നാൽ അവൻ എന്നെ മുൻസ്നേഹിച്ചു.

316 അത് മനോഹരമല്ലേ? ഇപ്പോൾ, *യേശു ലോകത്തിലെ ചെറിയ കുട്ടികളെ സ്നേഹിക്കുന്നു.* ഞങ്ങൾക്ക് ആ രാഗം തരൂ, സഹോദരി. ഇപ്പോൾ നിങ്ങൾ എല്ലാവരും നേരെ ചുറ്റി ഈ വഴി, എന്റെ അടുത്തേക്ക്, കുഞ്ഞ് പെൺകുട്ടികളേ. *ലോകത്തിലെ കൊച്ചു കുട്ടികളെ യേശു സ്നേഹിക്കുന്നു* എന്ന പാട്ട് പാടാൻ ഞാൻ ആഗ്രഹിക്കുന്നു. അത് എത്രപേർക്ക് അറിയാം? അങ്ങനെയാകട്ടെ, നമുക്ക് ഇപ്പോൾ പാടാം.

യേശു കൊച്ചു കുഞ്ഞുങ്ങളെ സ്നേഹിക്കുന്നു,
ലോകത്തിലെ എല്ലാ കുഞ്ഞുങ്ങളെയും;
ചുവപ്പും മഞ്ഞയും, കറുപ്പും വെളുപ്പും, അവർ്യ അവന്റെ ദൃഷ്ടിയിൽ വിലപ്പെട്ടതാണ്,
യേശു ലോകത്തിലെ കൊച്ചു കുഞ്ഞുങ്ങളെ സ്നേഹിക്കുന്നു.

317 ഇപ്പോൾ, നിങ്ങളെല്ലാവരും ഇപ്പോൾ സൈന്യത്തിലാണ്. നിങ്ങൾക്ക് അത് അറിയാമോ? നിങ്ങൾ ദൈവത്തിന്റെ സൈന്യത്തിലാണെന്ന് നിങ്ങൾക്ക് അറിയാമോ? ഇപ്പോൾ, ഇപ്പോൾ നിങ്ങൾ എന്നെ നേരെ നോക്കു. ഇപ്പോൾ എന്നോടൊപ്പം ഇത് പാടൂ, കാരണം നിങ്ങൾ ഇപ്പോൾ പടയാളികളാണ്. നിങ്ങൾക്ക് അത് അറിയാമോ? ക്രൂശിന്റെ പടയാളികൾ! ഇപ്പോൾ, *ഞാൻ ഒരിക്കലും മാർച്ച് ചെയ്യാതെ*...ആ ഒന്ന് നിങ്ങൾക്കറിയാമോ? അങ്ങനെയാകട്ടെ. ശരിയാണ്, വളരെക്കാലം മുമ്പ്, പണ്ട് ഞാൻ പഠിച്ച സണ്ടേസ്കൂൾ പാട്ടാണ്.

ഒരുപക്ഷേ ഞാൻ ഒരിക്കലും...

ഇപ്പോൾ നിങ്ങൾ, എന്നോടൊപ്പം ഇപ്പോൾ. [*ഞാൻ കർത്താവിന്റെ സൈന്യത്തിലാണ്* എന്നു പാടുമ്പോൾ ബ്രദർ ബ്രൺഹാം ആംഗ്യം കാണിക്കുന്നു—Ed.]

ഞാൻ ഒരിക്കലും കാലാൾപ്പടയിൽ മാർച്ച് ചെയ്യേന്നു വരില്ല,
അശ്വസേനയിൽ സവാരി ചെയ്ത്, യുദ്ധായുധങ്ങളാൽ വെടിവയ്ക്കുന്നു;
എനിക്ക് ഒരിക്കലും ശത്രുവിന് മുകളിലൂടെ പറക്കാൻ കഴിയില്ലായിരിക്കാം,
എന്നാൽ ഞാൻ കർത്താവിന്റെ സൈന്യത്തിലാണ്.

ഞാൻ കർത്താവിന്റെ സൈന്യത്തിലാണ്,
ഓ, ഞാൻ കർത്താവിന്റെ സൈന്യത്തിലാണ്!

ഇപ്പോൾ എന്നോടൊപ്പം ചേർന്നു പാടൂ. ഇപ്പോൾ എല്ലാവരും ഒരുമിച്ച്. ഇപ്പോൾ!

ഞാൻ ഒരിക്കലും കാലാൾപ്പടയിൽ മാർച്ച് ചെയ്യേന്നു വരില്ല,
അശ്വസേനയിൽ സവാരി ചെയ്ത്, യുദ്ധായുധങ്ങളാൽ വെടിവയ്ക്കുന്നു;
എനിക്ക് ഒരിക്കലും ശത്രുവിന് മുകളിലൂടെ പറക്കാൻ കഴിയില്ലായിരിക്കാം,
എന്നാൽ ഞാൻ കർത്താവിന്റെ സൈന്യത്തിലാണ്.

318 നിങ്ങൾക്ക് ഇത് തന്നെത്താൻ എന്നോടൊപ്പം പാടാൻ കഴിയുമെന്ന് നിങ്ങൾ വിശ്വസിക്കുന്നോ? ഇങ്ങോട്ട് വരൂ, ഇളം പെൺകുഞ്ഞേ, നേരെ ഇങ്ങോട്ട് മുകളിലേക്ക് വരൂ. ഇപ്പോൾ ഞാൻ ചെയ്യുന്ന അതേ ആംഗ്യങ്ങൾ നിങ്ങൾ എല്ലാവരും കാണിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ, ഇവിടെ അൾത്താരയുടെ പിന്നിൽ, ചുറ്റിനുമായി വരൂ. നേരെ ഇവിടെ കയറി വരൂ. നിങ്ങൾ ഓരോരുത്തരും, ഞാൻ ആയിരിക്കുന്ന ഇവിടെ മുകളിലേക്ക് നീങ്ങൂ, നോക്കൂ. ഇവിടെ വരിവരിയായി വരൂ; ആരും തന്നെ അൾത്തായുടെ പുറത്ത് നിൽക്കണ്ട. നേരെ ഇവിടെ എന്റെ അടുത്ത് വരൂ. അത്രയേയുള്ളൂ. ശരി. ശരിക്കും *ഇതു* പോലെ. ഇനി *ഇതു* പോലെ തിരിഞ്ഞു നോക്കി, ഈ സദസ്സിനെ നോക്കൂ, *ഇതു* പോലെ. അത്രയേയുള്ളൂ. യേശുവിനെ അറിഞ്ഞ ശേഷം നല്ല ആൺകുട്ടികളും പെൺകുട്ടികളും എന്താണ് ചെയ്യുന്നതെന്ന് നിങ്ങളെ കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ, ആൺകുട്ടികളും പെൺകുട്ടികളും, നേരെ ഇവിടെ തിരികെ വരൂ. ഇപ്പോൾ നിങ്ങൾ...അത്രയേയുള്ളൂ. ഇപ്പോൾ അവിടെ കാണാൻ കഴിയും.

319 ഇപ്പോൾ ഞാൻ പറയുമ്പോൾ, "ഞാൻ ഒരിക്കലും കാലാൾപ്പടയിൽ മാർച്ച് ചെയ്യേന്നു വരില്ല," നിങ്ങൾ...

"കാലാൾപ്പടയിൽ മാർച്ച് ചെയ്യും," നിങ്ങളും കൂടെ, മാർച്ച് ചെയ്യൂ. ഞാൻ പറയുകയാണ്, "അശ്വസേനയിൽ സവാരി ചെയ്തില്ലെങ്കിലും," ഞാൻ കാണിക്കുന്നതു പോലെ തന്നെ നിങ്ങളും ചെയ്യണം. ഇപ്പോൾ എന്നിൽ നിന്ന് അകന്നു നിൽക്കൂ, വളരെ പിന്നിൽ, സ്ഥലം ഉണ്ടാക്കിക്കൊള്ളൂ. പുറകിലേയ്ക്ക് പോയി, വളരെ പുറകിൽ, ഇപ്പോൾ നിങ്ങൾ തയ്യാറായിരിക്കുന്നു. ഇപ്പോൾ വേഗമാകട്ടെ, നമുക്ക് ഇത് പാടാം. [ബ്രദർ ബ്രൺഹാമും കുട്ടികളും പാടുമ്പോൾ ചലനങ്ങൾ നടത്തുന്നു—Ed.]

ഞാൻ ഒരിക്കലും കാലാൾപ്പടയിൽ മാർച്ച് ചെയ്യുന്നവരില്ല, (ശ്രദ്ധിക്കൂ!)
അശ്വസേനയിൽ സവാരി ചെയ്ത്, യുദ്ധായുധങ്ങളാൽ വെടിവയ്ക്കുന്നു;
എനിക്ക് ഒരിക്കലും ശത്രുവിന് മുകളിലൂടെ പറക്കാൻ കഴിയില്ലായിരിക്കാം,
എന്നാൽ ഞാൻ കർത്താവിന്റെ സൈന്യത്തിലാണ്.

ഓ, ഞാൻ കർത്താവിന്റെ സൈന്യത്തിലാണ്,
ഞാൻ കർത്താവിന്റെ സൈന്യത്തിലാണ്! (തയ്യാറായി!)

ഞാൻ ഒരിക്കലും കാലാൾപ്പടയിൽ മാർച്ച് ചെയ്യുന്നവരില്ല,
അശ്വസേനയിൽ സവാരി ചെയ്ത്, യുദ്ധായുധങ്ങളാൽ വെടിവയ്ക്കുന്നു;
എനിക്ക് ഒരിക്കലും ശത്രുവിന് മുകളിലൂടെ പറക്കാൻ കഴിയില്ലായിരിക്കാം,
എന്നാൽ ഞാൻ കർത്താവിന്റെ സൈന്യത്തിലാണ്.

320 ആമേൻ! അനങ്ങാതെ നിൽക്കൂ. അത് എത്രപേർ ഇഷ്ടപ്പെടുന്നു? പറയൂ, "ആമേൻ."

321 ഇപ്പോൾ, സ്വർഗ്ഗീയ പിതാവേ, ഇന്ന് ഈ കൊച്ചു കുഞ്ഞുങ്ങളെ അനുഗ്രഹിക്കേണമേ. കർത്താവേ, അവർ അങ്ങയുടേതാണ്. അവർ അവരുടെ ജീവൻ അങ്ങേയ്ക്കു നൽകിയിരിക്കുന്നു. മോശെയുടെ ചെറിയ കഥയും നീ അവനെ എങ്ങനെ സംരക്ഷിച്ചു എന്നും അവർ കേട്ടിരിക്കുന്നു. അവരുടെ അഭയകേന്ദ്രമായി അവരെ സഹായിച്ച് വളർത്തിയ ഒരു നല്ല അമ്മയെയും നല്ല അപ്പനെയും കുറിച്ച് അവർ കേൾക്കുന്നു. അതുപോലെ തന്നെ ഈ കൊച്ചു കുട്ടികൾക്ക് നല്ല അമ്മമാരും അപ്പന്മാരുമുണ്ട്. പിതാവേ, നീ അവരെ നിരീക്ഷിക്കുകയും സമയത്തിന്റെ പ്രവാഹത്തിലേക്ക് അവരെ നയിക്കുകയും ചെയ്യട്ടെ,

എന്നു ഞാൻ പ്രാർത്ഥിക്കുന്നു, ദൈവത്തിന്റെ ദൂതന്മാർ അവരെ സംരക്ഷിക്കാൻ ഇടയാകട്ടെ. കൊടുത്ത്...കർത്താവേ, നിന്റെ രാജ്യത്തിലേക്ക്, അവസാന നാളുകളിൽ അവരെ സ്വീകരിക്കാൻ, സ്വീകരിക്കുന്ന അറ്റത്ത് ആയിരിക്കേണമേ. ക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ ചോദിക്കുന്നു. ആമേൻ.

322 ഇപ്പോൾ നിങ്ങൾക്ക് നിങ്ങളുടെ ഇരിപ്പിടങ്ങളിൽ പോയി അപ്പനോടും അമ്മയോടും നിങ്ങൾക്ക് എത്ര നന്നായി അനുഭവപ്പെടുന്നു എന്നു പറയാം. ആമേൻ.

323 "അവരുടെ അലഞ്ഞു തിരിയുന്ന ദിവസങ്ങളിലെല്ലാം അവരെ നയിച്ചു." (അതും, നിങ്ങൾക്കറിയാമോ?)

...അവരുടെ അലഞ്ഞു തിരിയലിൽ അവരെ നയിച്ചു,
വാഗ്ദത്ത ദേശത്തേക്ക് അവരെ നയിച്ചു;
കർത്താവിന്റെ കരത്താൽ ഉറപ്പായ മാർഗനിർദ്ദേശത്താൽ,
അവരെ കനാൻ തീരത്തേക്ക് കൊണ്ടുവന്നിരിക്കുന്നു.

എല്ലാവരും!

രാത്രിയിൽ അഗ്നിയുടെ അടയാളത്താലും,
പകൽ മേഘത്തിന്റെ അടയാളത്താലും,
തൊട്ടു മുന്നിലായി, മേലേ വട്ടമിട്ട് പറന്ന്,
അവർ നമ്മുടെ വഴിയിൽ യാത്ര ചെയ്യുമ്പോൾ,
ഒരു വഴികാട്ടിയും നേതാവും ആയിരിക്കുമോ,
മരുഭൂമി കടന്നുപോകും വരെ,
നമ്മുടെ ദൈവമായ, കർത്താവ്, അവന്റെ നല്ല സമയത്ത്
അവസാനം നമ്മെ വെളിച്ചത്തിലേക്ക് നയിക്കും.

324 ഈ പ്രഭാതത്തിൽ രോഗികളായി പ്രാർത്ഥന ആഗ്രഹിക്കുന്ന എത്ര പേരുണ്ട്? ഞങ്ങൾ നിങ്ങളുടെ കൈ കാണട്ടെ. ഞങ്ങൾ അല്പം വൈകിപ്പോയതിനാൽ, ഇന്ന് രാത്രി വരെ ഞങ്ങൾ രോഗശാന്തി ശുശ്രൂഷ നിർത്തിവച്ചേക്കാം, ഇപ്പോൾ ഒരു വാക്ക് പ്രാർത്ഥിക്കുകയാണ്, കാരണം ഞങ്ങൾ അല്പം വൈകിപ്പോയി.

325 നിങ്ങൾ ചെറിയ കഥ ആസ്വദിച്ചോ? [കൂട്ടായ്മ പറയുന്നു, "ആമേൻ!"—Ed.] കൊച്ചു കുട്ടികൾക്ക് ഇത് നല്ലതായിരുന്നു എന്നു നിങ്ങൾ കരുതുന്നുണ്ടോ? ["ആമേൻ!"] അതെ. ഞങ്ങൾ—ഞങ്ങൾ അവരെ പലതവണ വിട്ടു കളയുന്നു. നമ്മൾ അത് ചെയ്യാൻ പാടില്ലാത്തതാണ്. നോക്കൂ, സണ്ടേസ്കൂൾ പഠിപ്പിക്കാൻ എനിക്ക്

ഒരിക്കലും അവസരം ലഭിക്കുന്നില്ല, ഇന്ന് രാവിലെ അവരോട് സംസാരിക്കാനുള്ള സമയമായിരുന്നു. നിങ്ങളെ ക്ഷീണിപ്പിക്കാൻ ഞാൻ ആഗ്രഹിച്ചില്ല, പക്ഷേ ഈ ചെറിയ കഥ നിങ്ങളോട് പറയാൻ ഞാൻ ആഗ്രഹിച്ചിരുന്നു.

326 ഓർക്കു, കുഞ്ഞുങ്ങളേ, നിങ്ങൾ എവിടെയെങ്കിലും വായിച്ച ഒരു ചെറിയ പഴങ്കഥയല്ല ഇത്. അത് സത്യമാണ്. അത് സത്യമാണ്! ദൈവം അത് ചെയ്തു. അവൻ ഇപ്പോൾ *നിങ്ങളോടൊ*പ്പമുണ്ട്. അങ്ങനെയാകട്ടെ.

327 നമ്മുടെ പിരിച്ചുവിടൽ പാട്ട് പാടുമ്പോൾ നമുക്ക് നമ്മുടെ തലകളെ കുനിക്കാം, പതുക്കെ, "സകല ശത്രുക്കളിൽ നിന്നും ഒരു കവചമായി, യേശുവിൻ നാമത്തെ നിങ്ങളോടൊപ്പം എടുക്കുക." അങ്ങനെയാകട്ടെ.

യേശുവിൻ നാമത്തെ നിങ്ങളോടൊപ്പം എടുത്തുകൊൾക,
സങ്കടത്തിന്റെയും കഷ്ടപ്പാടിന്റെയും കുഞ്ഞിനെ.

***മോശെയെക്കുറിച്ചുള്ള അധ്യാപനം*** MAL56-0513

(Teaching On Moses)

ഈ സന്ദേശം ബ്രദർ വില്യം മാരിയൺ ബ്രൺഹാം, ആദ്യം ഇംഗ്ലീഷിൽ പ്രസംഗിച്ചത്, 1956, മെയ് 13, ഞായറാഴ്ച രാവിലെ, അമേരിക്കൻ ഐക്യനാട്ടിലെ, ഇൻഡ്യാനെയിലുള്ള, ജെഫെർസൺവില്ലെ, ബ്രൺഹാം ടെബർണക്കിളിൽ വെച്ച്, കാന്ത ശക്തിയുള്ള ടേപ്പിൽ നിന്നും കൃത്യമായി പകർത്താനുള്ള സകല പ്രയത്നവും ചെയ്തിരിക്കുന്നു. ഈ മലയാളം പരിഭാഷ വോയിസ് ഓഫ് ഗോഡ് റിക്കോർഡിംഗ്സിൽ നിന്നും പ്രസിദ്ധീകരിച്ചു വിതരണം ചെയ്യുന്നു.

MALAYALAM

©2022 VGR, ALL RIGHTS RESERVED

Voice Of God Recordings, India Office
19 (New No: 28) Shenoy Road, Nungambakkam
Chennai 600 034, India
044 28274560 • 044 28251791
india@vgroffice.org

Voice Of God Recordings
P.O. Box 950, Jeffersonville, Indiana 47131 U.S.A.
www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.

For more information or for other available material, please contact:

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org